Reg. No. C. 101 M. 2293

ഒററപ്രതിക്കു് 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 കുംഭം 25 | ലക്കം 28



പോപ്പുരാജൻ വിജയിപ്പൂതാക!

# പന്ത്രണ്ടാംപീയൂസ്

## ടൈപ്പ്റൈറ്റർ ഉപയോഗിച്ച ആദ്യത്തെ പാപ്പാ

(എം. എ ചാക്കൊ ബി. എ.)

കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ മാത്രമല്ല പിയൂസ് പന്ത്രണ്ടാമൻ ഭുവനവിദിതനായിരിക്കുന്നതു്. വിശ്വമാകെ ശാന്തിയുടെ കിരണകന്ദളങ്ങൾ പൊഴിച്ചുകൊണ്ടിരിക്കുന്ന സാത്വികനായ സമാധാനവാഹകൻ എന്ന നിലയിലും അവിടുന്നു് സർവ്വത്ര പ്രകീർത്തിതനാണു്. ലോകഭാഗധേയങ്ങളെ നയിച്ചുകൊണ്ടിരിക്കുന്ന 25 ഭരണാധികാരികളിൽ ഒരുവനായി മാർപ്പാപ്പായെ ഏതാനും പത്രലേഖകന്മാർ ചിത്രീകരിച്ചിരിക്കുന്നതും സ്മരണീയമാകുന്നു.

ആധുനിക നയതന്ത്രജ്ഞന്മാരുടെ ഗണനാപ്രസംഗത്തിലും അദ്വിതീയസ്ഥാനം കൈവരിച്ചിട്ടുള്ള 12-ാം പിയൂസ് യഥാകാലം ധാർമ്മികമായ അടവുകൾ സ്വീകരിക്കുന്നതിൽ അതുല്യമായ മതിപ്രകർഷം പ്രദർശിപ്പിക്കുന്നു; ധാർമ്മികസിദ്ധാന്തങ്ങൾ നടപ്പിലാക്കാൻ വേണ്ടി വിശ്രമവും വിരാമവും ഇല്ലാതെ അദ്ധ്വാനിക്കുന്നു. അദ്ദേഹത്തിന്റെ ഉന്നതമായ സമാധാനകാംക്ഷയെ അതിശയിക്കുന്നതു് അയവില്ലാത്ത നിശ്ചയദാർഢ്യം ഒന്നുമാത്രമാകുന്നു.

ആഗോളവ്യാപിയായ സഭയുടെ ദൈനംദിനഭരണംതന്നെ അതീവശ്രമാവഹമാണു്. അക്കൂട്ടത്തിൽ കമ്മ്യൂണിസാദി മാരകപ്രസ്ഥാനങ്ങളാൽ കൊട്ടാപിരിക്കൊണ്ടിരിക്കുന്ന വർത്തമാന കാലഘട്ടത്തിൽ ധാർമ്മികനൗകയെ യഥായോഗ്യം നയിക്കുന്നതിനുള്ള പ്രയാസം ഊഹിക്കുകയേ വേണ്ടു.

കത്തോലിക്കാസഭ ഇന്നു് ദുർഘടപൂർണ്ണമായ ഒരു പരീക്ഷണഘട്ടത്തെയാണു് തരണംചെയ്തുകൊണ്ടിരിക്കുന്നതു്. റഷ്യയുടെ നേതൃത്വത്തെ അംഗീകരിക്കുന്ന രാഷ്ട്രങ്ങൾ സഭയ്ക്കെതിരായി കഠോരാട്ടഹാസം മുഴക്കിക്കൊണ്ടിരിക്കുന്നു. കർദ്ദിനാൾ മിൻസെന്തിയുടെ വിചാരണയും ശിക്ഷയും സത്യൈകസഭയോടുള്ള ഒരു കരാളചോദ്യചിഹ്നമായി നിലകൊള്ളുന്നു. ഉത്തരചൈന, അൽബേനിയ എന്നീ രാജ്യങ്ങളിലെ അഗ്നിപരീക്ഷണങ്ങളും ഭയങ്കരങ്ങൾതന്നേ. ചുരുക്കിപ്പറഞ്ഞാൽ കമ്മ്യൂണിസ്റ്റധീനരാജ്യങ്ങളിലെ 6 കോടി കത്തോലിക്കരും കമ്മ്യൂണിസവും തമ്മിലുള്ള ഒരു സന്ധിയില്ലാസമരം പിയൂസ് 12-ാമന്റെ ശ്രദ്ധയെ മുഴുവൻ ആവശ്യപ്പെടുന്നു. ഈ വ്യത്യസ്തസാഹചര്യങ്ങൾ, ഒരു മൂന്നു കൊല്ലത്തോളമായിട്ടു് പാപ്പായെ സമരനിരതനാക്കിത്തീർത്തിരിക്കുന്നുവെന്നാണു് നിരീക്ഷകന്മാരുടെ അഭിപ്രായം.

നീതിയുടെ പരിണതഫലം ശാന്തി—ഇതാണല്ലോ പിയൂസ് തിരുമേനിയുടെ മുദ്രാവാചകം. രണ്ടാം ലോകസമരപര്യന്തം സമാധാനപ്രേരിതമായ നയംതന്നെയാണു് അവിടുന്നു് അനുസന്ധാനംചെയ്തതു്. അദ്ദേഹം പറഞ്ഞു: "അപകടങ്ങൾ അനവധിയും പ്രത്യാസന്നവുമാണു്; സമാധാനംകൊണ്ടു് യാതൊന്നും നഷ്ടപ്പെടുന്നില്ല; പ്രത്യുത യുദ്ധംകൊണ്ടു് സകലതും നഷ്ടപ്പെട്ടേക്കും."

പക്ഷേ, സമാധാനദൂതൻ ഇന്നു പോരാളിയാണു്. ധാർമ്മികചൈതന്യത്തിനു പുറമെ അദ്ദേഹം ബാഹ്യശക്തിയെയും ആശ്രയിക്കുന്നു. കമ്മ്യൂണിസത്തെ ചെറുക്കുവാൻ ഇതുകൂടാതെ സാദ്ധ്യമല്ല. വേണ്ടിവന്നാൽ ശക്തി പ്രയോഗിക്കേണ്ടതു് ക്രൈസ്തവലോകത്തിന്റെ കർത്തവ്യംമാത്രമാണു്.

ജോലിത്തിരക്കുള്ള വിശ്വമഹാരഥന്മാരിൽ അഗ്രഗണ്യനാണു് പന്ത്രണ്ടാം പിയൂസ്. ഈ 73-ാമത്തെ വയസ്സിൽ—അതേ പലരും വിശ്രമത്തിന്റെ മടിയിലേക്കു ചാഞ്ഞുകഴിഞ്ഞിരിക്കുന്ന പ്രായത്തിൽ—അവിടുന്നു് യുവസഹജമായ ചുറുചുറുക്കോടും ചുണയോടുംകൂടി ജോലി ചെയ്യുന്നു. ഉള്ളതിൽ 10 കൊല്ലം കുറച്ചേ പ്രായം തോന്നിക്കുകയുള്ളു. മുടി അല്പം ഒന്നു നരച്ചിട്ടുണ്ടു്. അത്രേയുള്ളു. ഗണ്ഡങ്ങളിലും ഫാലത്തിലും കാണുന്ന ചുളിവുകൾ വാർദ്ധക്യത്തെയല്ലാ ദ്യോതിപ്പിക്കുന്നതു്; ചിന്താവ്യാപാരത്തെയാണു്. വൈകുന്നേരം ഒരു മണിക്കൂർ വിശ്രമമേയുള്ളു—വത്തിക്കാൻ ഉപവനത്തിൽക്കൂടി ഉലാത്തുമ്പോൾ. അപ്പോഴും ഓരോ രേഖാപ്രമാണങ്ങൾ കൈയിലേന്തിപഠിക്കുകയായിരിക്കും. രാത്രിയിൽ $5\frac{1}{2}$ മണിക്കൂറേ ഉറക്കമുള്ളു. അടുത്തു പരിചയിച്ചിട്ടുള്ളവരോടു ചോദിച്ചാൽ പറയും, ജോലിയാണു് വിശ്രമത്തെക്കാൾ ആ കർമ്മയോഗിക്കു് ഹർഷപ്രദമെന്നു്.

കൃത്യം 7 മണിക്കു് പിയൂസ് തിരുമേനി പള്ളിക്കുറുപ്പുണർന്നു് മൂന്നാംനിലയിലെ ഉറക്കറയുടെ തൊട്ടടുത്തുള്ള കപ്പേളയിൽ കുർബാനചൊല്ലുന്നു. വ്യായാമാനന്തരമാണു് പ്രാതഃഭക്ഷണം—കാപ്പിയും റൊട്ടിയും വെണ്ണയും. മണി എട്ടടിക്കുമ്പോൾ തന്റെ ഡസ്കിന്റെ പിമ്പിൽ അവിടുന്നു് ഉപവിഷ്ടനാകുന്നു. അവിടെയുള്ള ചെറുമുറികളിലെല്ലാം സ്വകാര്യപഠനത്തിനുള്ള ഗ്രന്ഥസഞ്ചയങ്ങളാണു്. ഇവിടെയാണു് അദ്ദേഹം ഭൂരിസമയവും ചെലവഴിക്കുന്നതു്. ഏതാനും ചില ആപ്തന്മാരൊഴിച്ചു് ആർക്കും ആ "അണിയറ"യിൽ പ്രവേശനമില്ല.

ഇററാല്യൻ കമ്മ്യൂണിസ്റ്റുകളുടെയും സോഷ്യലിസ്റ്റ് ഇടതുപക്ഷത്തിന്റെയും പത്രങ്ങൾ വായിച്ചു് അവരുടെ നയപരിപാടികൾ മനസ്സിലാക്കാൻ സുമാർ ഒരു മണിക്കൂർ ചെലവാകും. പിന്നീടു്, ഇററലിയിലെ മററു പത്രങ്ങളിൽനിന്നും വിദേശപത്രങ്ങളിൽനിന്നും പ്രത്യേകം വെട്ടിയെടുത്തിട്ടുള്ള ഭാഗങ്ങളും, പ്രധാന പ്രക്ഷേപണങ്ങളുടെ ടൈപ്പുചെയ്ത സംഗ്രഹവും സാവകാശം അവലോകനംചെയ്യുകയായി. മേൽപ്പറഞ്ഞവ തയ്യാറാക്കിക്കൊണ്ടു് സ്വകാര്യോദ്യോഗസ്ഥന്മാർ 7 മണിക്കു മുറിയിൽ എത്തിക്കഴിയും. ഒൻപതുമണിക്കു അല്പം മുൻപായി അവിടുന്നു് രണ്ടാംനിലയിലെ പഠനമുറിയിലേക്കു് ഇറങ്ങുന്നു. കൂടിക്കാഴ്ചകളുടെ രംഗമാണതു്. മതപരമെന്നതിനെക്കാൾ നയതന്ത്രപ്രധാനമായ കാര്യങ്ങളാണു് അവിടെ ചെയ്യാനുള്ളതു്. കാർഡിനൽ മലിയോനേ 1944-ൽ ദിവംഗതനായശേഷം മാർപാപ്പാതന്നേ സ്റ്റേയിററു് സെക്രട്ടറിയുടെ ജോലിയും നിർവ്വഹിച്ചുപോരുന്നു.

മണി ഒന്നാകുമ്പോഴേക്കും അവസാനസന്ദർശകനും പോയിക്കഴിയും. പക്ഷേ തിരുമേനിയുടെ ദിനപരിപാടിയിൽ മൂന്നിലൊന്നേ തീർന്നിട്ടുള്ളു. അവിടുന്നു് മൂന്നാംനിലയിലെ സ്വകാര്യമുറിയിലേക്കു് പ്രത്യാഗമിക്കുന്നു. ഒരു മണിക്കൂർ കഴിയുമ്പോൾ ഉച്ചഭക്ഷണത്തിനിരിക്കും. കുറേ മാംസം, മുട്ട, സസ്യങ്ങൾ, കായ്കൾ ഇത്രയുമേ ഉള്ളു അമൃതേത്തിനു്. സ്വിസ് കന്യാസ്ത്രീകളുടെ മേൽനോട്ടത്തിലാണു് ഭക്ഷണം പാകംചെയ്യുക.

വത്തിക്കാൻ തോട്ടത്തിൽക്കൂടി ഉലാത്തിയിട്ടു് അവിടുന്നു് ഭരണകാര്യങ്ങളിൽ ശ്രദ്ധപതിക്കുന്നു. അദ്ദേഹം അപ്പോൾ പേനാ ഉപയോഗിക്കുന്നില്ല; എല്ലാത്തിനും ടൈപ്പ്റൈറ്റർ തന്നെ. ടൈപ്പ്റൈറ്റർ ഉപയോഗിക്കുന്ന ആദ്യത്തെ പാപ്പായും അവിടുന്നാണു്. സ്റ്റേയിററു് സെക്രട്ടറി ആയിരുന്നപ്പോൾ തുടങ്ങിയതാണു് ടൈപ്പ്റൈറ്ററിന്റെ ഉപയോഗം. സ്വകാര്യസംഭാഷണങ്ങൾക്കായി വിവിധ ഓഫീസുകളെയും ഘടിപ്പിക്കുന്ന ടെലഫോൺ സജ്ജമാക്കിയിട്ടുണ്ടു്. അതിന്റെ കമ്പികൾ വത്തിക്കാൻ സ്വിച്ചുബോർഡിൽക്കൂടി കടന്നുപോകുന്നില്ല. കൂടെക്കൂടെ ഫോണിൽ സംസാരിക്കാറുണ്ടെങ്കിലും വത്തിക്കാൻ രാജ്യത്തിനു വെളിയിലേക്കു് ഒരു ഫോൺവിളിയും നടത്തുന്നില്ലെന്നുള്ളതും സ്മരണീയമാണു്.

രണ്ടുമണിയോടുകൂടിയാണു് ഊണു കഴിക്കുന്നതെന്നു് പറഞ്ഞുവല്ലോ. ഒന്നരവരെ പിടിപ്പതു ജോലിയാണു്. വിവിധ സംഘടനകളുടെ റിപ്പോർട്ടു വായിച്ചു് അന്തിമതീരുമാനം ചെയ്യുക, അടുത്തുചെയ്യാനുള്ള പ്രസംഗങ്ങൾ എല്ലാം എഴുതിത്തയ്യാറാക്കുക, സന്യാസസഭാധിപന്മാരുടെയും ബിഷപ്പന്മാരുടെയും അഭിപ്രായങ്ങളെ അപഗ്രഥനംചെയ്യുക എന്നിവയാണു് അപ്പോൾ ചെയ്തുതീർക്കുന്ന ജോലി.

വത്തിക്കാനിലെ എല്ലാ പ്രവർത്തനങ്ങളുടെയും തലവൻ മാർപ്പാപ്പാ തിരുമേനിയത്രെ. എന്നാൽ ആ വിപുലമായ ജോലിയെല്ലാം ഒരൊററ മനുഷ്യനു് ചെയ്തുതീർക്കാവതല്ല. ക്യാബിനററിനോടു തുലനംചെയ്യാവുന്ന കോൺഗ്രിഗേഷനുകൾക്കായി വിവിധ വകുപ്പുകൾ വിഭജിച്ചുകൊടുത്തിരിക്കുകയാണു്. അവിടുന്നു് സൂക്ഷ്മദൃഷ്ടിയോടെ അവയെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. അവിടുത്തെ അംഗീകരണം കൂടാതെ സുപ്രധാനതീരുമാനങ്ങളൊന്നും ചെയ്യുന്നതല്ല. മോൺ. ടാർദീനിയും (അസാധാരണ സഭാകാര്യങ്ങളുടെ സെക്രട്ടറി) മോൺ. മൊന്തീനിയും (സാമാന്യകാര്യവകുപ്പദ്ധ്യക്ഷൻ) ആണു് 12-ാം പിയൂസിന്റെ ഏററം ഉററ സഹപ്രവർത്തകർ. നയതന്ത്രമേഖലയിൽ മാർപാപ്പായുടെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതു് അവരിരുവരുമാണു്.

പോപ്പും വത്തിക്കാൻപ്രതിനിധികളും തമ്മിൽ സമ്പർക്കം പാലിക്കുന്നതിനു് സഹായിക്കുന്ന ഒരു ചെയിസൺ ഉദ്യോഗസ്ഥനാണു് ടാർദീനി; ഒരു അണ്ടർ സെക്രട്ടറി ഓഫ് സ്റ്റേയിററിന്റെ ജോലിയാണെന്നു പറയാം. ഇററലിയിലും വിദൂരത്തിലും ഉള്ള വൈദികരും വത്തിക്കാനും തമ്മിലുള്ള പ്രായോഗികവും മതേതരവും ആയ പ്രശ്നങ്ങളുടെ പര്യവലോകനമാണു മൊന്തീനിയുടെ ഔദ്യോഗികകൃത്യം. ഒന്നിടവിട്ടദിവസങ്ങളിൽ രാവിലെ അവർ പോപ്പിനു് റിപ്പോർട്ടു സമർപ്പിച്ചുകൊണ്ടിരിക്കുന്നു.

വിശ്വസംഭവവികാസങ്ങളിൽ പോപ്പിനുള്ള പരിജ്ഞാനം സന്ദർശകരെ അത്ഭുതസ്തിമിതരാക്കാൻ പര്യാപ്തമാണു്. ക്ഷോണിയുടെ വിവിധകോണങ്ങളിലും സംഭവിക്കുന്ന കാര്യങ്ങൾ അവിടുന്നു് യഥാകാലം ഗ്രഹിക്കുന്നു. നാല്പത്തിമൂന്നു അപ്പൊസ്തോലിക് നൺസിയേച്ചറിൽനിന്നും 23 അപ്പൊസ്തോലിക് ഡെലിഗേഷനിൽനിന്നും വൃത്താന്തങ്ങൾ, കോഡും കേബിളും വഴിയായി വത്തിക്കാനിലേക്കു പാഞ്ഞുകൊണ്ടിരിക്കുകയാണു് അനുദിനം. വികാരിമാരിൽനിന്നും കിട്ടുന്ന അറിവുകളെ ആസ്പദമാക്കി 1358-ഓളം പാത്രിയർക്കന്മാരും മെത്രാപ്പോലീത്തമാരും മെത്രാന്മാരും അയക്കുന്ന റിപ്പോർട്ടുകളും അവിടുത്തേക്കുള്ള നിയതമായ വിജ്ഞാനമാർഗ്ഗങ്ങളാണു്. കൂടാതെ 244 അപ്പൊസ്തോലിക് വികാരിയാത്തുകളും പ്രേഷിതരംഗങ്ങളിലെ 129 അപ്പൊസ്തോലിക് പ്രിഫെക്ചേഴ്സും വിജ്ഞാനപ്രദായകങ്ങളായ സ്രോതസ്സുകളാകുന്നു.

സെക്രട്ടേറിയററിലെ ഉദ്യോഗസ്ഥന്മാരെല്ലാവരും പരിപൂർണ്ണരഹസ്യം പാലിക്കാൻ കടപ്പെട്ടവരാണു്. വത്തിക്കാനിലേക്കു ദിവസംതോറും എന്തുമാത്രം കത്തുകളും കമ്പികളും വന്നു് കുന്നുകൂടുന്നുവെന്നു് നിർണ്ണയിക്കുക സുസാദ്ധ്യമല്ല. വിദഗ്ദ്ധന്മാർ, കമ്പികളും റിപ്പോർട്ടുകളും ഇററാലിയനിലേക്കു് വിവർത്തനം ചെയ്യുന്നു. ഇവയെല്ലാം മൊന്തീനി വായിച്ചുനോക്കി പോപ്പിനു് സംഗ്രഹം അയക്കും.

അഭിമുഖസന്ദർശനങ്ങളും കാര്യഗ്രഹണത്തിനുള്ള മറെറാരു ഉപാധിയാണു്. പാലസ്റ്റൈൻ, ഗ്രീസ്, ബർലിൻ എന്നിവിടങ്ങളിൽ പര്യടനം നടത്തിയ ഒരു പത്രപ്രവർത്തകനു് 48 മണിക്കൂറിനുള്ളിൽ സന്ദർശനാനുവാദം നല്കാൻ പോപ്പിനെ പ്രേരിപ്പിച്ചതു് ഏതദ്രാജ്യങ്ങളിലെ സംഭവവികാസഗ്രഹണാഭിവാഞ്ഛയല്ലാതെ മറെറാന്നുമല്ല. പിയൂസ് തിരുമേനിയുടെ ചോദ്യങ്ങൾ നിശിതങ്ങളും മർമ്മസ്പർശികളും ആയിരിക്കും. സന്ദർശനവേളയിൽ കൂടുതൽ സംസാരിക്കുന്നതു് സന്ദർശകന്മാരാണു്; ആ മിതഭാഷി മിക്കവാറും ശ്രോതാവായി തന്നെ കഴിയും.

12-ാം പിയൂസിന്റെ ഓർമ്മശക്തി അനിതരസാധാരണമാകുന്നു. താൻ തയ്യാറാക്കുന്ന ഏതു പ്രഭാഷണവും—എത്ര ദീർഘമായാലും—കാണാപ്പാഠം പറയുവാൻ അദ്ദേഹത്തിനുകഴിയും. സഹപ്രവർത്തകരുടെ ആധയ്യബോധത്താൽ അവരുമായി ഒരു തുറന്ന ചർച്ചയ്ക്കു് അവിടുന്നു് ഏർപ്പെടുന്നില്ല; സ്വസ്ഥാനവൈപുല്യം അങ്ങനെയൊരു ചർച്ചയ്ക്കു് സാധകമല്ലാത്തതാണു് ഇതിനു കാരണം. എന്നാൽ അവരിൽനിന്നെല്ലാം ഭേദഗതികൾ ക്ഷണിക്കും. ഏകാന്തതയിലും ഏകാഗ്രതയിലും അദ്ദേഹം അവരുടെ അഭിപ്രായങ്ങളുടെ ഗുരുലഘുത്വത്തെ തോലനംചെയ്യുന്നു.

സന്ദർശകരെ സ്വീകരിക്കുമ്പോൾ പോപ്പുരാജൻ സ്വതന്ത്രമായും സൗഹാർദ്ദമധുരമായും പെരുമാറുന്നു. ഒരു ഇടവകവികാരി തന്റെ ജനങ്ങളോടു കാണിക്കുന്നതിൽ കവിഞ്ഞ ഗൗരവമൊന്നും ആ ഉന്നതസ്ഥാനിക്കില്ല. അവിടുന്നു് ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "പാപ്പാക്കു് എപ്പോഴും ഭദ്രാസനത്തിൽതന്നെ ഇരിക്കാൻ നിവൃത്തിയില്ല." ഔദ്യോഗികകൃത്യശതങ്ങളുടെ ഭാരത്തെയും ക്ലേശത്തെയും വിസ്മരിച്ചു്, ബന്ധുമിത്രാദികളോടു് ആ സ്നേഹസമ്പന്നൻ ഏററവും അടുത്തും, യോഗക്ഷേമം അന്വേഷിച്ചും സുസ്മേരാനനനായി ഒരു സാധാരണക്കാരനെപ്പോലെ വർത്തിക്കുന്ന കാഴ്ച പുളകപ്രസരത്തോടെയല്ലാതെ സ്മരിക്കുക അസാദ്ധ്യം.

കമ്മ്യൂണിസത്തോടുള്ള 12-ാം പിയൂസിന്റെ നയം സുവ്യക്തവും സുശക്തവുമാണു്. സെൻറ് പീറേറഴ്സിന്റെ മട്ടുപ്പാവിൽ നിന്നുകൊണ്ടു് ആ ധവളകളേബരൻ എത്രയെത്രപ്രാവശ്യം കമ്മ്യൂണിസത്തെ അപലപിച്ചിട്ടില്ല!! 1948 ഏപ്രിൽ മാസത്തിൽ ഇററലിയിലെ തെരഞ്ഞെടുപ്പുസംബന്ധിച്ചു് അവിടുന്നു വഹിച്ച പങ്കു് ഒട്ടും ചില്ലറയല്ല. ഇററാല്യൻ കത്തോലിക്കരെ ആ ധർമ്മചമൂപതി സവിശേഷം സംഘടിപ്പിച്ചു് സന്ദർഭത്തിനൊപ്പം പ്രബുദ്ധരാക്കി. സമ്മതിദാനം യഥാവിധി നിർവ്വഹിക്കാത്തവൻ സഭയെ ഉപേക്ഷിക്കുന്നുവെന്നു് അദ്ദേഹം ദൃഢധീരം പ്രഖ്യാപനംചെയ്തു. കർദ്ദിനാൾമുതൽ കത്തനാർവരെ അരയുംതലയും മുറുക്കി ബദ്ധപരികരരായി അരങ്ങത്തിറങ്ങി. കമ്മ്യൂണിസ്റ്റുകൾക്കു് കൂദാശകൾ നിഷിദ്ധമാക്കി. ഇററലിയിലെ കത്തോലിക്കാപ്രവർത്തനം വിസ്മയാവഹമായ വേല ചെയ്തു. 24,000 ഇടവകകളിലായി 18000 കമ്മിററികളാണു് രൂപമെടുത്തതു്. അവ അവിടത്തെ സകല കത്തോലിക്കാജനതയെയും ഒരേ കൊടിക്കീഴിൽ അണിനിരത്തി. എന്തിനു്? കമ്മ്യൂണിസ്റ്റ് പ്രചരണപരിപാടികളെയൊക്കെ ശ്വാസംമുട്ടിക്കുകതന്നെചെയ്തു. നല്ല വാശിയോടെ പോളിംഗും നടന്നു. മണിക്കൂർതോറും പോളിംഗിന്റെ ഗതി, തന്നെ ഫോണിൽ അറിയിച്ചുകൊള്ളണമെന്നു് മൊന്തീനിക്കു് പാപ്പാ നിർദ്ദേശം നല്കിയിരുന്നു. കത്തോലിക്കാപ്രവർത്തനത്തിന്റെ ശക്തി താൻ ഊഹിച്ചിരുന്നപോലെ നിസ്സാരമല്ലെന്നു് കമ്മ്യൂണിസ്റ്റുനേതാവു് പാൽമിറോ ടോഗ്ളിയാററി സമ്മതിച്ചു.

വത്തിക്കാൻ ഔദ്യോഗികപത്രികയായ ഒസ്സെർവത്തോരെ റൊമാനോയുടെ പംക്തികളിലെ "മിൻസെന്തിക്കെയിസ്" രംഗങ്ങളിലും മാർപ്പാപ്പാതന്നെ പ്രധാനപങ്കു വഹിക്കുന്നു. അതിലെ വാദമുഖങ്ങൾ എല്ലാംതന്നെ 12-ാം പിയൂസിന്റെ ധിഷണാഖനിയിൽനിന്നും എടുത്തിട്ടുള്ളതാകുന്നു. സഭയോടു കാണിച്ചിട്ടുള്ള ഉഗ്രമായ ധിക്കാരത്തിനെതിരായി കത്തോലിക്കാലോകത്തിന്റെ അഭിപ്രായങ്ങളെ അണിനിരത്തുകയെന്നതാണു് അതിന്റെ ഉദ്ദേശ്യം.

തിരുസ്സഭയ്ക്കെതിരായുള്ള ശരപ്രയോഗം ശത്രുപാളയത്തിൽനിന്നും ഉണ്ടാകുമ്പോൾ, ആ ധാർമ്മികസമ്രാട്ടു് "ഒസ്സെർവത്തോരേ" പത്രാധിപരിലൊരാളെ

(ശേഷം 8-ാം പേജിൽ)

ചെറുകഥ

# ആമണിനാദം

(തോമസ് കരേടൻ)

അന്നും ആ തിരാവിലെ ത്രേസ്യാക്കുട്ടി ഉണർന്നു. ദേവസ്യാച്ചൻ കിടന്നിരുന്ന മുറിയുടെ വാതുക്കൽ ചെന്നു് അദ്ദേഹത്തെ വിളിച്ചു. അദ്ദേഹം ഒന്നു ഞെരങ്ങി തിരിഞ്ഞുമറിഞ്ഞു കിടന്നതേയുള്ളു. മറുപടി പറഞ്ഞില്ല. ത്രേസ്യാക്കുട്ടി നാലടികൂടി മുമ്പോട്ടുനീങ്ങി, ഭർത്താവിനെ മന്ദം മന്ദം കുലുക്കിവിളിച്ചു. "അതേ, ഇന്നു ഞായറാഴ്ചയാണു്. എഴുന്നേൽക്കൂ. താമസിച്ചാൽ സമയംതെററും."

ദേവസ്യാച്ചൻ ഒരു കോട്ടുവാ വിട്ടു. തല ചൊറിഞ്ഞു. "ഇന്നും പോകാൻ തരമില്ല. ആ വേലികെട്ടു് മുഴുവനാക്കണം."

"വന്നിട്ടു ആയാൽ പോരേ?" വിനയപൂർവ്വം അവൾ വീണ്ടും അഭ്യർത്ഥിച്ചു നോക്കി.

"അതു പോരാ. ഒരു ദിവസം ഉണ്ടെങ്കിലേ അതു കെട്ടിത്തീരുകയുള്ളു......വല്ലാത്ത തണുപ്പു തോന്നുന്നു. കുറച്ചുകൂടെ കഴിയാതെ എഴുന്നേൽക്കവയ്യാ." പുതപ്പു വലിച്ചിട്ടു് അദ്ദേഹം അതിനുള്ളിൽ ചുരുണ്ടുകൂടി.

ത്രേസ്യാക്കുട്ടിക്കു് അനുപമമായ മനോവേദന ഉണ്ടാക്കിക്കൊണ്ടിരുന്ന പരമാർത്ഥത്തിന്റെ ആവർത്തനമായിരുന്നു അതു്. അവളുടെ ഭർത്താവു് വിശുദ്ധ ദിനാചരണത്തിൽ അടിക്കടി ഉദാസീനനായിത്തീർന്നിരിക്കുന്നു.

അസഹനീയമായ ഹൃദയഭാരത്തോടെയാണു് അവൾ അവിടെനിന്നു തിരിച്ചുപോന്നതു്. അടുത്ത മുറിയിൽ സുഖനിദ്രയിലാണ്ടുകിടന്ന കുട്ടികൾ ഉണരാതിരിക്കാൻ അവൾ പ്രത്യേകം ശ്രദ്ധിച്ചു. അപശബ്ദമൊന്നും പുറപ്പെടുവിക്കാതെ പതുക്കെ ആ മുറി അവൾ കടന്നുപോന്നു. മൂത്തകുട്ടി ലില്ലിക്കു് എട്ടു വയസ്സുകാണും. പള്ളിയിൽ പോകാൻ വലിയ താൽപര്യമാണു്. തക്കകാരണം കൂടാതെ മുടക്കം വരുത്തുന്നതു് പാപമാണെന്നവൾക്കറിയാം. അന്നും പള്ളിയിൽ പോകുന്നില്ലെന്നറിയുമ്പോൾ അവൾ കരയും.

ലില്ലി കരയുന്നതു കണ്ടാൽ ജോർജ്ജ് കുട്ടിയും കരയും. അവനു് അഞ്ചു വയസ്സായി. അവൻ ഒരു ചുണക്കുട്ടനാണു്. അപ്പന്റെ തനിപ്പകർപ്പു്. എല്ലാ കാര്യങ്ങളിലും, ഇരിപ്പിലും, നടപ്പിലും കിടപ്പിൽപോലും അപ്പനെ അനുകരിക്കാനാണു് അവൻ ശ്രമിക്കുക. വലത്തെകാൽ വളച്ചുകുത്തി അതിന്മേൽ ഇടത്തുകാൽ പൊക്കിവച്ചേ അവൻ കിടക്കുകയുള്ളു. അപ്പൻ അങ്ങനെയാണു് വിശ്രമിക്കുന്നതു്.

ത്രേസ്യാക്കുട്ടി അടുക്കളവാതില്ക്കൽ നിന്നു് പടിഞ്ഞാറുഭാഗത്തു് പച്ചപ്പട്ടു വിരിച്ചപോലെ അതിമനോഹരമായി നീണ്ടുനിവന്നു കിടക്കുന്ന വയലുകളും അവയ്ക്കപ്പുറം ചെറുകുന്നുകളിൽ വരിവരിയായി നിൽക്കുന്ന തെങ്ങിൻതോപ്പുകളും റബർതോട്ടങ്ങളും നോക്കിക്കണ്ടു. അവയെല്ലാം ദേവസ്യാച്ചന്റെ വൻനേട്ടങ്ങളാണു്; പ്രയത്നഫലങ്ങളാണു്!

ആദ്യമാദ്യം ആ സ്ഥലത്തോടും അവിടത്തെ ജീവിതരീതിയോടും അവൾക്കു് ഇഷ്ടമായിരുന്നു. അവിടത്തെ ജീവിതം, മററുള്ളവർ പറഞ്ഞതുപോലെ, ഉല്ലാസരഹിതവും ഏകാന്തവുമായി അവൾക്കു തോന്നിയില്ല. അയൽപക്കക്കാർ ചുരുക്കമായിരുന്നു. ഉള്ളവർതന്നെ വളരെ അകലെയാണു് താമസിച്ചിരുന്നതും. അവരെ കാണുക, അവരുമായി സ്വൈരസല്ലാപം ചെയ്യുക, അതൊക്കെ അവിസ്മരണീയമായ സംഭവങ്ങളായിരിക്കും എന്നു വരികിലും ആ മലഞ്ചെരുവിലെ ജീവിതം ഉന്മേഷകരം തന്നെയായിരുന്നു. ഗ്രാമഫോണും ഹാർമോണിയവും അവൾക്കും കുട്ടികൾക്കും ഉല്ലാസത്തിനുള്ള ഉപകരണങ്ങളാണു്.

എന്നാൽ കുറച്ചുനാളായിട്ടു ആ സ്ഥലത്തോടും ജീവിതരീതിയോടും അവൾക്കു വെറുപ്പുതോന്നിത്തുടങ്ങിയിരിക്കുകയാണു്. ആ പച്ചപിടിച്ച വയലുകളും, ഫലഭൂയിഷ്ഠമായ കുന്നുകളും കാണുമ്പോൾ അവളുടെ ഹൃദയം കിടന്നു പിടയ്ക്കും. അവയാണു് ഭർത്താവിനെ പള്ളിയിൽനിന്നും അകററിക്കൊണ്ടിരിക്കുന്നതെന്ന വാസ്തവം വിസ്മരിക്കുന്നതിനു് അവൾക്കു സാധിച്ചില്ല.

അവർ പള്ളിയിൽനിന്നു് ഏതാണ്ടു് ഏഴുനാഴിക ദൂരത്താണു് താമസിക്കുന്നതു്. അവിടത്തുകാർ മൂന്നുമൈൽ നീളത്തിൽ ഒരു റോഡുവെട്ടി പ്രധാന റോഡുമായി ബന്ധിച്ചിട്ടുണ്ടു്. വർഷകാലത്തു കുണ്ടും കുഴിയും നിറഞ്ഞു് ആ "വില്ലൂസ്" (വില്ലേജ്) റോഡു് ഉപയോഗശൂന്യമായിത്തീരും. തെരഞ്ഞെടുപ്പുകാലത്തേ നേതാക്കന്മാർക്ക ആ റോഡിന്റെ ആവശ്യകത അനുഭവപ്പെടാറുള്ളു; ആവേശഭരിതരായി അതിന്റെ ഉദ്ധാരണത്തെപ്പററി സംസാരിക്കാറുള്ളു. അത്തരം റോഡുകളുടെ കാര്യം ഏറെറടുത്തിട്ടു പത്രക്കാർക്കും മെച്ചമൊന്നും ഉണ്ടാകാൻ പോകുന്നില്ല. ഒരിക്കൽ അവിടത്തുകാർ ആ റോഡു നന്നാക്കേണ്ട കാര്യത്തെക്കുറിച്ചു് പള്ളിയോഗത്തിൽ ആവലാതിബോധിപ്പിക്കയുണ്ടായി. യോഗം ഏകകണ്ഠം അതു ഗവമ്മെൻറിന്റെ ചുമതലയാണെന്നു റൂൾ ഔട്ടുചെയ്തു!

പണമുണ്ടാകുമ്പോൾ ആലോചിക്കാമെന്നു് പ്രധാനമന്ത്രി വളരെ അനുഭാവപൂർവ്വം നിവേദകസംഘത്തോടു് മറുപടിയും പറഞ്ഞു!!

മഴക്കാലത്തു് അതിലെ വണ്ടിപോകയില്ല. ഏഴും ഏഴും പതിന്നാലുനാഴിക നടക്കുക—അതുമഴക്കാലത്തു്—സാഹസമായിരിക്കും. വർഷത്തിന്റെ ശക്തി കുറഞ്ഞാൽ അവർ കുഴികൾ നികത്തും; വഴി സഞ്ചാരയോഗ്യമാക്കും. അപ്പോൾ വലിയ അദ്ധ്വാനമോ അപകടമോ കൂടാതെ അതിലെ വണ്ടി അടിക്കാം. അങ്ങനെ വഴി നന്നായ അന്നുതൊട്ടു ത്രേസ്യാക്കുട്ടി നിർബന്ധിക്കുന്നതാണു് പള്ളിയിൽ പോകാൻ. എല്ലാ ശനിയാഴ്ചയും അവൾ വണ്ടിച്ചക്രങ്ങൾക്കു് എണ്ണ കൊടുത്തു് തയ്യാറാക്കാറുണ്ടു്. പക്ഷെ, അതെല്ലാം നിഷ്പ്രയോജനമായിട്ടാണു കലാശിക്കുക.

അവളുടെ നിരാശയ്ക്കു് വേറൊരു കാരണവുംകൂടെയുണ്ടു്. അവരുടെ വിവാഹവേളയിൽ അവൾ മതാനുഷ്ഠാനത്തിൽ അശേഷം ഉത്സുകയല്ലായിരുന്നു. ദേവസ്യാച്ചന്റെ ശുഷ്കാന്തിയും സന്മാതൃകയും ആണു് അവളെ ഉത്തമകത്തോലിക്കാ വനിതയാക്കിയതു്. അക്കാര്യം അവൾ എന്നും നന്ദിപൂർവ്വം അനുസ്മരിക്കാറുണ്ടു്. ഒരു പ്രത്യേകസംഭവം അവൾ പലരോടും പറഞ്ഞിട്ടുണ്ടു്. വിവാഹം കഴിഞ്ഞു് ഏറെത്താമസിയാതെ ദേവസ്യാച്ചനും അവളുംകൂടി സിനിമാ കാണാൻ ഒൻപതു മൈൽ കാളവണ്ടിയിലിരുന്നുപോയി. ഒരു ശനിയാഴ്ച രാത്രി. രണ്ടുമണിയോടുകൂടിയാണു് അവർ തിരിച്ചുവന്നതും അത്താഴമുണ്ടതും. കിടക്കാൻ തുടങ്ങിയപ്പോൾ ദേവസ്യാച്ചൻ പറഞ്ഞു. "പള്ളിയിൽ പോകാൻ നേരത്തെ എഴുന്നേൽക്കണമെന്നു്". അദ്ദേഹം അതു വെറുതെ പറഞ്ഞതല്ല. അതിരാവിലെ ത്രേസ്യാക്കുട്ടിയെ വിളിച്ചെഴുന്നേൽപ്പിച്ചതു് അദ്ദേഹമാണു്. സോത്സാഹം കാപ്പി ഉണ്ടാക്കിക്കുടിച്ചു് രണ്ടുപേരുംകൂടെ വണ്ടിയിൽ കയറി പള്ളിയിൽ പോകുകയും ചെയ്തു. ഗവമ്മെൻറുസ്കൂളിൽവച്ചു നഷ്ടപ്പെട്ട ക്രിസ്തീയചൈതന്യം പുനരുദ്ധരിക്കപ്പെട്ടതു് അന്നു കാലത്താണു്! അടുക്കളവാതില്ക്കൽ ഇരുന്നു് ആ സംഭവം വീണ്ടും അവൾ ഓർത്തു കാണും ഹൃദയഭാരത്തിനു് ഒരാശ്വാസം ലഭിക്കട്ടെയെന്നു കരുതി. താമസിയാതെ തന്നെ പ്രഭാതഭക്ഷണം പാകപ്പെടുത്താൻ അവൾ അവിടെനിന്നു് എഴുന്നേററുപോയി.

ഒരു ദിവസംകൊണ്ടല്ല ദേവസ്യാച്ചൻ അലസനായിത്തീർന്നതു്. പല കാരണങ്ങളും സാഹചര്യങ്ങളും അതിനു് സഹായകമായി ഭവിച്ചിട്ടുണ്ടു്. വർഷകാലങ്ങളിൽ വഴിയിൽക്കൂടെ വണ്ടിവിടുന്നതിനുള്ള അസൗകര്യം. വയലിലും മററും പണിയുള്ള അവസരങ്ങളിൽ—അതു മിക്കപ്പോഴും ഉണ്ടാകും—വേണ്ടത്ര വേലക്കാരെ കിട്ടാനുള്ള വിഷമം. ചിലപ്പോൾ ഒന്നു രണ്ടു് ആഴ്ച പള്ളിയിൽ പോകയില്ല. ത്രേസ്യാക്കുട്ടിയുടെ നിർബന്ധം കാരണം പിന്നെയും ഒന്നു രണ്ടു ഞായറാഴ്ച പോകും. മറെറാരിക്കൽ മൂന്നും നാലും പ്രാവശ്യം മുടങ്ങും. മേലിൽ ഇപ്രകാരം സംഭവിക്കരുതെന്നു് പ്രതിജ്ഞ ചെയ്യും. പ്രതിജ്ഞകൾ ചെയ്യാൻ എളുപ്പംതന്നെ. അതിലും എളുപ്പമാണു് അവ പാലിക്കാതിരിക്കാനും. അതു് ത്രേസ്യാക്കുട്ടിക്കു് നിത്യേന അനുഭവപ്പെട്ടുകൊണ്ടിരുന്നു.

ലില്ലി ഉണർന്നു് അമ്മയുടെ അടുക്കൽ എത്തി. അന്നും പള്ളിയിൽ പോകുന്നില്ലെന്നറിഞ്ഞപ്പോൾ അവൾക്കു അതിരററ ഹൃദയഭംഗം ഉണ്ടായെന്നു പ്രത്യേകം പറയേണ്ടതില്ല. അവളുടെ പുറകെയായി ജോർജ്ജ് കുട്ടിയെ താങ്ങിക്കൊണ്ടു് ദേവസ്യാച്ചനും അവിടെ വന്നു. ത്രേസ്യാക്കുട്ടി കുട്ടികൾക്കു കഞ്ഞികൊടുത്തു. ഭർത്താവിനു മേശപ്പുറത്തു കാപ്പിയും.

"അമ്മേ, മ്ളു് പള്ളിയിൽ പോയിട്ടു എത്ര നാളായി?" നിരാശയോടെ ലില്ലി ചോദിച്ചു.

"അഞ്ചുമാസത്തിലധികമായി."

"അത്രയായോ? അതില്ല. അതു നിന്റെ ഓർമ്മക്കുറവാണു്." ദേവസ്യാച്ചൻ ഭാര്യയുടെ അഭിപ്രായത്തെ എതിർത്തു.

"എനിക്കു തോന്നുന്നതു് അതിലും കൂടുതലായെന്നാ. പള്ളിയകത്തെ സാധനങ്ങളെക്കുറിച്ചു് ഓർത്തുനോക്കിട്ടു ഒന്നും കിട്ടുന്നില്ല." ലില്ലി നെടുവീർപ്പിട്ടു.

"എട്ടു വയസ്സായ കുട്ടി ഇത്ര പെട്ടെന്നു് അതെല്ലാം മറന്നുപോയെന്നോ?" ദേവസ്യാച്ചൻ മകളെ കളിയാക്കി.

"ഞാൻ ഓർത്തു നോക്കിന്നേ...ദേവസ്യാനോസ് പുണ്യാളന്റെ രൂപം... അതിന്മേൽ എത്ര അമ്പുണ്ടു്? ഞാനോർത്തിട്ടു കിട്ടുന്നില്ല." അവൾ ദയനീയമായി, സഹായത്തിനായി അപ്പനെ നോക്കി.

"അടുത്ത ഞായറാഴ്ച ഓശാനയാണു്. അന്നു് പള്ളിയിൽ പോകണം. അപ്പോൾ വീണ്ടും എണ്ണിനോക്കാം."

ലില്ലി പിതാവിന്റെ മുഖത്തു കുറെനേരം സൂക്ഷിച്ചുകൊണ്ടിരുന്നു. അവൾക്കു് എന്തോ അറിയാനുണ്ടു്. ചോദിക്കാനുണ്ടു്. "അപ്പോൾ എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകണ്ടേ?" അതായിരുന്നു അവളുടെ സംശയം.

"സാധിക്കുമെങ്കിൽ പോകണം" എന്നു് അദ്ദേഹം നൽകിയ സമാധാനംകൊണ്ടു് അവൾക്കു് തൃപ്തിവന്നില്ല. തക്കകാരണമുണ്ടെങ്കിൽ പോകേണ്ടതില്ലെന്നു് ഇതിനുമുമ്പു് അദ്ദേഹം പറയാറുള്ളതും അവൾ ഓർത്തു.

എന്തു കാര്യവും കിള്ളിക്കിള്ളി ചോദിക്കുന്നതൊരുപതിവുണ്ടവൾക്കു്. അതു ദേവസ്യാച്ചനു് ഇഷ്ടവുമാണു്. "സാധിക്കുമെങ്കിൽ", "തക്കകാരണം" എന്നെല്ലാം പതുക്കെ അവൾ ഉരുവിടുകയാണു്. കൂടുതൽ വിശദീകരണം അവൾക്കു കിട്ടണം. അതിനായിരുന്നു അവളുടെ പിന്നത്തെ ശ്രമം.

"കഴിഞ്ഞ ഞായറാഴ്ച എന്താ മ്ളു് പോകാഞ്ഞതു്?"

"അന്നു വേലി കെട്ടല്ലാഞ്ഞോ?"

"അതിനു മുമ്പിലത്തെ ഞായറാഴ്ചയോ?"

"അന്നല്ലേ കുളത്തിലെ മീൻ പിടിച്ചതു്."

"അതിനു മുമ്പിലത്തെ ഞായറാഴ്ചയോ?"

"അന്നല്ലേ പശു പെററതു്."

"അതിനു മുമ്പിലത്തെ ഞായറാഴ്ചയോ?"

ദേവസ്യാച്ചന്റെ ക്ഷമയററു. അഭിമാനം വ്രണപ്പെട്ടു. അദ്ദേഹം ആക്രോശിച്ചു: "എന്തെടി നീയെന്നെ വിസ്തരിക്കയാണോ?" എല്ലാവരും നിശ്ശബ്ദരായി. പിന്നെ ആരും ഒന്നും മിണ്ടിയില്ല. ലില്ലി ഉടനെതന്നെ പുറത്തേക്കുപോയി വിങ്ങിവിങ്ങിക്കരഞ്ഞു.

"പെൺകുട്ടികളെ അധികം ഓമനിക്കരുതു" എന്നു ഭാര്യയെ ശാസിച്ചിട്ടു ദേവസ്യാച്ചനും വെളിയിലേക്കിറങ്ങി. വേലികെട്ടു മുറയ്ക്കുനടന്നു. അന്നു വൈകുന്നേരം അത്താഴം ശരിപ്പെടുത്തിവെച്ചതിനുശേഷം അമ്മയും മകളുംകൂടെ സന്ധ്യാനമസ്കാരത്തിനു വട്ടംകൂട്ടി. ജോർജ്ജ്കുട്ടി കുറച്ചുനേരം അമ്മയുടെ മടിയിൽ അടങ്ങിയൊതുങ്ങിയിരുന്നു. എത്ര നേരം അങ്ങനെ അനങ്ങാതെയിരിക്കും. അവൻ എഴുന്നേററു് നാലുചക്രമുള്ള ഉന്തുവണ്ടി മുറിയിൽത്തന്നെ ഓടിച്ചുകളിക്കാൻ തുടങ്ങി. അമ്മ അവനെ വിലക്കിയില്ല. അതു തള്ളുന്നശക്തി ക്രമേണ വർദ്ധിച്ചു. ഓട്ടത്തിന്റെ വേഗത കൂടിയപ്പോൾ "പ്രാം—പ്രാം" എന്ന ഹോൺ വിളിയുടെ സ്വരവും വളരെ ഉയർന്നു ഇടയ്ക്കിടയ്ക്കു് പൊട്ടിച്ചിരിയും. "എടാ, ജോർജ്ജുട്ടി ഒന്നിവിടെ വന്നു് ഒന്നനങ്ങാതെയിരുന്നേടാ." അമ്മയുടെ ശാസന കേട്ടു് അവൻ ഞെട്ടിപ്പോയി. വണ്ടി വലിച്ചെറിഞ്ഞു് മുറിയുടെ പടിഞ്ഞാറെ ഭിത്തിയിൽ മുഖംചേർത്തുനിന്നു കരഞ്ഞു.

പ്രാർത്ഥന കഴിയുന്നതുവരെ അതു കണ്ടഭാവം ത്രേസ്യാക്കുട്ടി പുറത്തുകാണിച്ചില്ല. അതവസാനിച്ചപ്പോൾ ലില്ലി അമ്മയ്ക്കു സ്തുതി ചൊല്ലി കൈകൾ ചുംബിച്ചു. അപ്പോഴും ജോർജ്ജ്കുട്ടി കരയുകയാണു്. ലില്ലി ചെന്നു സഹോദരനെ അമ്മയുടെ അടുക്കൽ കൊണ്ടുവന്നാക്കി. "ഇനി ഇവൻ അങ്ങനെ ചെയ്യുകയില്ല, അമ്മേ." അവൾ സഹോദരനുവേണ്ടി മാപ്പിരന്നു.

ഗൗരവം വിടാതെതന്നെ ത്രേസ്യാക്കുട്ടി ഉപദേശിച്ചു: "ജോർജ്ജുട്ടി, അഞ്ചുവയസ്സു കഴിഞ്ഞകുട്ടികൾ ഇങ്ങനെ പെരുമാറുന്നതു് ശരിയല്ല. ഞങ്ങളുടെകൂടെ നിനക്കു പ്രാർത്ഥന ചൊല്ലാൻ പാടില്ലേ?"

അവന്റെ മുഖത്തു് അൽപ്പം അരിശവും പ്രത്യക്ഷമായി. "ഞാൻ കപ്യാരല്ലാ ഒരുപടിനേരം പ്രാർത്ഥിക്കാൻ." അവന്റെ ആശയം ത്രേസ്യാക്കുട്ടിക്കു മനസ്സിലായില്ല. "കപ്യാരോ?" വിസ്മയത്തോടും വികാരത്തോടുംകൂടെ അവൾ ആവർത്തിച്ചു. "കപ്യാരോ?"

"ന്നാളു് അങ്ങേലെ ഔതച്ചൻ പറഞ്ഞതാണമ്മേ അതു്" ലില്ലി വിശദീകരണം നല്കി.

"അവൻ എന്തു പറഞ്ഞു?"

"കപ്യാരു് എന്നു പറഞ്ഞാൽ ദിവസവും പള്ളിയിൽപോയി അച്ചന്മാരുടെകൂടെ പ്രാർത്ഥിക്കുന്ന ആളാണെന്നാണു് അവൻ ഞങ്ങളോടു പറഞ്ഞതു്."

"അപ്പനിങ്ങു വരട്ടെ. ഇക്കാര്യം അപ്പനും അറിയണം."

"പറഞ്ഞോ? എനിക്കെന്താ? അപ്പനും കപ്യാരല്ലല്ലോ." സമാധാനപൂർണ്ണമായിരുന്നു അവന്റെ സംസാരവും നോട്ടവും.

"ഇച്ചാച്ചൻ സമയം കിട്ടുമ്പോൾ പള്ളിയിൽ പോകാറുണ്ടു്." ലില്ലി സഹോദരന്റെ അഭിപ്രായത്തെ പ്രതിഷേധിച്ചു. "അമ്മേ, ഇച്ചാച്ചൻ ചിലപ്പോൾ പള്ളിയിൽ പോകാത്തതും പ്രാർത്ഥനയ്ക്കു വരാത്തതും തക്കകാരണമുണ്ടായിട്ടല്ലേ?"

"അങ്ങനെയാണു് അദ്ദേഹം വിചാരിക്കുന്നതു്." ത്രേസ്യാക്കുട്ടി നെടുതായി ഒന്നു നിശ്വസിച്ചു.

"ഇച്ചാച്ചൻ ഒരിക്കലും പോകാറില്ലേ, ഏ ഏ" കൂകി വിളിച്ചുകൊണ്ടു് വിജയഭാവത്തോടെ അവൻ വാതുക്കലേക്കു ഓടി. ദേവസ്യാച്ചൻ വരേണ്ട സമയമായിട്ടുണ്ടു്. ചാരിയിട്ടിരുന്ന വാതിൽ അവൻ പിടിച്ചു വലിച്ചു തുറന്നു. ടോർച്ചുലൈററു കണ്ടു് അവൻ സന്തോഷിച്ചു "ദേ, ഇച്ചാച്ചൻ വരുന്നുണ്ടു്."

ഊണു കഴിഞ്ഞു് ദേവസ്യാച്ചൻ അന്നത്തെ ജോലികളുടെ സ്വഭാവം, ജോലിക്കാരുടെ ഇടയിൽ നടന്ന തമാശകൾ,—അവരെ പറഞ്ഞു കേൾപ്പിച്ചു. സംസാരത്തിനിടയിൽ കുട്ടികൾ ഉറങ്ങി. മടിയിൽ തല ചായിച്ചു് ഉറങ്ങിക്കിടക്കുന്ന ജോർജ്ജ് കുട്ടിയെ തലോടിക്കൊണ്ടു ത്രേസ്യാക്കുട്ടി പറഞ്ഞു:

"ഈ കൊച്ചുകള്ളനു് അശേഷം താൽപര്യമില്ല പ്രാർത്ഥിക്കാൻ."

"അതു സാരമില്ല, കുട്ടിയല്ലേ. വലിയതാകുമ്പോൾ എല്ലാം ശരിപ്പെട്ടുകൊള്ളും. എങ്കിലും കുറേശ്ശേ നിർബന്ധിക്കണം."

"ഞാൻ നിർബന്ധിച്ചിട്ടു കാര്യമില്ല."

"എന്തു്?"

"ഞാൻ പറഞ്ഞാൽ അവൻ ഇക്കാര്യത്തിൽ കൂട്ടാക്കുന്നില്ല. പോരെങ്കിൽ പ്രാർത്ഥന പെണ്ണുങ്ങൾക്കും കപ്യാർക്കും ഉള്ളതാണെന്നാണു് അവന്റെ വിചാരം. "അതുകൊണ്ടു് നിങ്ങൾ ഇക്കാ-

ഷ്ടത്തിൽ അവനെ സഹായിച്ചില്ലെങ്കിൽ..........."

"ഞാൻ നമസ്കാരം ചൊല്ലിക്കൊടുക്കണമെന്നോ? തരക്കേടില്ല. ഉള്ള ജോലിയൊന്നും പോരായിരിക്കും; അല്ലേ?"

"അങ്ങു പഠിപ്പിക്കേണ്ടാ. ദിവസവും ആ സമയത്തു ഇവിടെ........"

"കൂട്ടത്തിൽ വരാനും കൂടാനും എനിക്കു ഒത്തെന്നു വരികയില്ല. എനിക്കു തനിച്ചു പ്രാർത്ഥിക്കാനേ സൗകര്യം ലഭിക്കുകയുള്ളൂ."

അവളുടെ ആശയം അദ്ദേഹം ഗ്രഹിച്ചില്ല. പിതാവിനെ അനുകരിക്കാനാണു് ആൺകുട്ടികൾ പരിശ്രമിക്കുകയെന്നുള്ളതു് അദ്ദേഹം ഇനിയും ധരിക്കാത്തതിൽ അവൾക്കു കണ്ണീരും തോന്നി. പക്ഷെ, ഭർത്താവിന്റെ മുഖഭാവം മാറിത്തുടങ്ങിയതിനാൽ ആ അപേക്ഷ അപ്പോൾ ആവർത്തിക്കുന്നതു് അപകടമായിരിക്കും.

പാതിരാക്കോഴി കൂകി. കുട്ടികളെ എടുത്തു കിടത്തിയതിനുശേഷം വിളക്കണച്ചു് അവരും കിടന്നുറങ്ങി.

ലില്ലി ഓരോ ദിവസവും എണ്ണിക്കൊണ്ടിരുന്നു. ഓശാന ഞായറാഴ്ച! അന്നെങ്കിലും പള്ളിയിൽ പോകാൻ അവൾക്കു സാധിക്കും. ആദ്യകുർബാന സ്വീകരിച്ചതിനുശേഷം ഒരിക്കൽ മാത്രമാണു് അവൾ പള്ളിയിൽപോയതും ദിവ്യകാരുണ്യം ഉൾക്കൊണ്ടതും. ഈശോയെ ഉള്ളിൽ സ്വീകരിച്ചിട്ടുവേണം "കുരുത്തോല" വാങ്ങിക്കാനെന്നു അവൾ തീർച്ചപ്പെടുത്തിയിരിക്കയാണ്.

ശനിയാഴ്ച ത്രേസ്യാക്കുട്ടിക്കും ലില്ലിക്കും ജോലിത്തിരക്കിന്റെ ദിവസമായിരുന്നു. എണ്ണ തേച്ചു കുളിക്കണം; വസ്ത്രങ്ങൾ നനച്ചിടണം; വണ്ടിച്ചക്രങ്ങൾക്കു് എണ്ണ കൊടുക്കണം; ഞായറാഴ്ചയ്ക്കു വേണ്ട കറികൾ ശരിപ്പെടുത്തിവയ്ക്കണം. അങ്ങനെ ഒരു നൂറുകൂട്ടം കാര്യങ്ങൾ അവർ നിർവ്വഹിക്കേണ്ടതുണ്ടു്. ഉച്ചയൂണു കഴിഞ്ഞപ്പോഴേ അവർ രണ്ടുപേരും ഇളവെടുക്കാതെ പണികൾ ആരംഭിച്ചു സന്ധ്യക്കു മുമ്പായി കറികൾ ഒഴികെ ബാക്കി എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. സന്ധ്യാനമസ്കാരങ്ങൾ കഴിഞ്ഞപ്പോൾ ദേവസ്യാച്ചനും വന്നുചേർന്നു. അദ്ദേഹത്തിന്റെ കൈയിൽ പരന്ന ഒരു പൊതിക്കെട്ടുമുണ്ടായിരുന്നു.

ഊണിനിടയ്ക്കു പിറ്റേ ദിവസത്തെ കാര്യപരിപാടിയെപ്പറ്റി ലില്ലി പലതും ഉല്ലാസപൂർവ്വം ചോദിക്കാൻ തുടങ്ങി.

"എന്തു ചെയ്യാം: നാളെയും പോകാൻ ഒക്കുകയില്ല. ഉയിർപ്പുഞായറാഴ്ച എങ്ങനെയായാലും പോകണം." ദേവസ്യാച്ചന്റെ വാക്കുകൾ കേട്ടു് ത്രേസ്യാക്കുട്ടിയും മകളും പ്രജ്ഞയറ്റവരായി. ലില്ലി ഉത്സുകയും കൊണ്ടു് പൊക്കിയ കൈ ഇടവിമാനത്തിൽതന്നെ നിന്നു! തുറന്ന വായ് അടഞ്ഞില്ല. "മതി, മതി" എന്നു ദേവസ്യാച്ചൻ പറഞ്ഞതു കേൾക്കാതെ ത്രേസ്യാക്കുട്ടി പിന്നെയും പിന്നെയും ചോറു തട്ടിയിട്ടുകൊണ്ടിരുന്നു. ദേവസ്യാച്ചൻ കൈ കയറിപ്പിടിച്ചപ്പോഴാണു് അവൾക്കു വിവരമുണ്ടായതു്.

"നാളെ പരവൻ വരും തെങ്ങിന്റെ ചെള്ള നോക്കാൻ." ദേവസ്യാച്ചൻ കാരണം വിശദീകരിച്ചുകൊടുത്തു.

"നാളെ ഓശാനഞായറാഴ്ചയല്ലേ?" ത്രേസ്യാക്കുട്ടി കരഞ്ഞുകൊണ്ടു പറഞ്ഞു.

"പക്ഷേ പരവനു് നാളെയല്ലാതെ ഒക്കുകയില്ലെന്നു് തീർത്തുപറഞ്ഞിരിക്കുന്നു."

"എന്നാൽ പള്ളിയിൽനിന്നു വന്നിട്ടു പോരേ?"

"പോരാ, അതുപോരാ."

"എന്റെ ഈശോയേ!" ലില്ലി അറിയാതെ ആ പാവനനാമം അവളുടെ നിർമ്മല അധരങ്ങളിൽനിന്നു അടർന്നുവീണു.

ഊണു കഴിഞ്ഞു പതിവുപോലെ എല്ലാവരും നടുമുറിയിൽ വന്നു. അമ്മയ്ക്കും മകൾക്കും ഒന്നും പറയാനുണ്ടായിരുന്നില്ല. ഒന്നും പറഞ്ഞുമില്ല.

"ഇച്ചാച്ചാ, ആ കെട്ടിനകത്തു് എന്നതാ?"

"പുതിയ നാലു പ്ലെയിറ്റുകൾ. നമുക്കു് അവയൊന്നു വെച്ചു നോക്കാം." അദ്ദേഹം ത്രേസ്യാക്കുട്ടിയുടെയും ലില്ലിയുടെയും മുഖത്തു സൂക്ഷിച്ചുനോക്കി. അവരുടെ മ്ലാനമുഖം അദ്ദേഹത്തിനു് അല്പമനൊമ്പരം ഉണ്ടാക്കാതിരുന്നില്ല.

പെട്ടിതുറന്നു പുതിയ പ്ലെയിറ്റുകൾ ഓരോന്നായി വെച്ചു. ആദ്യത്തെ രണ്ടെണ്ണം നല്ല സിനിമാപ്പാട്ടുകളായിരുന്നു. പാട്ടിൽ ലയിച്ചു ലില്ലിയുടെ മുഖം ഏതാണ്ടു പ്രസന്നമായി. ത്രേസ്യാക്കുട്ടിയുടെ മുഖം അപ്പോഴും വാടിയിരുന്നു. മൂന്നാമത്തെ പ്ലെയറു വെച്ചു. അതു കറങ്ങിത്തുടങ്ങി. "ണാം, ണാം, ണാം" എന്ന മനോഹരമായ ശബ്ദം അവിടെയെല്ലാം മാറൊലിക്കൊണ്ടു. സെന്റു് പീറ്റേഴ്സ് ബസിലിക്കായിലെ ഘണ്ടാരവം എത്ര കർണ്ണപീയൂഷമല്ല!

ദേവസ്യാച്ചൻ ഉടനെ ചാടിയെഴുന്നേറ്റു. മുട്ടുകൾ മടക്കി. കൈകൾ കൂപ്പി. ഭക്തിപൂർവ്വം "കർത്താവിന്റെ മാലാഖ" ചൊല്ലിത്തുടങ്ങി. ത്രേസ്യാക്കുട്ടിയും ലില്ലിയും ജോർജ്ജുകുട്ടിയും മുട്ടുകുത്തി അദ്ദേഹത്തിന്റെ കൂടെ പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞു് അദ്ദേഹം എഴുന്നേറ്റു വീണ്ടും കസാലയിൽ ഇരുന്നു. ത്രേസ്യാക്കുട്ടി അപ്പോഴും അത്ഭുതപരവശയായി നില്ക്കുകയാണു്. ജോർജ്ജുകുട്ടിയുടെ വിസ്മയത്തിനു് അതിരില്ലായിരുന്നു. അപ്പൻ പ്രാർത്ഥിക്കുന്നു? അപ്പനും കപ്യാരാകുകയാണോ?

"ഇച്ചാച്ചനു പ്രാർത്ഥിക്കാനറിയാമോ?"

"ഉം."

"അപ്പം, ഇച്ചാച്ചനും കപ്യാരാണല്ലോ?"

"അതു ചീത്തയാണോ?"

"ഇച്ചാച്ചനും ആണെങ്കിൽ അതു ചീത്തയല്ല."

ത്രേസ്യാക്കുട്ടിക്കു് അവിടെ നടന്ന സംഭവങ്ങളുടെ കാരണവും അർത്ഥവും മനസ്സിലായില്ല. സ്വപ്നം കണ്ടു് ഞെട്ടിപ്പിടഞ്ഞെഴുന്നേററവളെപ്പോലെ അവൾ പരിഭ്രമിച്ചു് ചുററും നോക്കി.

"ഞാനെന്റെ കുട്ടിക്കാലത്തെക്കുറിച്ചു് ഓർത്തുപോയി." അപ്പോഴുണ്ടായ തന്റെ അനുഭവങ്ങളെ അദ്ദേഹം വിവരിച്ചു. "എന്റെ കുട്ടിക്കാലത്തു പള്ളിയിൽ പോകാനും മററും എനിക്കെന്തു താല്പര്യമായിരുന്നു. പള്ളിയിൽ പോകാത്തതോ, കുർബാനയ്ക്കു സഹായിക്കാത്തതോ ആയ ദിവസം അന്നു് ഒന്നും ഉണ്ടായിരുന്നില്ല." നെടുതായ ഒന്നു നിശ്വസിച്ചുകൊണ്ടു് അദ്ദേഹം തുടർന്നു: "വികാരിയച്ചനു് അന്നു് എന്നോടു് എത്ര കാര്യമായിരുന്നു. ഞങ്ങളുടെ വീടു് പള്ളിക്കടുത്തായിരുന്നതുകൊണ്ടു് മിക്കവാറും ഞാനായിരിക്കും ആദ്യം പള്ളിയിൽ ചെല്ലുക. എല്ലാദിവസവും ആദ്യം പള്ളിയിൽ ചെല്ലുന്നവർക്കുള്ള ആഴ്ചസമ്മാനം വികാരിയച്ചന്റെ കൈയിൽനിന്നും എല്ലാ ഞായറാഴ്ചയും ഞാനാണു് വാങ്ങിച്ചിരുന്നതു്."

കുട്ടികളുടെ വിസ്മയം വർദ്ധിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പൂർവ്വചരിത്രം—കുട്ടിയായിരുന്നപ്പോൾ ചെയ്തിട്ടുള്ള കാര്യങ്ങൾ അവരെ ചിന്താനിമഗ്നരാക്കി. അപ്പനും തങ്ങളെപ്പോലെ കുട്ടിയായിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്നു ദിവസവും പള്ളിയിൽ പോകുമായിരുന്നു. അതെല്ലാം അവർക്കു പുതിയ യാഥാർത്ഥ്യങ്ങളാണു്. അവർ അദ്ദേഹത്തിന്റെ മുഖത്തുനിന്നും കണ്ണെടുത്തില്ല.

"അതിനു പുറമെ പള്ളിമണി അടിക്കുന്നതിനുള്ള അവകാശം എനിക്കാണു് വികാരിയച്ചൻ തന്നതു്. ഞാൻ നേരത്തെ പള്ളിയിൽ ചെല്ലും. അച്ചന്റെ അനുവാദത്തോടുകൂടെ ഞാൻ മണിയടിക്കും. പ്ലെയിറ്റിൽ മണിനാദം കേട്ടപ്പോൾ ഞാൻ പള്ളിയിലാണെന്നു വിചാരിച്ചുപോയി!" തുടർന്നു എന്തെങ്കിലും പറയുന്നതിനു് അദ്ദേഹത്തിനു സാധിച്ചില്ല.

"ഇച്ചാച്ചാ, നമുക്കു നാളെ പള്ളിയിൽ പോകണം."

ജോർജ്ജുകുട്ടി ഇടയ്ക്കുകയറിപ്പറഞ്ഞു."

"അങ്ങനെതന്നെ."

"എനിക്കും മണി അടിക്കണം."

"ഉം; ഞാൻ അങ്ങാടിവരെ പോയിരുന്നു. ഒരു സ്നേഹിതൻ തന്നതാണു് ഈ പ്ലെയിറ്റുകൾ. അതു ദൈവപരിപാലനതന്നെ. സംശയമില്ല. ആ മണിനാദം നാളെമുതൽ നമുക്കു കേൾക്കണം. എല്ലാവരും വേഗം കിടന്നുറങ്ങുവിൻ."

"എനിക്കും മണി അടിക്കണം.." വീണ്ടും ജോർജ്ജുകുട്ടി കിടക്കയിൽ ഇരുന്നു വിളിച്ചുപറഞ്ഞു.

ത്രേസ്യാക്കുട്ടിയുടെ ഹൃദയത്തിൽനിന്നു് സദാ ഉയർന്നുകൊണ്ടിരുന്ന മണിനാദം അദ്ദേഹത്തിന്റെ ഹൃദയത്തിലും അങ്ങനെ ചെന്നലച്ചു. അതിന്റെ ഫലമോ? അധികകാലതാമസംകൂടാതെ അവരുടെ വക ഒരു ചെറുകുന്നിൽ പണിയപ്പെട്ട മനോഹരമായ ചെറുദേവാലയത്തിൽനിന്നു് കർണ്ണാനന്ദകരമായ മണിനാദം ദിവസേന പ്രക്ഷേപണം ചെയ്യുന്നതിനു് ജോർജ്ജുകുട്ടിക്കു സാധിച്ചു.

(Adapted)

ഫെഡറൽ ബാങ്ക് ക്ലിപ്തം
H. O. ആലുവാ
ബ്രാഞ്ചുകൾ: അങ്കമാലി, എറണാകുളം, പെരുമ്പാവൂർ
സ്വർണ്ണപണ്ടത്തിന്മേൽ പവൻതൂക്കത്തിന് 30 ക. മുതൽ 50 ക. വരെ മിതമായ പലിശക്ക് എല്ലാ ബ്രാഞ്ചുകളിലും കടംകൊടുക്കുന്നതാണ്.
എറണാകുളം ബ്രാഞ്ച്,
ബ്രോഡ്‌വേയിൽ മെത്രാപ്പോലീത്തൻ
അരമനയ്ക്കു സമീപമുള്ള
മാമ്പിള്ളി ബിൽഡിങ്ങ്സിൽ

ആരോഗ്യപംക്തി

## നയനസംരക്ഷണം

(എ. വി. തോമസ്)

മനുഷ്യന്റെ അവയവങ്ങളിൽ ഏററം പ്രാധാന്യം അർഹിക്കുന്ന ഒന്നാണു കണ്ണ്. കാഴ്ചയില്ലാത്ത ഒരു മനുഷ്യന്റെ ജീവിതം ഏററം അനുകമ്പാർഹമാണെന്നു പറയേണ്ടല്ലോ. ഇഷ്ടാനുസരണം സഞ്ചരിക്കുന്നതിനോ ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യുന്നതിനോ അവനു സാധിക്കുന്നില്ല. ഭൂപൃഷ്ഠത്തുള്ള മനോഹരമായ വസ്തുക്കൾ കണ്ടു് ആനന്ദിക്കുന്നതിനും അവനു നിവൃത്തിയില്ല. അന്ധകാരപൂർണ്ണമായ ഒരു ഗുഹയിൽ ആയുഷ്കാലം മുഴുവൻ അടയ്ക്കപ്പെട്ടിരിക്കുന്ന ഒരുവനോടു് അവനെ ഉപമിക്കാം. കാഴ്ചയില്ലാത്തവനു് വിദ്യാഭ്യാസം അസാദ്ധ്യമല്ലെങ്കിലും ദുഷ്കരമാണു്. തന്മൂലം നയനങ്ങൾക്കു കേടുപററി അന്ധനായിത്തീരാതിരിപ്പാൻ എല്ലാവരും ജാഗ്രതയുള്ളവരായിരിക്കേണ്ടതാണു്.

കണ്ണുകൾക്കുണ്ടാകുന്ന പല രോഗങ്ങളുടെയും കാരണം ശിശുപ്രായത്തിൽ കണ്ണു വേണ്ടവിധം സൂക്ഷിക്കാത്തതാണു്. ശിശു ജനിച്ചാലുടൻതന്നെ അതിന്റെ കണ്ണുകൾ ബോറിക് ആസിഡുകൊണ്ടു കഴുകണം. ശിശു ഉറങ്ങിക്കിടക്കുമ്പോൾ ഈച്ചകൾ കണ്ണിൽ വന്നിരുന്നു് അതിൽ രോഗബീജങ്ങൾ കലർത്താതിരിക്കുവാൻ ശ്രദ്ധിക്കണം. ശിശുവിന്റെ കിടക്കയുടെ ചുററും ചെറിയ കൊതുകുവല ഇടുന്നതു് ഈച്ചകളെ അകററിനിറുത്തുവാൻ ഉപകരിക്കും. ഉഷ്ണകാലത്തു് കണ്ണുകളിൽ പഴുപ്പു നിറയുന്ന ഒരുമാതിരി രോഗം ശിശുക്കൾക്കുണ്ടാകാറുണ്ടു്. ഈച്ചകൾമൂലം ഈ രോഗം വളരെ വേഗം പകരുന്നതാണു്.

കുട്ടികളുടെ പാഠപുസ്തകങ്ങൾ വലിയ അക്ഷരത്തിൽ തെളിവായി അച്ചടിച്ചിട്ടുള്ളവയായിരിക്കണം. ക്ലാസുമുറികൾ ശരിയായി വെളിച്ചം പ്രവേശിക്കുന്നതായിരിക്കണം. ചുവപ്പുപനി, മസൂരി മുതലായ രോഗങ്ങൾ കണ്ണിനു് ഹാനികരമാണു്. തന്മൂലം ഈ രോഗങ്ങൾ ബാധിക്കുന്ന കുട്ടികൾ രോഗബാധ നീങ്ങി വളരെ ദിവസങ്ങൾ കഴിഞ്ഞ ശേഷമേ വായിക്കാൻ അനുവദിക്കാവൂ.

കണ്ണിൽ എന്തെങ്കിലും വീഴുമ്പോൾ കൈകൊണ്ടു തിരുമ്മുകയോ കൈത്തുവാലകൊണ്ടു തുടയ്ക്കുകയോ അരുതു്. കൈയിൽ പലവിധമായ അഴുക്കുകൾ പററുന്നതിനാലും മൂക്കു തുടയ്ക്കുന്നതിനും മററും ഉപയോഗിക്കുന്ന കൈത്തുവാലയിൽ രോഗാണുക്കൾ ഉണ്ടായിരിക്കാവുന്നതിനാലും കൈകൊണ്ടു തിരുമ്മുകയോ തുവാലകൊണ്ടു തുടയ്ക്കുകയോ ചെയ്യുമ്പോൾ കണ്ണിനു രോഗമുണ്ടാകാൻ ഇടയുണ്ടു്. അഴുക്കോ പൊടിയോ കണ്ണിൽ വീണാൽ ബോറിക് ആസിഡുപൗഡർ ഇട്ട വെള്ളംകൊണ്ടു കഴുകിക്കളയുകയാണു് വേണ്ടതു്. ബോറിക് ആസിഡ് ഇല്ലാത്തപക്ഷം ശുദ്ധജലം ഉപയോഗിക്കണം.

പുകവലി, മദ്യപാനം എന്നിവ കണ്ണിനു ദോഷകരമാണു്. ഇവമൂലം പല നയനരോഗങ്ങളും ഉണ്ടാകാറുണ്ടു്. കഠിനമായ എല്ലാ നയനരോഗങ്ങളും പകരുന്നവയാണു്. കണ്ണുരോഗങ്ങൾ ബാധിച്ച ആളുകൾ ഉപയോഗിക്കുന്ന തുവർത്തുകൾ, തുവാലകൾ, സോപ്പുകൾ, പാത്രങ്ങൾ മുതലായവമൂലമാണു് ഈ രോഗങ്ങൾ പകരുന്നതു്. തന്മൂലം ഒരു വീട്ടിൽ ഒരാൾക്കു കണ്ണിനു രോഗമുണ്ടായാൽ അയാൾ ഉപയോഗിക്കുന്ന സാധനങ്ങൾ ഒന്നും മററുള്ളവർ എടുത്തു് ഉപയോഗിക്കരുതു്. രോഗിയെ ശുശ്രൂഷിച്ചുകഴിഞ്ഞാൽ ഉടനെ സോപ്പും ചൂടുവെള്ളവുംകൊണ്ടു് കൈകൾ നല്ലവണ്ണം കഴുകണം. കാഴ്ചയ്ക്കു ന്യൂനതയുണ്ടായാൽ ഉടനെ കണ്ണാശുപത്രിയിൽ ചെന്നു കണ്ണു പരിശോധിപ്പിച്ചു് തക്ക കണ്ണാടി വാങ്ങി ഉപയോഗിക്കണം. വഴിനീളം നടന്നു കണ്ണാടി വില്ക്കുന്നവരുടെ പക്കൽനിന്നും വാങ്ങി ഉപയോഗിക്കുന്നതു് ഒരിക്കലും നന്നല്ല.

നല്ല വെളിച്ചമില്ലാത്ത സ്ഥലത്തിരുന്നു വായിക്കുകയോ ചിത്രത്തയ്യൽ മുതലായി കണ്ണിനു ക്ഷീണം തട്ടിക്കുന്ന പ്രവൃത്തികൾ ചെയ്കയോ അരുതു്. സൂര്യന്റെ നേരെ മുഖം തിരിഞ്ഞിരുന്നു് ഒരിക്കലും വായിക്കരുതു്. നല്ല പ്രകാശമുള്ള വിളക്കുകൾക്കു് അഭിമുഖമായിരുന്നു വായിക്കുന്നതും കണ്ണിനു ദോഷകരമാണു്. പുക കണ്ണിനു ദോഷം ചെയ്യും. അടുപ്പിന്റെ അരികെ നിന്നു ഭക്ഷണം പാകം ചെയ്യുന്നവർ പുക കണ്ണിൽ കയറാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. അടുപ്പിനു് പുകക്കുഴൽ ഉണ്ടായിരുന്നാൽ തീ കത്തിക്കുന്ന അവസരങ്ങളിൽ പുക ഗൃഹത്തിൽ പരക്കാതെ പുറത്തേക്കു പൊയ്ക്കൊള്ളും. തന്മൂലം കഴിവുള്ള ഗൃഹങ്ങളിലെല്ലാം പുകക്കുഴൽ ഉണ്ടാക്കേണ്ടതാണു്.

---

ബ. അൽഫോൻസാമ്മയുടെയും വി. അന്തോനീസിന്റെയും സഹായത്താൽ എന്റെ സഹോദരൻ അപകടകരമായ ശസ്ത്രക്രിയയിൽനിന്നും സുഖം പ്രാപിച്ചതിനു ഉപകാരസ്മരണ.

Miss Rosa Paul Aloor
Aranattukara

---

## "കാരിത്താസ്" കണ്ടുകെട്ടി

പോളണ്ടിലെ കത്തോലിക്കരുടെ നേതൃത്വത്തിൽ സാധുജനസംരക്ഷണം പ്രശസ്തമായിനടത്തിവന്ന ഒരു പരോപകാരസംഘടനയാണു് "കാരിത്താസ്". അവിടത്തെ കമ്മ്യൂണിസ്റ്റ് ഗവമ്മെന്റു് ഇപ്പോഴതു "ദേശീയ"മാക്കിയിരിക്കുന്നു. അതു "പ്രഭുക്കന്മാരുടെയും മുമ്പിലത്തെ ഭൂവുടമസ്ഥന്മാരുടെയും നാസിചാരന്മാരുടെയും" ഒരു സംഘടനയായിരുന്നെന്നും, ധനവിനിമയത്തിൽ പല ക്രമക്കേടുകളുമുണ്ടായിരുന്നെന്നും മററുമാണു് പ്രസ്തുത നടപടി സ്വീകരിക്കാൻ ഗവമ്മെന്റിനു പ്രേരണ നല്കിയവയായി പറയപ്പെടുന്ന കാരണങ്ങൾ.

## ബോസ്കോ ബാലരംഗം

പ്രയത്നം പ്രാർത്ഥന പ്രസന്നത



Bosco Children's Club (ബി. സി. സി.)

## ഹൃദയം റോമയ്ക്കു്

പ്രിയ കുഞ്ഞുങ്ങളേ,

നിങ്ങൾ ഡാനിയൽ ഒക്കോണൽ എന്നു കേട്ടിട്ടുണ്ടോ? ഐർലൻറിലെ ഒരു വലിയ നേതാവായിരുന്നു അദ്ദേഹം. ബ്രിട്ടീഷു പാർലമെൻറിൽ സാമാജികനായി തിരഞ്ഞെടുക്കപ്പെട്ട അവസരത്തിൽ, കത്തോലിക്കർക്ക് എതിരായുള്ള ഒരു സത്യപ്രതിജ്ഞ ചെയ്യുന്നതിനു നിർബന്ധിക്കപ്പെട്ടെങ്കിലും അദ്ദേഹമതിനു സമ്മതിച്ചില്ല. തൽക്കാരണത്താൽ രാഷ്ട്രീയരംഗത്തു് ഒരു കോളിളക്കമുണ്ടായി. ഒരു ആഭ്യന്തരസമരം തന്നെ പൊട്ടിപ്പുറപ്പെട്ടേക്കുമോ എന്നു ഗവർമ്മെൻറു ഭയപ്പെട്ടു. അവസാനം, 1829-ൽ കത്തോലിക്കർക്കു സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടു് ഒരു നിയമം പാസ്സാക്കപ്പെട്ടു. ഈ സംഭവം നിമിത്തം ഒക്കോണലിൻെറ പ്രശസ്തി പതിന്മടങ്ങു വർദ്ധിച്ചു. അദ്ദേഹം ഐർലൻറിൻെറ "കിരീടം വയ്ക്കാത്ത രാജാവു്" ആയിത്തീർന്നെന്നു പറയാം. ഒക്കോണലിനോടു ഐറിഷുജനത പ്രദർശിപ്പിച്ചിരുന്ന സ്നേഹവും ബഹുമാനവും അനന്യസാധാരണമായിരുന്നു. ഏവംവിധം ഐർലൻറുകാരുടെ അനിഷേധ്യനേതാവായി വിരാജിച്ചിരുന്ന അദ്ദേഹം സദാ ഒരുത്തമ കത്തോലിക്കനായിട്ടാണു വർത്തിച്ചിരുന്നതു്. റോമാസിംഹാസനത്തോടു് അദ്ദേഹത്തിനുണ്ടായിരുന്ന ഭക്തി അചഞ്ചലമായിരുന്നു. റോമയിൽക്കിടന്നു മരിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. അതിനായി അദ്ദേഹം അങ്ങോട്ടു പുറപ്പെട്ടെങ്കിലും വഴിമദ്ധ്യേ, ജനോവയിൽവച്ചു് 1847-ൽ നിര്യാതനാകയാണു ചെയ്തതു്. അദ്ദേഹത്തിൻെറ ചരമത്തിൻെറ ശതാബ്ദപൂർത്തി 3 കൊല്ലം മുമ്പു് ആഘോഷപൂർവ്വം കൊണ്ടാടപ്പെട്ടു. മരിക്കുന്നതിനുമുമ്പു് ഒക്കോണൽ പറഞ്ഞ വാക്കുകൾ ശ്രദ്ധാർഹമായിരിക്കുന്നു: "എൻെറ ശരീരം ഐർലൻറിനു്, എൻെറ ഹൃദയം റോമയ്ക്കു്, എൻെറ ആത്മാവു് ദൈവത്തിനു്." അതനുസരിച്ചു്, ഹൃദയം റോമയിലും ശരീരത്തിൻെറ ശേഷംഭാഗം ഐർലൻറിലും കൊണ്ടുപോയി സംസ്കരിക്കപ്പെട്ടു.

പ്രിയ കുഞ്ഞുങ്ങളേ, ഒരുത്തമ കത്തോലിക്കൻെറ ലക്ഷണമാണു് തൻെറ ഹൃദയം റോമയ്ക്കു കൊടുക്കുക—മാർപ്പാപ്പാതിരുമേനിയെ സ്നേഹിക്കുക—എന്നതു്. അവിടുന്നു ഈശോമിശിഹായുടെ പ്രതിനിധിയാണു്. ആകയാൽ നാം പരിശുദ്ധപിതാവിനെ സ്നേഹിക്കുമ്പോൾ ഈശോയെത്തന്നെ സ്നേഹിക്കുന്നു. പരിശുദ്ധ പിതാവിനെ അനുസരിക്കുമ്പോൾ ഈശോയെത്തന്നെ അനുസരിക്കുന്നു. "നിങ്ങളെ കേൾക്കുന്നവൻ, എന്നെ കേൾക്കുന്നു. നിങ്ങളെ നിരസിക്കുന്നവൻ എന്നേയും നിരസിക്കുന്നു" എന്നാണല്ലോ കർത്താവു് അരുളിച്ചെയ്തിരിക്കുന്നതു്. മാത്രമല്ല, തൻെറ സഹോദരരിൽ ഏററവും ചെറിയവനു ചെയ്യപ്പെടുന്ന സഹായംപോലും തന്നോടുതന്നെ ചെയ്യപ്പെടുന്നതായി താൻ പരിഗണിക്കുമെന്നും ഈശോ വാഗ്ദാനം ചെയ്തിരിക്കുന്നു. ആ സ്ഥിതിക്കു തൻെറ പ്രതിനിധിയോടു കാണിക്കുന്ന സ്നേഹവും ബഹുമാനവും തന്നോടുതന്നെ കാണിക്കുന്നവയായി അവിടുന്നു പരിഗണിക്കാതിരിക്കുമോ?

ക്രിസ്തുവിൻെറ വികാരിയുടെ നേർക്കു നാം കാണിക്കേണ്ട ആദരവിനെക്കുറിച്ചു 11-ാം പീയൂസു മാർപ്പാപ്പാ പറഞ്ഞിരിക്കുന്നതു ശ്രവിച്ചാലും: "പാപ്പായെ സ്നേഹിക്കുന്നവർ അദ്ദേഹം കല്പിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യുന്നതിനെ വിമർശിക്കുകയില്ല. അവർ തങ്ങളുടെ അനുസരണത്തിനു് അതിരു കല്പിക്കുകയോ, ഏതുകാര്യങ്ങളിലെല്ലാമാണു് അനുസരിക്കേണ്ടതെന്നു നിർണ്ണയിക്കുകയോ ചെയ്കയില്ല. വാക്കോ ലേഖനങ്ങളോ മററു് ഔദ്യോഗികരേഖകളോ മുഖേന പലപ്പോഴും വെളിപ്പെടുത്തിട്ടുള്ള സത്യങ്ങളെ ഓരോ വ്യക്തിയോടും ആവർത്തിക്കുവാൻ അദ്ദേഹം ചുമതലക്കാരനായിരുന്നാലെന്നതുപോലെ, അദ്ദേഹം വേണ്ടിടത്തോളം സ്പഷ്ടമായി പറഞ്ഞിട്ടില്ലെന്നു പ്രസ്താവിച്ചുകൊണ്ടു് അവർ അദ്ദേഹത്തിൽ കുററം ആരോപിക്കുകയുമില്ല. അദ്ദേഹത്തിൻെറ കല്പനകൾ അദ്ദേഹത്തിനു ചുററുമുള്ളവരിൽ നിന്നാണു്, അല്ലാതെ അദ്ദേഹത്തിൽനിന്നല്ല പുറപ്പെടുന്നതു് എന്നു പറയുകയും അവയെപ്പററി ചോദ്യംചെയ്കയുമില്ല."

പ്രായോഗികമായി, പരിശുദ്ധപിതാവിൻെറ നേർക്കുള്ള ഭക്തിയും സ്നേഹവും എങ്ങനെയാണു പ്രദർശിപ്പിക്കേണ്ടതു്? ആദ്യമേതന്നെ, അവിടുന്നു നമ്മെ ഭരിക്കുന്നതിനായി നിയമിച്ചാക്കുന്ന മെത്രാന്മാരേയും, അദ്ദേഹം നിയമിക്കുന്ന വികാരിമാരേയും സ്നേഹിക്കയും അനുസരിക്കയും വേണം. മനുഷ്യസഹജമായ കുററങ്ങളും കുറവുകളും എല്ലാവരിലും ഉണ്ടാകാം. ഈശോയുടെ നേർക്കുള്ള സ്നേഹത്തെപ്രതി അവയെല്ലാം മറന്നുകളയണം. നാം ചെയ്യേണ്ട മറെറാരു കാര്യം, മാർപ്പാപ്പാതിരുമേനിക്കുവേണ്ടിയും അവിടുത്തെ ഉദ്ദേശ്യങ്ങൾ സാധിക്കുന്നതിനുവേണ്ടിയും നിരന്തരം പ്രാർത്ഥിക്കുകയെന്നതാണു്. കത്തോലിക്കാസഭയാകുന്ന മഹാകുടുംബത്തിൻെറ തലവനാണവിടുന്നു്. ആകയാൽ എത്രയേറെ മാനസികക്ലേശങ്ങളാണു അവിടുന്നു് അനുഭവിക്കേണ്ടിവരുന്നതു്. അവിടുത്തെ മക്കളായ കത്തോലിക്കർ ലോകത്തിൻെറ ഓരോരോ ഭാഗങ്ങളിൽ പീഡിപ്പിക്കപ്പെടുമ്പോൾ അവിടുത്തെ പൈതൃകഹൃദയത്തെ അതു വേദനപ്പെടുത്താതിരിക്കുമോ? ഇപ്പോഴാണെങ്കിൽ, പരിശുദ്ധപിതാവിൻെറ ആരോഗ്യത്തിനും കോട്ടംതട്ടിയിരിക്കുന്നു. ആകയാൽ ഈ അവസരത്തിൽ നമ്മുടെ പ്രാർത്ഥന ശതഗുണീഭവിപ്പിക്കേണ്ടതാണു്. വിശിഷ്യ കുഞ്ഞുങ്ങളായ നിങ്ങളുടെ പ്രാർത്ഥന ഈശോയ്ക്കു ഏററവും സ്വീകാര്യമായിരിക്കും. പരിശുദ്ധപിതാവിനു സുഖം ലഭിക്കുന്നതിനുവേണ്ടി ദിവസംതോറും നിങ്ങളോരോരുത്തരും ഓരോ നന്മനിറഞ്ഞമറിയം വീതമെങ്കിലുംചൊല്ലികാഴ്ചവയ്ക്കണമെന്നാണു വല്യച്ചൻെറ ആഗ്രഹം. അടുത്ത ഞായറാഴ്ച പാപ്പാദിനമാണെന്നറിയാമല്ലോ. അന്നു നിങ്ങളെല്ലാവരും കുമ്പസാരിച്ചു വിശുദ്ധ കുർബാന സ്വീകരിച്ചു പരിശുദ്ധപിതാവിനുവേണ്ടി കാഴ്ചവയ്ക്കണം. അന്നു നടത്തുന്ന ഘോഷയാത്രകളിലും പൊതുയോഗങ്ങളിലും ഉത്സാഹപൂർവ്വം പങ്കെടുക്കുകയും വേണം. "പോപ്പുരാജൻ വിജയിക്കട്ടെ" എന്നു വിളിച്ചുപറഞ്ഞുകൊണ്ടു തിരുസ്സഭാതലവൻെറ നേർക്കുള്ള ഭക്തി പ്രകാശിപ്പിക്കുവാനും ഉത്സാഹിക്കണം. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ.

ബ. അൽഫോൻസമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു് നന്ദി. E. V. G., Kothamangalam.

## പോപ്പുരാജമംഗളഗാനം

(വിദ്വാൻ ജോസഫ് പള്ളിപ്പാടൻ, ഇടപ്പള്ളി)
"ജനഗണമന" എന്ന മട്ടു്.

ജയ! ജയ! ജയ! വരശ്രേഷ്ഠ! ജയഹേ! പോപ്പുമഹോന്നതരാജൻ!
1 കത്തോലിക്കാസഭതൻ വരതാതാ! പാവനവരപരിപൂതാ!
ക്രിസ്തുമഹേശ്വര വരപദനീതാ! വൈദിക ഭവ്യപരീതാ!
തിരുമതസാരേ ലോകേ, തവഗുണസഞ്ചരയാഗേ, ഭാതി, തവപദശീധാ
ജയ! പരമാത്മഗുണപ്രദ! ജയ! ഹേ! പോപ്പുമഹോന്നതരാജൻ!
ജയ! ഹേ! ജയ! ഹേ! ജയ! ഹേ! ജയ! ജയ! ജയ! ജയ! ഹേ! (ജയ! ജയ!)
2 ജനദുരിതാപഹമംഗളപന്ഥാവനുദിനസൂചിത ശ്രീദാ!
സന്തതനിർമ്മലപരിമോദേന സുചരിത! ചിരമിഹ താതാ!
ഗുണഗണമഞ്ജുളരാശേ! സുകൃതസുവാദികളാകെ ലോകേശ്വരനയിതാതാ!
തവപുതുമുദമൊടു നല്കുമെ ജയ! ഹേ! പോപ്പുമഹോന്നതരാജൻ!
ജയ! ഹേ! ജയ! ഹേ! ജയ! ഹേ! ജയ! ജയ! ജയ! ജയ! ഹേ!

നിങ്ങൾക്കു സന്തോഷകരമായ ഒരു വാർത്ത അറിയിച്ചുകൊള്ളട്ടെ. ഫാത്തിമായിൽവച്ചു മാതാവിനെ കണ്ട മൂന്നു കുട്ടികളിൽ ജസിന്തയും ഫ്രാൻസിസും മരിച്ചുപോയല്ലോ. അവരെ സിദ്ധർ എന്നു നാമകരണം ചെയ്യുന്നതിനു നടപടികൾ ആരംഭിച്ചിരിക്കുന്നു. അവരുടെ പുണ്യപൂർണ്ണതയെപ്പററി അന്വേഷണം നടത്തുന്നതിനു ഇക്കഴിഞ്ഞ ഡിസംബർ 21-ാംനു- ലീരിയായിലെ മെത്രാൻ ഒരു ഔദ്യോഗികസമിതിയെ നിയമിക്കയുണ്ടായിട്ടുണ്ടു്. ജസിന്തയും ഫ്രാൻസിസും സിദ്ധർ എന്നു പേർ വിളിക്കപ്പെടുന്നതു കുഞ്ഞുങ്ങളായ നിങ്ങൾക്കു എത്ര അഭിമാനകരമായിരിക്കും! ആകയാൽ അക്കാര്യം സാധിക്കുന്നതിനുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. അനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി അവരോടും പ്രാർത്ഥിക്കുവിൻ. അവർ നിങ്ങൾക്കുവേണ്ടി അത്ഭുതങ്ങൾ തന്നെ പ്രവർത്തിച്ചുവെന്നു വരാവുന്നതാണു്. അവർ സിദ്ധർ എന്നു പേർ വിളിക്കപ്പെടുന്നതിനു ഈരണ്ടു അത്ഭുതങ്ങൾ ആവശ്യമാണല്ലോ.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

1 "ഭാരതമേ, നിൻെറ രക്ഷ നിൻെറ സന്താനങ്ങളിൽ സ്ഥിതിചെയ്യുന്നു" എന്നരുളിച്ചെയ്ത മാർപ്പാപ്പാ ഏതാണു്?

2 ഇൻഡ്യൻ ഹൈരാർക്കി സ്ഥാപിതമായതു് എന്നാണു്?

3 എത്ര പ്രോവിൻസുകളായിട്ടാണു് ഇൻഡ്യ വിഭജിക്കപ്പെട്ടതു്?

4 ഇൻഡ്യയിലേക്കു ഇദംപ്രഥമമായി ഒരു ഡലഗാപ്പ്സ്തോലിക്ക നിയമിതനായതെന്നാണു്? അതാരായിരുന്നു?

5 ഏതു മാർപ്പാപ്പായുടെ കാലത്താണു് കേരളസുറിയാനി ഹൈരാർക്കി പുനഃസ്ഥാപിതമായതു്?

ഉത്തരങ്ങൾ

1 ലെയോ 13-ാമൻ.
2 1887-ൽ.
3 ഏഴു്.
4 1884-ൽ. മോൺ. അലിയാർഡി.
5 11-ാം പീയൂസ് മാർപ്പാപ്പായുടെ.




"ജോണീ, ഞാൻ നടക്കുന്നതു ധൃതിയിലായിപ്പോകുന്നുണ്ടോ?"
"ഇല്ല, അപ്പാ! ധൃതിയിൽ നടക്കുന്നതു ഞാനാണു്."

* * *

പത്രാധിപർ: മന്ത്രി എന്തൊക്കെയാണു സംസാരിച്ചതു്?
റിപ്പോർട്ടർ: മന്ത്രി ഒന്നും പറഞ്ഞില്ല.
പത്രാധിപർ: എന്നാൽ അതെപ്പററിയുള്ള ന്യൂസ് ഒരു കോളത്തിൽക്കൂടരുത്.

* * *

തോമാച്ചേട്ടൻ ഒരെഴുത്തെഴുതി അഞ്ചലിൽ ഇടാനായി ജോണിയെ ഏല്പിച്ചു അവൻ അതു അഞ്ചലിൽ ഇടാൻ മറന്നുപോയി. രണ്ടു ദിവസം കഴിഞ്ഞു തോമാച്ചേട്ടൻ പെട്ടെന്നു മരിക്കുന്നതിനു് ഇടവന്നു. അതിനുശേഷമാണു ജോണി എഴുത്തിൻെറ കാര്യം ഓർത്തതു്. അതു അഞ്ചലിൽ ഇടുന്നതിനുമുമ്പു അവൻ അടിയിൽ ഇപ്രകാരമൊരു കുറിപ്പു ചേർത്തു: "P. S. മേൽക്കാണിച്ച വിവരങ്ങൾ എഴുതിയശേഷം ഞാൻ പെട്ടെന്നു മരിച്ചുപോയി. സ്വന്തം തോമാ."

* * *

പ്രൊഫസർ: വിദ്യാർത്ഥികൾ നിത്യേന ഉപയോഗിക്കുന്ന മൂന്നു വാക്കുകൾ പറക.
തോമസ്: എനിക്കു് അറിയാൻ പാടില്ല.
പ്രൊഫസർ: അതു ശരി.

## Prayer composed by His Holiness Pius XII for the Holy Year

Almighty and Everlasting God, we thank Thee with our whole soul for the great gift of the Holy Year. O heavenly Father, Thou who seest all things, and searchest and rulest the hearts of men, make them ready to hear, in this time of grace and salvation, the voice of Thy Son. May the Holy Year be for all a time of cleansing and of growth in holiness, of interior life and reparation, the year of the great return and the great pardon. Grant unto those who are suffering persecution for the faith, Thy Spirit of fortitude. Bind them in bonds unbreakable to Thy Christ and His Church. Protect, O Lord, the Vicar of Thy Son on earth, the bishops, the priests, the religious, the faithful. Grant that all, priests and layfolk, young, old and aged, in close union of mind and heart, may be as a firm rock against which will be broken the fury of Thine enemies. Let Thy grace enkindle in all men love of those unhappy people whom poverty and misery have brought down to a state of life unbefitting human kind. Make to live once more in the hearts of those that call Thee Father a hunger and thirst for social justice and brotherly love in deed and in truth. 'Give peace, O Lord, in our time,' peace in our souls, peace in families, peace in our land, peace among nations. May the rainbow of peace and reconciliation once more shelter in the arc of its serene light that land hallowed by the life and Passion of Thy divine Son. God of all consolation, deep is our misery, heavy our sins, numberless our needs. Yet all the more do we trust in Thee. We know our unworthiness, yet with childlike trust we put our destiny in Thy hands, joining our feeble prayers with the intercession and the merits of the most glorious Virgin Mary and of all the saints. Grant unto the sick resignation and healing; to youth a strong faith; to maidens purity; to fathers the well-being and holiness of the family; to mothers the fruitful fulfilling of their mission to teach their children; to orphans protecting love; to refugees and prisoners a return to their country; to all—Thy grace, the pledge of eternal happiness and the preparation for heaven. Amen.

*Partial Indulgence of seven years toties quoties. Plenary Indulgence (on the usual conditions) once a month if the prayer is said daily.*

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ

Vol. 23 || ERNAKULAM, MARCH 8 1950 || No. 28


# തിരുനാൾമംഗളം

വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി, തിരുവല്ലാരൂപതാദ്ധ്യക്ഷൻ റൈററ് റവ. മാർ സെവേരിയോസ്, കൊച്ചി മെത്രാൻ റൈററ് റവ. ഡോക്ടർ ജോസ് അൽവർനസ് എന്നീ മൂന്നു അഭിവന്ദ്യതിരുമേനിമാരുടെ നാമകാരണനായ വിശുദ്ധ യൗസേപ്പിന്റെ മരണതിരുനാൾ ആഘോഷിക്കുന്നതു് ഈ മാർച്ചുമാസം 19-ാംനു-യാണല്ലൊ. തിരുമേനിമാർക്കു് സത്യദീപം പുത്രനിർവ്വിശേഷമായ സ്നേഹത്തോടും ഭക്ത്യാദരവുകളോടുംകൂടി സകലവിധമംഗളങ്ങളും മംശംസിച്ചുകൊള്ളുന്നു. പൈതൃകവാത്സല്യം നിറഞ്ഞ തിരുമേനിമാർ മൂന്നു പേരിൽനിന്നും ഈ പത്രശിശുവിന്നു ലഭിച്ചിട്ടുള്ളതും ലഭിച്ചുകൊണ്ടിരിക്കുന്നതുമായ സഹായങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനു ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ. തിരുമേനിമാർവഴി കേരളക്രിസ്തീയസഭയ്ക്കു പൊതുവിലും സ്വാജഗണങ്ങൾക്കു പ്രത്യേകമായും ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾ നിരവധിയാണ്.



സാധുജനസംരക്ഷകൻ, വിദ്യാഭ്യാസപ്രവർത്തകൻ എന്നീ നിലകളിൽ ഡോക്ടർ അട്ടിപ്പേററി തിരുമനസ്സിലെ നാമം പ്രഖ്യാതമായിരിക്കുന്നു. പുനരൈക്യപ്രണേതാവു എന്ന നിലയിൽ മാർ സെവേരിയോസു തിരുമേനിചെയ്തുവരുന്ന സേവനങ്ങൾ കേരളസഭാചരിത്രത്തിൽ സ്വർണ്ണലിപികളിൽ രേഖപ്പെടുത്തപ്പെടേണ്ടവയാണ്. അനുഗ്രഹദായികയായ ഫാത്തിമാമാതാവിന്റെ തിരുസ്വരൂപം കേരളത്തിൽ പര്യടനം നടത്തുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്ത ഡോക്ടർ അൽവർനസ് തിരുമേനിയോടു് മരിയാഭക്തരായ കേരളീയർ എന്നെന്നും കൃതജ്ഞരായിരിക്കും. ഏവംവിധം കേരളക്രിസ്തീയനഭോമണ്ഡലത്തിലെ സമുജ്ജ്വലതാരങ്ങളായി പ്രശോഭിക്കുന്ന വന്ദ്യതിരുമേനിമാർക്കു് ആയുസ്സും ആരോഗ്യവും മറെറല്ലാ അനുഗ്രഹങ്ങളും സർവ്വശക്തനായ ദൈവം പ്രദാനം ചെയ്യുമാറാകട്ടെ.





# "ഈ പാറമേൽ"

ക്രിസ്തുവും വി. പത്രോസും തമ്മിൽ ആദ്യമായി കാണുന്ന രംഗം വി. യോഹന്നാൻ സുവിശേഷകൻ ചിത്രീകരിച്ചിട്ടുണ്ടു്. "ഈശോ അദ്ദേഹത്തെ സൂക്ഷിച്ചുനോക്കിക്കൊണ്ടു പറഞ്ഞു, നീ യോനായുടെ പുത്രനായ ശീമോനാകുന്നു; നീ കേപ്പാ എന്നു വിളിക്കപ്പെടും." ഈ വാക്കുകളെ തുടർന്നു യോഹന്നാൻ പറയുന്നു, കേപ്പായെന്നും പത്രോസെന്നും ഉള്ളതിന്റെ അർത്ഥം ഒന്നുതന്നെയാണെന്നു്. ശീമോൻ എന്ന പേർ മാററി അതിനുപകരം കേപ്പാ എന്ന പേർ ക്രിസ്തു കൊടുത്തുവെന്നും ആ പേരിന്റെ അർത്ഥം പത്രോസു് എന്നുതന്നെയാണെന്നുമാണല്ലോ വി. യോഹന്നാൻ എഴുതിയിരിക്കുന്ന ഈ വാക്കുകളുടെ അർത്ഥം. ഇനി നമുക്കു വേറൊരു രംഗത്തിലേക്കു ദൃഷ്ടിതിരിക്കാം. വി. മത്തായിയുടെ സുവിശേഷം 16-ാം അദ്ധ്യായം 18-ാം വാക്യമാണതു്. "നീ പത്രോസാകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും," എന്നു ക്രിസ്തു പത്രോസിനോടു പറയുന്നു. "ഈ പാറമേൽ" എന്നു ക്രിസ്തു പറഞ്ഞതു് പത്രോസ് എന്ന ആളെ ഉദ്ദേശിച്ചാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ക്രിസ്തു ഈ വാക്കുകൾ ഉച്ചരിച്ചതു് അവിടുന്നു സംസാരിച്ചിരുന്ന അറമായ ഭാഷയിലാണ്. ആ ഭാഷയിൽ പത്രോസ് എന്നതിനും പാറയെന്നതിനും ഉപയോഗിച്ചിരിക്കുന്ന പദം "കേപ്പ" എന്നാണ്. അറമായഭാഷയോടു് വളരെ സാമ്യമുള്ള സുറിയാനിഭാഷയിൽ ഈ വാക്കുകൾ തർജ്ജിമചെയ്തിരിക്കുന്നതിങ്ങനെയാണ്: "അന്തു കേപ്പാ, അൽ ഹാദേ കേപ്പാ". പാറ എന്ന പദം ആളെ ഉദ്ദേശിച്ചും വസ്തുവിനെ ഉദ്ദേശിച്ചും ഉപയോഗിച്ചിരിക്കുന്ന രണ്ടിടത്തും കേപ്പാ എന്ന പദം ആണു് കാണുന്നതു്. അറമായ സുറിയാനിഭാഷകളിൽ ആളെ സംബന്ധിച്ചും വസ്തുവിനെ സംബന്ധിച്ചും ലിംഗവ്യത്യാസം കൂടാതെയാണു് കേപ്പാ എന്ന പദം ഉപയോഗിക്കുന്നതു്. എന്നാൽ ഗ്രീക്കുഭാഷയിൽ അങ്ങനെയല്ല. ആളെ സംബന്ധിക്കുമ്പോൾ പുല്ലിംഗരൂപവും വസ്തുവിനെ സംബന്ധിക്കുമ്പോൾ സ്ത്രീലിംഗരൂപവും ആ ഭാഷ ആവശ്യപ്പെടുന്നു. തന്നിമിത്തം ക്രിസ്തുവിന്റെ അറമായഭാഷയിലെ പ്രസ്തുതവാക്കുകൾ ഗ്രീക്കുഭാഷയിലേക്കു പരിഭാഷപ്പെടുത്തിയപ്പോൾ ആളെ സംബന്ധിക്കുന്നിടത്തു "പേത്രോസു" എന്നും, വസ്തുവിനെ സംബന്ധിക്കുന്നിടത്തു "പേത്രാ" എന്നും ഉപയോഗിച്ചു തന്മൂലം ക്രിസ്തു തന്റെ സഭയെ പത്രോസിന്റെ മേലല്ല പണുതിരിക്കുന്നതെന്നു ഗ്രീക്കു തർജ്ജിമയെ ആധാരമാക്കി വാദിക്കുന്നതിൽ യാതൊരു യുക്തിയുമില്ല. ക്രിസ്തു തന്റെ മുൻപിൽ നില്ക്കുന്ന ശീമോൻ എന്ന വ്യക്തിയെ ഏകവചനത്തിൽ "നീ" എന്നു സംബോധനചെയ്യുന്നു. അനന്തരം താൻ അദ്ദേഹത്തിനു നേരത്തേ കൊടുത്ത പുതിയ പേർ ഉപയോഗിച്ചുകൊണ്ടു് "നീ കേപ്പായാകുന്നു" എന്നു് അരുളിച്ചെയ്യുന്നു. അതിനെ തുടർന്നാണു് "ഈ കേപ്പായുടെമേൽ ഞാൻ എന്റെ സഭയെ പണിയും" എന്നു അവിടുന്നു പ്രസ്താവിക്കുന്നതു്. "ഈ" എന്ന ചുട്ടെഴുത്തു് അടുത്തു മുമ്പു പറഞ്ഞ യാതൊന്നിനെയാണല്ലോ കുറിക്കുന്നതു്. അടുത്തു മുൻപു് പറഞ്ഞ കേപ്പാ ക്രിസ്തുവിന്റെ മുൻപിൽ നില്ക്കുന്ന ശീമോൻ എന്ന വ്യക്തിയാണു്. തന്മൂലം രണ്ടാമതു പറഞ്ഞ കേപ്പാ ആ വ്യക്തിയെത്തന്നെയാണു് കുറിക്കുന്നതെന്നു് സ്പഷ്ടമല്ലയോ?

## സന്ദർഭം

സന്ദർഭവും ഇതു തെളിയിക്കുന്നു "ഈ പാറമേൽ" എന്ന വാക്കുകൾ പത്രോസു് എന്ന ആളെ ഉദ്ദേശിച്ചല്ലാ ക്രിസ്തു പറഞ്ഞിട്ടുള്ളതെങ്കിൽ അവിടുത്തെ വാക്കുകൾക്കു യാതൊരർത്ഥവും ഇല്ലെന്നു് അവ ഉച്ചരിക്കപ്പെട്ട സന്ദർഭത്തിൽനിന്നു കാണാൻ കഴിയും. താൻ ആരാണെന്നാണു് മനുഷ്യർ പറയുന്നതെന്നു ക്രിസ്തു ശ്ലീഹന്മാരോടു ചോദിക്കുന്നു. യോഹന്നാൻ മാംദാനായോ, ഏലിയാസോ, ജറേമിയാസോ മററതെങ്കിലും ഒരു പ്രവാചകനോ ആണെന്നാണു് മനുഷ്യരുടെ അഭിപ്രായമെന്നു ശ്ലീഹന്മാർ മറുപടി പറയുന്നു. ആ അഭിപ്രായങ്ങളെല്ലാം അയഥാർത്ഥമാകയാൽ തന്നെപ്പററി ശ്ലീഹന്മാർ എന്താണു് വിചാരിക്കുന്നതെന്നു് ക്രിസ്തു അവരോടു ചോദിക്കുന്നു. അതിനു മറുപടി പറയുന്നതു് പത്രോസാണു്. അവിടുന്നു ദൈവപുത്രനാണെന്നാണു് പത്രോസിന്റെ മറുപടി. ക്രിസ്തുവിന്റെ ദൈവത്വം പത്രോസു ഇത്ര സ്പഷ്ടമായി ഏററുപറഞ്ഞതിൽ അവിടുന്നു അത്യാനന്ദം പൂണ്ടു. സ്വർഗ്ഗസ്ഥനായ പിതാവിന്റെ വെളിപാടുവഴിയായിട്ടുതന്നെയാണു് പത്രോസു് ഈ മഹാരഹസ്യം മനസ്സിലാക്കിയതെന്നു പറഞ്ഞുകൊണ്ടു അവിടുന്നു് അദ്ദേഹത്തെ അനുമോദിക്കുന്നു. തദനന്തരം ആ വിശ്വാസപ്രഖ്യാപനത്തിനു സമ്മാനമായി പത്രോസിനു് ക്രിസ്തു തന്റെ സഭയിൽ അനന്യസാധാരണങ്ങളായ സ്ഥാനമാനങ്ങളും അധികാരങ്ങളും വാഗ്ദാനംചെയ്യുന്നു. ആ വാഗ്ദാനങ്ങളിൽ ആദ്യത്തേതാണു് ശീമോനെ തന്റെ സഭയുടെ അടിസ്ഥാനമായ പാറയായി നിശ്ചയിക്കുമെന്നു ക്രിസ്തു പറഞ്ഞ വാക്യം. അതിനെ തുടന്നു സ്വർഗ്ഗരാജ്യമാകുന്ന തിരുസ്സഭയുടെ താക്കോലുകൾ ശീമോനു താൻ കൊടുക്കുമെന്നും, ശീമോൻ ഭൂമിയിൽ കെട്ടുന്നതും അഴിക്കുന്നതുമെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെടുകയും, അഴിക്കപ്പെടുകയും ചെയ്യുമെന്നും ക്രിസ്തു വാഗ്ദാനംചെയ്യുന്നു. ഒടുവിലത്തെ രണ്ടു വാഗ്ദാനങ്ങളുടേയും അർത്ഥം ക്രിസ്തു സ്ഥാപിക്കുന്ന സഭയിൽ പരമാധികാരം ശീമോനു നൽകപ്പെടുമെന്നാണല്ലോ. ഇതേ ആശയംതന്നെയായിരിക്കണം ആദ്യത്തെ വാഗ്ദാനത്തിലും അടങ്ങിയിരിക്കുന്നതു്. ശീമോനെന്ന വ്യക്തിയെയാണു് തിരുസ്സഭയുടെ അടിസ്ഥാനമായ പാറയായി നിയമിക്കുവാൻ ക്രിസ്തു ഉദ്ദേശിക്കുന്നതെന്നു വ്യാഖ്യാനിക്കാത്തപക്ഷം പ്രസ്തുതാശയം ക്രിസ്തുവിന്റെ വാഗ്ദാനത്തിൽ ഉൾക്കൊണ്ടിട്ടില്ലെന്നു സമ്മതിക്കേണ്ടിവരും. ആകയാൽ ക്രിസ്തുവിന്റെ വാക്കുകളുടെ സന്ദർഭവും പൂർവ്വാപരബന്ധവും തെളിയിക്കുന്നു, "ഈ പാറമേൽ" എന്ന പ്രയോഗം ശീമോൻ എന്ന ആളെ ഉദ്ദേശിച്ചാണെന്നു്.

സഭാപിതാക്കന്മാർ പ്രസ്തുത വാക്കുകൾക്കു് ഈ വ്യാഖ്യാനമാണു് സാമാന്യമായി നൽകിയിട്ടുള്ളതു്. ഉദാഹരണമായി തെർത്തുല്യൻ പറയുന്നു: "പാറയെന്നുവിളിക്കപ്പെട്ട പത്രോസിന്റെ മേലാണു് സഭ പണിയപ്പെട്ടിരിക്കുന്നതു്; അദ്ദേഹത്തിനാണു് സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ലഭിച്ചിരിക്കുന്നതു്." വിശുദ്ധ സിപ്രിയൻ എഴുതിയിരിക്കുന്നതിങ്ങനെയാണു്: "പത്രോസിനെ കർത്താവു് ഒന്നാമനായി തിരഞ്ഞെടുത്തു; അദ്ദേഹത്തിന്റെ മേൽ അവിടുന്നു തന്റെ സഭയെ പണുതു."

ഈ വ്യാഖ്യാനം ഏററവും സ്വാഭാവികവും യുക്തിപൂർവ്വകവുമായിരിക്കുന്നതിനാൽ അനേകം പ്രോട്ടസ്റ്റൻറു് വേദപുസ്തകവ്യാഖ്യാതാക്കൾ ഇതാണു് സ്വീകരിച്ചിരിക്കുന്നതു്. ആൽഫോഡു് (Alford), ബ്ളൂമ്ഫീൽഡു് (Blloomfield), കീൽ (Keil), മാൻസെൽ (Mansel), മാർഷു് (Marsh), റോസു്മുള്ളർ (Rosemuller), സീഫർട്ടു് (Seifert), തോംസൺ (Thompson), വീസു് (Weiss) മുതലായവർ ഈ ഗണത്തിൽ പെടുന്നു. ഗ്ലാസു്ഗോയിലെ തോംസൺ പറയുന്നതുകേട്ടാലും: "പാറ പത്രോസാകുന്നു. ആ പാറമേലാണു് ക്രിസ്തു തന്റെ സഭ പണിയപ്പെടേണ്ടതെന്നു പറഞ്ഞതു്. വാക്കുകളുടെ പരസ്പരബന്ധവും സന്ദർഭവും ഈ അർത്ഥത്തോടു യോജിക്കുന്നു. മറെറാരു വ്യാഖ്യാനത്തിലും എന്തോ ചിലതു കുത്തിച്ചെലുത്തപ്പെട്ടതായി കാണപ്പെടുന്നു. പ്രോട്ടസ്റ്റൻറുകാർക്കു അനാവശ്യകങ്ങളായ ഭീതികളുള്ളതായി തോന്നുന്നു. തന്മൂലം കത്തോലിക്കാവ്യാഖ്യാനം യുക്തിഹീനമാണെന്നു കാണിക്കുവാനുള്ള അവരുടെ ശ്രമങ്ങളിൽ നിയമാധീനമല്ലാത്ത വിമർശത്തിന്റെ സകലതുനിവുകളും അവർ വിനിയോഗിച്ചിട്ടുണ്ടു്."

## എതിർവാദങ്ങൾ

സഭയുടെ അടിസ്ഥാനമായ പാറ ക്രിസ്തുവാണെന്നും, പത്രോസിനെപ്പോലെ മററു ശ്ലീഹന്മാരും സഭയുടെ അടിസ്ഥാനങ്ങളാണെന്നും, തന്മൂലം പത്രോസിനെ സഭയുടെ അടിസ്ഥാനമായ പാറയായി സ്വീകരിക്കാവുന്നതല്ലെന്നും ചിലർ എതിർവാദങ്ങൾ പുറപ്പെടുവിക്കാറുണ്ടു്. അതിനാധാരമായി പൗലോസു് ശ്ലീഹായുടേയും മററും ചില വാക്യങ്ങൾ ഉദ്ധരിക്കാറുമുണ്ടു്. എന്നാൽ ഈ ആക്ഷേപങ്ങളൊന്നും കത്തോലിക്കാവ്യാഖ്യാനത്തിനു ബാധകമല്ല. ക്രിസ്തു പാറയാണെന്നും, പത്രോസു് പാറയാണെന്നുമുള്ള പ്രസ്താവങ്ങൾ പരസ്പരവിരുദ്ധങ്ങളല്ല. ക്രിസ്തുവും പത്രോസും പാറയായിരിക്കുന്നതു വ്യത്യസ്തങ്ങളായ വിധങ്ങളിലാണെന്നേയുള്ളു. ദൈവമായ ക്രിസ്തു സ്വശക്തിയാൽ പാറയാണു്. സഭയുടെ സ്ഥാപകനെന്ന നിലയിൽ പാറയാണു്. ഈ അർത്ഥങ്ങളിൽ ക്രിസ്തു മാത്രമാണു പാറ. എന്നാൽ പത്രോസു് പാറയായിരിക്കുന്നതു സ്വശക്തിയാലല്ല, ക്രിസ്തുവിന്റെ ശക്തിയാലാണു്; പത്രോസു് പാറയായിരിക്കുന്നതു് ക്രിസ്തു സ്ഥാപിച്ച സഭയുടെ കാണപ്പെട്ടതലവൻ എന്ന നിലയിലാണു്. ക്രിസ്തു സ്വതന്ത്രനായി പാറയാണെന്നും പത്രോസു് ക്രിസ്തുവിനു വിധേയനായി പാറയാണെന്നും താല്പര്യം. ആകയാൽ ക്രിസ്തു പാറയാണെന്നു സമ്മതിക്കുന്നതിൽനിന്നു പത്രോസു് പാറയാണെന്നു സമ്മതിക്കാതിരിക്കണമെന്നില്ല. ഈ സമാധാനം മഹാസഭാപിതാവു് വിശുദ്ധ ലെയോ 1500 വർഷങ്ങൾക്കു മുൻപു് പറഞ്ഞിട്ടുള്ളതാണു്. "നീ പത്രോസാകുന്നു, അതായതു്. ഞാൻ (ക്രിസ്തു) അചാല്യനായ പാറയാകുന്നു; ഞാൻ പ്രധാന മൂലക്കല്ലാകുന്നു. എന്നുവരികിലും നീയും (പത്രോസു്) ഒരു പാറയാകുന്നു. എന്തുകൊണ്ടെന്നാൽ എന്റെ ശക്തിയാൽ നീ ഉറപ്പിക്കപ്പെട്ടിരിക്കുന്നു. തന്മൂലം എന്റെ ശക്തിയാൽ എനിക്കുള്ളതു്, അതിൽ നിനക്കു ഞാൻ പങ്കു തന്നിരിക്കകൊണ്ടു്, നിനക്കും ലഭിച്ചിരിക്കുന്നു." താൻ പാറയാണെങ്കിലും പത്രോസിനേയും താൻ പാറയാക്കിയിരിക്കുന്നുവെന്നു ക്രിസ്തു പറയുന്നതായിട്ടാണല്ലോ ക്രിസ്തു പത്രോസിനോടു പറഞ്ഞ വാക്കുകൾ ഈ സഭാപിതാവു് വ്യാഖ്യാനിക്കുന്നതു്.

"യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറെറാന്നു് ഇടുവാൻ ആർക്കും കഴിയുകയില്ല" എന്നു പൗലോസു് ശ്ലീഹാ പറഞ്ഞിരിക്കുന്നതു് സഭയിലെ ഭരണാധികാരമെന്ന അടിസ്ഥാനത്തെപ്പററിയല്ല, പ്രത്യുത സുവിശേഷപ്രസംഗങ്ങളിലെ അടിസ്ഥാനത്തെപ്പററിയാണു്. തന്റെ സുവിശേഷപ്രസംഗങ്ങളുടെ അടിസ്ഥാനം ക്രിസ്തുവിന്റെ ദൈവത്വവും പരിത്രാണവും മററും സംബന്ധിച്ചുള്ള തത്വോപദേശങ്ങളാണെന്നാണു് ശ്ലീഹ പ്രസ്തുതവാക്യത്തിൽ പറയുന്നതു്. ആകയാൽ ഈ

വാക്യം പത്രോസു പാറയാണെന്നുള്ള വ്യാഖ്യാനത്തിനു ഒട്ടുംതന്നെ ബാധകമല്ല.

"നിങ്ങളെ അപ്പോസ്തോലന്മാരും പ്രവാചകന്മാരുമെന്ന അടിസ്ഥാനത്തിന്മേൽ പണുതീരിക്കുന്നു" എന്ന പൗലോസ്ശ്ലീഹായുടെ വാക്യവും സുവിശേഷപ്രസംഗത്തെപ്പററിയാണ്. "പ്രവാചകന്മാരും" എന്ന വാക്കുതന്നെ ഇതിനു തെളിവാണ്. പ്രവാചകന്മാർ പ്രസംഗകന്മാരാണ്, അല്ലാതെ സഭയിലെ ഭരണാധികാരികളല്ല. ആകയാൽ ഈ വാക്യം കത്തോലിക്കാവ്യാഖ്യാനത്തെ സ്പർശിക്കുന്നില്ല. അപ്പൊസ്തോലന്മാർ അപ്രമാദവരമുള്ള ആദ്യത്തെ പ്രസംഗികന്മാരായതുകൊണ്ട് അവരെ സഭയുടെ അടിസ്ഥാനമെന്നു ന്യായമായി വിളിക്കാം. സഭാഭരണത്തിൽ പത്രോസിന്റെ കീഴിൽ അപ്പൊസ്തോലന്മാർക്കു സ്ഥാനമുള്ളതുകൊണ്ട് ആ അർത്ഥത്തിലും അവരെ സഭയുടെ അടിസ്ഥാനമെന്നു വിളിക്കാൻ ന്യായമുണ്ട്. എന്നാൽ ഇതൊന്നും പത്രോസു പാറയാണെന്നുള്ള വ്യാഖ്യാനത്തിനു ബാധകമല്ലതന്നെ. "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെടും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിൽ അഴിക്കപ്പെടും" എന്നു ശ്ലീഹന്മാരോടു പൊതുവായി ക്രിസ്തു അരുളിച്ചെയ്തു. ഇവിടെ കെട്ടാനും അഴിക്കാനുമുള്ള അധികാരം, സമാധികാരം, സകല ശ്ലീഹന്മാർക്കുംകൂടി പൊതുവിൽ നൽകിയിരിക്കുകയാണല്ലോ. ശ്ലീഹന്മാരിൽ ഒരാളെന്ന നിലയിൽ അതു പത്രോസിനും ലഭിച്ചിട്ടുണ്ട്. എന്നാൽ പത്രോസിനോടു തനിച്ച് "നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെടും നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിൽ അഴിക്കപ്പെടും" എന്നു മററൊരവസരത്തിൽ ക്രിസ്തു അരുളിച്ചെയ്തു അതായതു ശ്ലീഹന്മാർക്കെല്ലാവർക്കുംകൂടി പൊതുവിൽ കൊടുത്ത ഈ അധികാരം പത്രോസിനു തനിച്ചു കൊടുത്തിരിക്കുന്നു. സഭയിൽ സകലമാനപേരും ശ്ലീഹന്മാരുടെ പൊതുവായ ഭരണാധികാരത്തിനു കീഴ്പെട്ടവരാണെന്നും എന്നാൽ ശ്ലീഹന്മാർ പതിനൊന്നു പേരും പത്രോസിന്റെ അധികാരത്തിനു കീഴ്പെട്ടവരാണെന്നുമല്ലയോ പ്രസ്തുത രണ്ടുവാക്യങ്ങളും സംയോജിപ്പിച്ചു വ്യാഖ്യാനിച്ചാൽ ന്യായമായി ലഭിക്കുന്ന നിഗമനം? ആകയാൽ ശ്ലീഹന്മാർ പൊതുവിൽ സഭയുടെ അടിസ്ഥാനങ്ങളാണെന്നു പറയുന്നതുകൊണ്ട് അവർ പത്രോസിനു തുല്യരായ അടിസ്ഥാനമാണെന്നു വരുന്നില്ല. അടിസ്ഥാനമായിരിക്കുന്ന അവർ പത്രോസാകുന്ന പാറമേൽ ഉറപ്പിക്കപ്പെട്ടിരിക്കയാണ്. "നീ നിന്റെ സഹോദരന്മാരെ സ്ഥിരീകരിക്കുക" എന്നു പത്രോസിനോടു തനിച്ചു ക്രിസ്തു അരുളിച്ചെയ്തതിന്റെയും അർത്ഥം ഇതുതന്നെയല്ലാതെ മററെന്താണ്? ആകയാൽ പത്രോസെന്ന വ്യക്തിയെയാണ് ക്രിസ്തു തന്റെ സഭയുടെ അടിസ്ഥാനപാറയായി നിയമിച്ചിരിക്കുന്നത്. "പത്രോസ് എവിടെയോ, അവിടെയാണു സഭ" എന്ന ആദിമസഭയിലെ ആപ്തവാക്യം എത്രയോ അർത്ഥഗർഭം? പത്രോസും അനുഗാമികളുമില്ലാത്തിടത്തു് ക്രിസ്തുവിന്റെ സഭയില്ലതന്നെ. അതുകൊണ്ടാണ് ക്രിസ്തീയപുനരൈക്യം യഥാർത്ഥമാകണമെങ്കിൽ ഇതരസഭകൾ പത്രോസിന്റെയും അനുഗാമികളുടെയും പരമാധിപത്യം സ്വീകരിച്ചു കത്തോലിക്കാസഭയിലേക്കു പിന്തിരിയണമെന്നു പറയുന്നത്.

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## കലണ്ടർ

"ദി ട്രേഡിംഗ് കോർപറേഷൻ ലിമിററഡ് മട്ടാഞ്ചേരി" എന്ന കമ്പനിക്കാർ അയച്ചുതന്ന മനോഹരമായ കലണ്ടർ കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു.

## പ്രസാധകക്കുറിപ്പുകൾ

### പ്രതീക്ഷകൾ യഥാർത്ഥമായി

അകത്തോലിക്കരുമായി മതവിഷയങ്ങളെപ്പററി ചർച്ചചെയ്യുന്നതിനു പൊതുസമ്മേളനങ്ങൾ നടത്തുന്നതു സംബന്ധിച്ചു റോമിൽനിന്നു ചില പുതിയ നിർദ്ദേശങ്ങൾ നല്കപ്പെടുന്നതാണെന്നൊരു ശ്രുതി പരന്നിട്ട് ഏതാനും നാളുകളായി. ഇംഗ്ലണ്ടിലെ ടൈംസ്, ഡെയിലി മെയിൽ മുതലായ പത്രങ്ങളുടെ ലേഖകന്മാർവഴിയാണ് ആ വാർത്തയ്ക്കു പ്രചാരം ലഭിച്ചതു്. രണ്ടാഴ്ചമുമ്പു ലണ്ടനിലെ "കാത്തലിക് ഹെരൽഡ്" പത്രത്തിന്റെ പ്രതിനിധി, റോമിലെ ഗ്രിഗോരിയൻ സർവ്വകലാശാലയിലെ വേദശാസ്ത്രവകുപ്പിന്റെ അദ്ധ്യക്ഷനായ റവ. ഫാദർ ബോയർ എസ്. ജെ. യെ കണ്ടു സംഭാഷണം നടത്തിയപ്പോൾ വത്തിക്കാൻ മേൽപ്പറഞ്ഞ കാര്യം സംബന്ധിച്ച് ഒരു പ്രമാണരേഖ തയ്യാറാക്കിവരുകയാണെന്നു മറുപടി നല്കുകയുണ്ടായി. അകത്തോലിക്കരുടെ പുനരൈക്യത്തിനുള്ള മാർഗ്ഗം തെളിക്കുന്നതിനുവേണ്ടി പരിശുദ്ധപിതാവിനാൽ നിയുക്തമായിരിക്കുന്ന ഒരു സംഘടനയുണ്ട്, "ഊനിത്താസ്" എന്ന പേരിൽ. അതിന്റെ അദ്ധ്യക്ഷനാണ് ഫാദർ ബോയർ. ആകയാൽ അദ്ദേഹത്തിന്റെ പ്രസ്താവനയ്ക്കു കത്തോലിക്കാപത്രങ്ങൾ വളരെയധികം വിലകല്പിക്കുകയുണ്ടായി. ഏവംവിധം കുറെ നാളുകളായി പുലർത്തിവന്ന പ്രതീക്ഷകൾ യഥാർത്ഥമായി പരിണമിച്ചിരിക്കുന്നുവെന്നാണ് പി. ടി. ഐ. വാർത്താവിതരണ സംഘക്കാർ ഈയിടെ പ്രസിദ്ധപ്പെടുത്തിയ ഒരു വാർത്തയിൽനിന്നനുമാനിക്കേണ്ടതു്.

### കോൺഫറൻസുകൾ നടത്താം

പ്രസ്തുത വാർത്തയനുസരിച്ച്, അകത്തോലിക്കാ ക്രിസ്ത്യാനികളുമായി കോൺഫറൻസുകൾ നടത്താൻ കത്തോലിക്കർക്ക് അനുമതി നല്കുന്നതിനു് മെത്രാന്മാരെ അധികാരപ്പെടുത്തുന്ന ഒരു വിജ്ഞാപനം ഇക്കഴിഞ്ഞ ഫെബ്രുവരി 28-ാംനു- "ഹോളി ഓഫീസ്" തിരുസംഘം പ്രസിദ്ധീകരിച്ചിരിക്കുന്നു. പ്രസ്തുത തിരുസംഘമാണ് വിശ്വാസസംബന്ധമായ കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നതു്. പുതിയ ഈ അനുമതി നല്കിയതിൽ പരിശുദ്ധ സിംഹാസനത്തിന്റെ ഉദ്ദേശ്യം പ്രോട്ടസ്റ്റൻറുകാരുടേയും മററും പുനരൈക്യം സുഗമമാക്കുക എന്നുള്ളതാണ്. അവരുടെ തെററിദ്ധാരണങ്ങൾ മാററുന്നതിനും, വിവാദവിഷയങ്ങളെപ്പററി ചർച്ചചെയ്യുന്നതിനുംവേണ്ടി അവരും കത്തോലിക്കരുമൊരുമിച്ച് നടത്തുന്ന പൊതുസമ്മേളനങ്ങൾ ഉപകാരപ്രദമായിരിക്കും. അത്തരം വാദപ്രതിവാദയോഗങ്ങൾ നടത്തുന്നതിനു മുൻകാലങ്ങളിൽ സാധാരണമായി തിരുസിംഹാസനത്തിന്റെ അനുമതി വേണ്ടിയിരുന്നു. അങ്ങനെ അനുമതി വാങ്ങുന്നതിനു സമയമില്ലാത്ത അടിയന്തിരഘട്ടങ്ങളിൽ മാത്രമേ, യോഗം നടത്തുന്നതിനു അനുവാദം നല്കാൻ മെത്രാനു അധികാരമുണ്ടായിരുന്നുള്ളു. (can. 1325, 3). ഇപ്പോഴാകട്ടെ, സാധാരണസാഹചര്യങ്ങളിൽപ്പോലും മെത്രാനു പ്രസ്തുതാനുവാദം നല്കാമെന്നാണ് പുതിയവിജ്ഞാപനത്തിലെ നിർദ്ദേശം. പക്ഷെ മൂന്നുകൊല്ലത്തേക്കുമാത്രമാണു ഈ അധികാരം മെത്രാന്മാർക്കു നല്കപ്പെട്ടിരിക്കുന്നതു്.

### പ്രാർത്ഥനകൾ

മേല്പറഞ്ഞ തരം കോൺഫറൻസുകളുടെ ആരംഭത്തിലും അവസാനത്തിലും "ആകാശങ്ങളിലിരിക്കുന്ന" ജപമോ, കത്തോലിക്കരുപയോഗിക്കുന്ന മറേറതെങ്കിലും പ്രാർത്ഥനയോ ചൊല്ലുന്നതിനും തിരുസംഘം അനുവദിച്ചിരിക്കുന്നു. എന്നാൽ മററു ക്രിസ്തീയ വിഭാഗക്കാരുടെ യാതൊരു മതകർമ്മത്തിലും കത്തോലിക്കർ പങ്കുവഹിക്കുവാൻ പാടില്ലെന്ന സംഗതി തിരുസംഘം പ്രത്യേകം അനുസ്മരിപ്പിക്കുന്നുണ്ട്. മാത്രമല്ല, സാർവ്വദേശീയമോ ദേശീയമോ വിവിധ രൂപതകൾ ചേർന്നുള്ളതോ ആയ കോൺഫറൻസുകൾ നടത്തുന്നതിനു മാർപ്പാപ്പായുടെ പ്രത്യേകാനുമതി വേണമെന്നും തിരുസംഘം ചൂണ്ടിക്കാണിച്ചിരിക്കുന്നു.

### ഐക്യത്തിന്റെ സ്വഭാവം

കത്തോലിക്കാസഭ അർത്ഥമാക്കുന്നതരം ഐക്യമാണ് പ്രസ്തുതാനുകൂല്യങ്ങൾ നല്കുന്നതിൽ തിരുസംഘത്തിന്റെ ലക്ഷ്യമെന്നു പ്രത്യേകം ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. ഏകവും സത്യവുമായ വിശ്വാസത്തിലേക്കുള്ള പ്രത്യാഗമനമായിട്ടല്ലാതെ ഐക്യത്തെ നിരൂപിക്കാൻ കത്തോലിക്കർ സാദ്ധ്യമല്ല. വിവിധ ക്രിസ്തീയവകുപ്പുകളുടെ ഒരു ഫെഡറേഷൻ സ്ഥാപിക്കണമെന്ന വാദത്തെ സഭ ഒരിക്കലും സ്വാഗതം ചെയ്കയില്ല. മാർഗ്ഗഭ്രംശിതർ പിതാവിന്റെ ഭവനത്തിലേക്കു തിരികെ വരികയാണു വേണ്ടതു്. ഇതാണ് ഏഴു പോയിൻറുകളും 4000 വാക്കുകളുമടങ്ങിയ പുതിയ വിജ്ഞാപനത്തിന്റെ സാരം. പ്രസ്തുത ലിഖിതത്തിന്റെ പൂർണ്ണരൂപം ലഭിക്കുമ്പോൾ അതു തർജ്ജിമചെയ്തു സത്യദീപപംക്തികളിൽ പ്രസിദ്ധപ്പെടുത്താൻ ഞങ്ങൾ ശ്രമിക്കുന്നതാണ്.

സംഗീതത്തിലൂടെ ആത്മാവിനെ ഭക്തിയിൽ ലയിപ്പിക്കുന്ന

രണ്ടുപുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| കാൽവരിയിലേയ്ക്കു് | 0—1—6 | By R. J. K. |
| ആരാധനസ്തവങ്ങൾ | 0—2—0 | |

മാനേജർ എൽ എഫ് പ്രസ്സ്, മഞ്ഞുമ്മൽ

## വിജ്ഞാപനം

☞ അടുത്തയാഴ്ചയിൽ സത്യദീപം പുറപ്പെടുന്നതല്ല. കൊല്ലത്തിൽ 48 ലക്കമേ ഉണ്ടായിരിക്കയുള്ളുവെന്നു് നേരത്തേ വിജ്ഞാപനംചെയ്തിട്ടുള്ളതാണല്ലോ.

### ജർമ്മൻ ഗവൺമെൻറു് മേധാവി

## കത്തോലിക്കൻ

പുതിയ പശ്ചിമ ജർമ്മൻ സ്റ്റേററിന്റെ ഭരണാധികാരിയായി ഭവിച്ചിരിക്കുന്ന ചാൻസലർ കൊൻറാഡ് അഡെനാവൂർ അനുദിനം ദിവ്യകാരുണ്യം സ്വീകരിച്ചുവരുന്ന ഒരുത്തമ കത്തോലിക്കനാണ്. നാസികളുടെ ഉപദ്രവങ്ങളിൽനിന്നും രക്ഷപ്രാപിക്കുന്നതിനായി മരിയ ലാക്കിലെ ബെനഡിക്ടൈൻ ആശ്രമത്തിലാണ് അദ്ദേഹം അഭയം തേടിയതും. അവിടെ ദീർഘനാൾ വസിക്കയുണ്ടായി. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം 16 കൊല്ലക്കാലം അദ്ദേഹം ജർമ്മനിയിൽ കൊളോഞ്ഞു നഗരത്തിലെ മേയറായിരുന്നു. 1933-ൽ നാസികൾ അധികാരത്തിൽ വന്നപ്പോൾ ഡോക്ടർ അഡനാവൂർ സ്ഥാനഭ്രഷ്ടനായിയെന്നു മാത്രമല്ല സ്വദേശമായ കൊളോഞ്ഞിൽനിന്നു ബഹിഷ്കൃതനാകയും ചെയ്തു. രണ്ടു പ്രാവശ്യം അദ്ദേഹം ജസ്റ്റാപ്പൊപോലീസിനാൽ അറസ്റ്റു് ചെയ്യപ്പെട്ടിട്ടുണ്ട്. ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ക്രിസ്റ്റ്യൻ ഡെമൊക്രാററ് കക്ഷി വിജയം വരിക്കയാൽ അദ്ദേഹം പുതിയ ജർമ്മൻ ഫെഡറേഷനിലെ പ്രധാനമന്ത്രി (ചാൻസലർ) ആയി ഭവിച്ചു. ഡോക്ടർ അഡനാവൂർ പാർലമെൻറിൽ ചെയ്ത ഒന്നാമത്തെ പ്രസംഗത്തിൽ ജർമ്മൻകാരുടെ നേർക്കു പരിശുദ്ധപിതാവു് പ്രദർശിപ്പിച്ചിട്ടുള്ള സ്നേഹത്തിനു നന്ദി പ്രകാശിപ്പിക്കയുണ്ടായി. അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ 13 അംഗങ്ങളിൽ 7 പേരും പാർലമെൻറിലെ മൂന്നിലൊരുഭാഗം സാമാജികരും കത്തോലിക്കരാണ്.



എറണാകുളം മാതൃസംഘം രക്ഷാധികാരിയും ഭാരവാഹികളും അംഗങ്ങളും.

## അങ്കമാലി ഫൊറോനാപ്പള്ളിയിലെ മുണ്ടാടൻ ബ. പ്രഞ്ചു തര്യാക്കോസ് അച്ചന്റെ ശവസംസ്കാരാവസരത്തിൽ എടുത്ത ഫോട്ടോ



പരേതൻ അങ്കമാലിയിലെ പുരാതനവും കുലീനവുമായ മുണ്ടാടൻ കുടുംബത്തിൽ 1856-ൽ ജനിച്ചു. ഗുരുപ്പട്ടമേററതിനുശേഷം കൊരട്ടി, മഞ്ഞപ്ര, കിഴക്കമ്പലം, വല്ലകം, കാട്ടുകററി, പറപ്പൂക്കര, മൂണ്ടൂർ, എടനാട്ട് ആദിയായ ഇടവകകളിൽ വികാരിയായി കൃത്യനിഷ്ഠയോടും സ്തുത്യർഹമായും ഭരണം നടത്തി അനേകം പള്ളികളും പള്ളിമേടകളും പണികഴിപ്പിച്ചു. 92-ാം വയസ്സുവരെ ദിവ്യബലി അർപ്പിച്ചുകൊണ്ടിരുന്നു. ഇദ്ദേഹം വാർദ്ധക്യസഹജമായ സുഖക്കേടിനാൽ സ്വഭവനത്തിൽ കഴിച്ചുകൂട്ടിയപ്പോൾ രണ്ടുമൂന്നുപ്രാവശ്യം എറണാകുളം മെത്രാപ്പോലീത്താ തിരുമേനി വന്നു സന്ദർശിച്ച് തന്റെ സ്നേഹവാത്സല്യാനുഗ്രഹത്തോടുകൂടിയ ഉപദേശം നൽകിയിട്ടുണ്ട്. അന്ത്യകൂദാശകളും അവസാനവാഴ്വും സ്വീകരിച്ച് 1950 ജനുവരി 16-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. പരേതന്റെ മൃതശരീരം മഹാവന്ദ്യ ദിവ്യശ്രീ എറണാകുളം മെത്രാപ്പോലീത്താ തിരുമേനി, റവ മോൺ. ജോർജ്ജ് വലിയറമ്പത്തു, റവ മോൺ. തോമസ് നെടുങ്കല്ലൽ, കൊവേന്തപട്ടക്കാർ, അയൽ ഇടവകകളിലെ ബ. വികാരിമാർ, മററനേകം വൈദികർ, അങ്കമാലി, കാഞ്ഞൂർ, മലയാററൂർ, കൊരട്ടി, മഞ്ഞപ്ര എന്നീ ഇടവകകളിലെ ദർശനസമൂഹക്കാർ, കന്യാസ്ത്രീകൾ, അനേകം ഇടവകജനങ്ങൾ, നാനാജാതിമതസ്ഥരായ പൗരമുഖ്യർ, ആദിയായവരുടെ സാന്നിദ്ധ്യത്തിൽ, ആഘോഷസമന്വിതം, അങ്കമാലി ഫൊറോനാപള്ളിയിൽ എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്കരിക്കപ്പെട്ടു. പരേതന്റെ ആത്മാവിനു നിത്യശാന്തി പ്രാർത്ഥിച്ചുകൊള്ളുന്നു.

## ലോകഗുരു

(12-ാം പേജ് തുടർച്ച)

ക്ഷണവും തന്നെ യോജ്യമായ തീരുമാനങ്ങളും സുലഭമായി തിരുമേനിയുടെ ജീവിതത്തിൽ പ്രകടമാകുന്നുണ്ട്. 1946 ഫെബ്രുവരി 18-ാംനു നിയമിച്ച 32 കർദ്ദിനാളന്മാർ ലോകമാസകലമുള്ള മിക്ക പ്രധാനരാജ്യങ്ങളുടെയും പ്രാതിനിധ്യം വഹിക്കുന്നുണ്ട്. ഒരവസരത്തിൽ പല മിഷൻരാജ്യങ്ങളിൽപ്പെട്ട പന്ത്രണ്ടു മെത്രാന്മാർക്കു തിരുമേനി തന്നെ മെത്രാഭിഷേകം നല്കി വിവിധരാജ്യങ്ങളോടുള്ള സ്നേഹം പ്രത്യക്ഷമാക്കിയിരിക്കുന്നു. അന്തർദ്ദേശീയ സമാധാനത്തിനുവേണ്ടി ചെയ്തിട്ടുള്ള പരിശ്രമങ്ങളും നാട്ടും വീട്ടും പരിഗണിക്കാതെ പടയാളികളെപ്പററിയുള്ള വാർത്തകൾ ശേഖരിച്ചു വത്തിക്കാൻ റേഡിയോവഴി ലോകമാസകലം അതാതുസമയം അറിയിച്ചുകൊണ്ടിരുന്നതും തടവുപുള്ളികളെ കൈമാററംചെയ്യുന്നതിനു വേണ്ടി നിരന്തരമായി യത്നിച്ചുകൊണ്ടിരുന്നതും തിരുമേനിയുടെ വിശാലവീക്ഷണത്തിനും ആർദ്രഹൃദയത്തിനും സാക്ഷ്യംവഹിക്കുന്നു. 1946 ജാനവരി 6-ാംനു-യിലെ ഒരു ചാക്രികലേഖനംവഴി യുദ്ധംനിമിത്തം അനാഥരായിത്തീന്ന ബാലരെ സംരക്ഷിക്കുവാൻ ലോകമാസകലമുള്ള കത്തോലിക്കർക്ക് ഒരാഹ്വാനം നല്കുകയും മാർപ്പാപ്പാ തിരുമനസ്സിലെ സഹായഹസ്തം അനേകം അനാഥബാലർക്കു താങ്ങും തണലുമായിത്തീരുകയും ചെയ്തു.

യുദ്ധകാലത്തു റോമാ നഗരത്തിന്റെ സംരക്ഷണം സാധിച്ചതും പരിശുദ്ധപിതാവുതന്നെയാണ്. 1943 ജൂലായി 19-ാംനു റോമാനഗരത്തെ ആദ്യമായി ബോംബുചെയ്യുകയും വി. ലോറൻസിന്റെ ബസിലിക്കയിൽ ബോംബുപതിക്കുകയുംചെയ്തു. ബോംബിങ്ങുകഴിഞ്ഞ ഉടനെ പ്രസ്തുതരംഗങ്ങൾ തിരുമേനി നടന്നുകാണുകയും ക്ഷതരെ ശുശ്രൂഷിക്കുവാൻ ഏർപ്പാടുകൾ ചെയ്യുകയുമുണ്ടായെന്നുള്ളതു സ്മരണീയമാണ്. അന്നു മുതൽ 1944 ജൂൺ 6-ാംനു-വരെ റോമാനഗരത്തിന്റെ പാർശ്വത്തിങ്കൽ പല യുദ്ധങ്ങൾ നടന്നുവെന്നുമാത്രമല്ല റോമയെ ബോംബുചെയ്യേക്കുമെന്നു പല പ്രാവശ്യം ഭയപ്പെടുകയുമുണ്ടായി. നിത്യനഗരത്തെ ബോംബുചെയ്യുന്നതു ലോകചരിത്രത്തിലെ ഏററവും നികൃഷ്ടമായ ഒരദ്ധ്യായമായിരിക്കുമെന്നു യുദ്ധകക്ഷികളെ റേഡിയോവഴിയും മററുവിധത്തിലും ആവർത്തിച്ചാവർത്തിച്ചു അറിയിച്ചു. കത്തോലിക്കാലോകത്തിന്റെ പ്രാർത്ഥനകൾ അഭ്യർത്ഥിച്ചു. തിരുമേനിതന്നെ ഭാരമേറിയ ഒരു കുരിശും വഹിച്ചു അനുതാപപ്രദക്ഷിണങ്ങൾ നടത്തി. അത്ഭുതമേ, റോം വലിയ അപകടം കൂടാതെ സംരക്ഷിക്കപ്പെട്ടു. 1944 ജൂൺ മൂന്നും നാലും തീയതികളിൽ ജർമ്മൻസേനകൾ റോമയിൽനിന്നു നീങ്ങി. ആറാം തീയതി ഞായറാഴ്ച ജനങ്ങൾ വി. പത്രോസിന്റെ അങ്കണത്തിൽ സമ്മേളിച്ചു പരിശുദ്ധപിതാവിനോടു കൃതജ്ഞത പ്രകാശിപ്പിച്ചു. "Defensor Civitatis" നഗരസംരക്ഷകൻ എന്ന ആർപ്പുവിളികൊണ്ട് അന്തരീക്ഷം മുഖരിതമാകതന്നെ ചെയ്തു.

പരിശുദ്ധപിതാവിന്റെ ധർമ്മപ്രവൃത്തികൾ ഏററവും പ്രശസ്യമാണ്. യുദ്ധാഭയാർത്ഥികളായ അനേകർക്കു ഭക്ഷണവും വസ്ത്രവും നല്കുന്നതിനു ഒരു പൊന്തിഫിക്കൽ കമ്മീഷനെ നിയോഗിക്കുകയുണ്ടായി. ഒരിക്കൽ ഈ കമ്മീഷൻ എട്ടരലക്ഷം കുട്ടികൾക്കു അനുദിനം ഭക്ഷണം കൊടുത്തുകൊണ്ടിരുന്നുവെന്നു പറയുമ്പോൾ എത്ര വലിയ തോതിലാണ് അഭയാർത്ഥിസംരക്ഷണം നടത്തിയിരുന്നതെന്നും ഊഹിക്കാമല്ലോ. ദിവസന്തോറും ധനസഹായത്തിനായി ഒരായിരത്തോളം അഭ്യർത്ഥനകൾ പരിശുദ്ധപിതാവിനു ലഭിക്കുന്നുണ്ടെന്നാണു പറയുന്നതു. 1946 മുതൽ ഒരു കൊല്ലത്തിനിടയ്ക്കു നൂററിരണ്ടു കോടി ലിറയ്ക്കുള്ള ഭക്ഷണസാധനങ്ങൾ പരിശുദ്ധപിതാവിന്റെ ധർമ്മസംഘക്കാർ നല്കി. കഴിഞ്ഞ മൂന്നു കൊല്ലത്തിനിടയ്ക്കു മുപ്പത്തഞ്ചുലക്ഷം കോട്ടും നാല്പത്തിനാലുലക്ഷം കളസവും 75 ലക്ഷം ചെരുപ്പും 69 ലക്ഷം കാൽമീസും ആദ്യകുർബാനസ്വീകരണത്തിനുള്ള അഞ്ചുലക്ഷം ഉടുപ്പുകളും ദരിദ്രരുടെ ഇടയിൽ വിതരണം ചെയ്യുകയുണ്ടായി. റോമൻ ആക്രമണഭീതിയുണ്ടായിരുന്നകാലത്തു നിത്യനഗരത്തിൽ തിങ്ങിക്കൂടിയ അഭയാർത്ഥികൾക്കു പരിശുദ്ധപിതാവാണു ഭക്ഷണം നല്കിയതു. (Minesta Del Papa) പരിശുദ്ധപിതാവിന്റെ കഞ്ഞിയെന്നാണ് അതിനു പേർപറഞ്ഞിരുന്നതു.

ഇന്ത്യാക്കാരായ നമ്മോടു പരിശുദ്ധപിതാവു പ്രകാശിപ്പിച്ചിട്ടുള്ള പ്രത്യേകസ്നേഹലക്ഷ്യങ്ങളും ഇവിടെ അനുസ്മരിക്കുന്നതു പ്രയോജനകരമായിരിക്കുമല്ലോ. രക്തസാക്ഷിയായി രാമനാട്ടു കൊല്ലപ്പെട്ട ജോൺ ബ്രിട്ടോയെ വിശുദ്ധരുടെ പട്ടികയിൽ ചേർത്തു പ്രഖ്യാപനംചെയ്തതു പന്ത്രണ്ടാംപീയൂസുമാർപ്പാപ്പായാണ്. കത്തോലിക്കാപ്രവർത്തനത്തെപ്പററി ഇന്ത്യയിലെ മെത്രാന്മാർക്കു തിരുമനസ്സുകൊണ്ടുതന്നെ സ്നേഹപൂർവ്വം ഒരു തിരുവെഴുത്ത് അയയ്ക്കുകയുണ്ടായി. തിരുമേനി പറയുന്നു: "നിങ്ങളുടെ പ്രിയഭൂമി അതിന്റെ ചരിത്രത്തിലെ ഒരു പ്രധാനഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്നു. ഒരു നവയുഗം ഉദയംചെയ്തിട്ടുണ്ട്. നീതിയോടുകൂടിയ സ്വാതന്ത്ര്യത്തിന്റെ ഉജ്ജ്വലമായ ദീപം നിങ്ങളുടെ പ്രിയ ജനങ്ങളുടെ ഹൃദയത്തെ ചൂടുപിടിപ്പിച്ചുകൊണ്ടിരിക്കുന്നു. പുതുതായി ലഭിച്ചിരിക്കുന്ന ദേശീയസ്വാതന്ത്ര്യത്തിന്റെ എരിവിനിടയ്ക്കു നിങ്ങളുടെ മഹാരാജ്യത്തിന്റെ ഭാവി രൂപമെടുത്തുകൊണ്ടിരിക്കയാണ്. ദേശീയപ്രാധാന്യമുള്ള പ്രശ്നങ്ങളെ അഭിമുഖീകരിച്ച് അവയ്ക്കു ഉത്തരം നല്കേണ്ട ഈ ചരിത്രഘട്ടത്തിൽ നിങ്ങളുടെ ശുശ്രൂഷയ്ക്കു ഏല്പിച്ചിരിക്കുന്ന വിശ്വാസികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന തത്വങ്ങളെ തങ്ങളുടെ സഹോദരർക്കു നല്കി നിങ്ങളുടെ രാജ്യത്തിന്റെ ഭാവി രൂപവൽകരണത്തിൽ നല്ല ഒരു പങ്കെടുക്കേണ്ടതാണ്."

ഇന്ത്യയിലെ പ്രഥമ ദേശീയസൂനഹദോസിനു കർദ്ദിനാൾഗിൽറോയിയെ പരിശുദ്ധപിതാവിന്റെ പ്രതിനിധിയായി നിയോഗിച്ചയച്ചതും ദരിദ്രർക്കു ഭക്ഷണസാധനങ്ങളും മററും നല്കുന്നതിനായി രണ്ടുവർഷംമുമ്പ് ഇന്ത്യയിലെ മെത്രാന്മാർക്കു നാല്പതിനായിരം രൂപ അയച്ചതും മാർപ്പാപ്പാതിരുമനസ്സിലേക്കു ഭാരതീയരായ നമ്മളോടുള്ള സ്നേഹാതിരേകത്തിന്റെ ലക്ഷ്യമാണ്.

ഇങ്ങനെ ലോകത്തെ സ്നേഹപൂർവ്വം ദൈവത്തിങ്കലേക്കു ക്ഷണിച്ചുകൊണ്ടിരിക്കുന്ന തിരുമേനിയുടെ കിരീടധാരണവാർഷികം അവിടുത്തെ മക്കൾക്ക് ഏററവും ആനന്ദകരമായ ഒരു സുദിനമാണ്. എന്നാൽ വിശുദ്ധവത്സരത്തിലെ ബൃഹത്തരമായ അദ്ധ്വാനങ്ങളുടെ ഇടയിൽ തിരുമേനിക്കു അനാരോഗ്യത്തിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ട്. ആകയാൽ നമുക്കു പ്രാർത്ഥിക്കാം: "കർത്താവ് അവിടുത്തെ സംരക്ഷിക്കട്ടെ, ദീർഘായുസ്സ് നല്കട്ടെ, ഭൂമിയിൽ അവിടുത്തെ സൗഭാഗ്യവാനാക്കട്ടെ, അവിടുത്തെ ശത്രുക്കളുടെ കരങ്ങളിൽനിന്ന് അവിടുത്തെ കാത്തുസൂക്ഷിക്കുകയും ചെയ്യട്ടെ."

---

ബ. അൽഫോൻസാമ്മയുടെ എല്ലാ അനുഗ്രഹസഹായങ്ങൾക്കും കൃതജ്ഞത.
Thomas Paul Kuttikat, Trichur.

---

## പന്ത്രണ്ടാം പീയൂസ്

(2-ാം പേജ് തുടർച്ച)

വിളിച്ച് മറുപടി ആസൂത്രണംചെയ്തു കൊടുക്കയായി; അന്നത്തെ സായാഹ്നപ്പതിപ്പിൽത്തന്നെ അതു പ്രസിദ്ധീകരിക്കുന്നു. ചിലപ്പോൾ പ്രത്യാഖ്യാനങ്ങൾ കുറേയധികം മയപ്പെട്ടെന്നുവരും. അപ്പോഴെല്ലാം ശക്തിയേറിയഭാഷയിലുള്ള മുഖലേഖനങ്ങൾ ആ പത്രം പ്രസിദ്ധീകരിക്കുന്നതാണ്.

ഇററലിയിലെ താല്ക്കാലികമായ കമ്മ്യൂണിസ്റ്റ് ശിഥിലീകരണംമൂലം, ഉരുക്കുതിരശ്ശീലയ്ക്കപ്പുറമുള്ള രാജ്യങ്ങളിലെ മദ്ദിതവൈദികർക്ക് ആശാകിരണങ്ങൾ പൊഴിച്ചുകൊണ്ടിരിക്കുകയാണ് പോപ്പുരാജൻ. തന്തിരുവടി വിജയിപ്പൂതാക!!

# ഏകകുടുംബം—ഏകലോകം

(ഫാദർ ജോസഫ് പാറയിൽ)

വളരെ കാര്യങ്ങൾ നാം അറിയുന്നു. അനേകം തത്വങ്ങളെ നാം സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ നാം ഏദിസ്ഥമാക്കുന്നവ ചുരുക്കമേയുള്ളൂ. നാം ഏദിസ്ഥമാക്കുന്നതു് നമ്മുടെ സ്വന്തമായിത്തീരുന്നു. ഒരു തത്വം നാം ഏദിസ്ഥമാക്കുമ്പോൾ അതു നമ്മുടെ അംശമായി എന്നുതന്നെ പറയാം. അതു നമ്മുടെ ബോധത്തിലേക്കു കടക്കുന്നതിനു മുമ്പു് അതിനെപ്പററി ഏതാണ്ടൊക്കെ നമുക്കു് അറിവുണ്ടു്. സിനിമാപടങ്ങൾ വിരിയിൽക്കൂടി മിന്നിമറയുന്നതുപോലെ അതു നമ്മുടെ മനസ്സിൽക്കൂടി പാഞ്ഞുപോകുന്നു. അതു നാം ഗ്രഹിക്കുകയോ അതു നമ്മെ ഗ്രഹിക്കുകയോ ചെയ്യുന്നില്ല. എന്നാൽ അതു നാം ഏദിസ്ഥമാക്കിക്കഴിഞ്ഞാൽ, അഥവാ അതു നമ്മുടെ മനസ്സിൽ പതിഞ്ഞുകഴിഞ്ഞാൽ, നമ്മുടെ ചിന്താഗതിക്കു് ആകമാനം അതു നിറം കൊടുക്കുന്നു; നിറംകൊടുത്തു് അതു നമ്മെ പ്രവൃത്തിയിലേക്കു പ്രേരിപ്പിക്കുന്നു. അങ്ങനെ നാം വ്യത്യസ്തമനുഷരായി പരിണമിക്കുന്നു.

ഒരു മഹാതത്വം നാം ഏദിസ്ഥമാക്കുവാനായിക്കൊണ്ടു് പ്രാർത്ഥിക്കണമെന്നു് പരിശുദ്ധ പിതാവു് നമ്മോടു് അഭ്യർത്ഥിക്കുന്നു. സകല കത്തോലിക്കാവിചിന്തനത്തിൻെറയും പ്രവർത്തനത്തിൻെറയും കവാടമാണു് ഈ മഹാതത്വം. ഏകകുടുംബത്തിലെ, ദൈവത്തിൻെറ കുടുംബത്തിലെ, അംഗങ്ങളാണു് നാമെല്ലാവരും. വിവിധജാതികളിലും വിവിധ രാജ്യങ്ങളിലും ഉൾപ്പെട്ടവരാണു് നാം. വിവിധ സംഘങ്ങളിലെയും സമുദായങ്ങളിലെയും അംഗങ്ങളാണു് നാം. അതൊരു സാരമായ കാര്യമല്ല. നാമെല്ലാവരും ഏക കുടുംബത്തിലെ അംഗങ്ങളാണു്. ഇതാണു സർവ്വപ്രധാനമായ തത്വം ഈ തത്വത്തിൻെറ മാഹാത്മ്യം വർണ്ണിക്കുവാൻ വാക്കുകൾക്കു ശക്തി പോരാ.

12-ാം പീയൂസ് മാർപ്പാപ്പാ തിരുമേനി ഈ സർവ്വപ്രധാനമായ തത്വത്തെ ഇപ്രകാരം പ്രകാശിപ്പിച്ചിരിക്കുന്നു:

"സമാധാനകാലത്തെക്കാൾ കഷ്ടതയുടെയും ദുരിതങ്ങളുടെയും കാലത്താണു് എല്ലാ രാജ്യക്കാർക്കും കൂടുതലായി അനുഭവപ്പെടുന്നതു് തങ്ങൾ സഹോദരരാണെന്നു്, ഏക കുടുംബത്തിലെ അംഗങ്ങളാണെന്നു്. ഈ തത്വത്തിൻെറ ആഴത്തെക്കുറിച്ചോ, അതിൻെറ അത്യുൽകൃഷ്ടമായ ദൗത്യത്തെക്കുറിച്ചോ അതിൻെറ സുഖദായകമായ ശക്തിവിശേഷത്തെക്കുറിച്ചോ ഇത്ര നന്നായിട്ടു് ഇന്നോളം ആരു പ്രസ്താവിച്ചിട്ടുണ്ടു് ലോകരക്ഷകനായ ക്രിസ്തുവല്ലാതെ? "അനേകം സഹോദരരിൽ ആദ്യജാതൻ" എന്നല്ലേ രക്ഷകനായ ക്രിസ്തുവിനെ വി. പൗലോസ് വിളിച്ചിരിക്കുന്നതു്? മനുഷ്യരുടെ ഈ സർവ്വസാഹോദര്യത്തെ ബെത്‌ലെഹം മുതൽ ഗാഗുൽത്താവരെ അവിടുന്നു പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. വാക്കുകളെക്കാൾ വളരെ അധികമായിട്ടു് മാതൃകയാലാണു് അവിടുന്നു പ്രഖ്യാപനം ചെയ്തിരിക്കുന്നതു്."

മനുഷ്യരെല്ലാവരും ആദത്തിൻെറ സന്തതികളാണു്. ദൈവമാണു് അവരുടെ സ്രഷ്ടാവും പിതാവും. ക്രിസ്തുവാണു് അവരുടെ രക്ഷകൻ. സകലരും നിത്യസൗഭാഗ്യത്തിൽ എത്തിച്ചേരണം. ഇതാണു് ക്രിസ്തുവിൻെറ അഭിലാഷം. കത്തോലിക്കാസഭ ഉദ്ബോധിപ്പിക്കുന്ന തത്വങ്ങളാണിവ. മനുഷ്യരെല്ലാവരും ഏകകുടുംബത്തിലെ അംഗങ്ങളാണെന്നല്ലേ ഇവയുടെ സാരം? സാഹോദര്യത്തിലെ സമത്വമല്ലേ ഇവ ചൂണ്ടിക്കാണിക്കുന്നതു്? സമീപവാസികളെ നാം സ്നേഹിക്കേണ്ടതിൻെറ അടിസ്ഥാനമല്ലേ ഇവ നമുക്കു കാണിച്ചുതരുന്നതു്? അവരെല്ലാവരും ദൈവത്തിൻെറ സന്താനങ്ങളായതുകൊണ്ടു് അവർ നമ്മുടെ സഹോദരരാണു്. "കാണുന്ന സഹോദരനെ സ്നേഹിക്കാത്തവനു് കാണാത്ത ദൈവത്തെ എങ്ങനെ സ്നേഹിക്കാൻ കഴിയും?" വി. യോഹന്നാൻെറ വെല്ലുവിളിയാണിതു്. ഒരേ പിതാവിൻെറ മക്കളായതുകൊണ്ടു് മനുഷ്യരെല്ലാം സമന്മാരാണു്. അങ്ങനെ ഓരോ മനുഷ്യനും ഇതരരോടു തുല്യനാണു്. ഇതിലാണു് മനുഷ്യവ്യക്തിയുടെ മാഹാത്മ്യം അധിഷ്ഠിതമായിരിക്കുന്നതു്. ഈ മാഹാത്മ്യം വേരുറച്ചു നില്ക്കുന്നതു് യാതൊരു മനുഷ്യശാസ്ത്രത്തിലുമല്ല, പ്രത്യുത ദിവ്യമായ ഒരു സത്യത്തിലാണു്. പിതാവായ ദൈവം ഓരോ വ്യക്തിയേയും സൃഷ്ടിച്ചു. നിത്യസുതനായ ക്രിസ്തു ഓരോ വ്യക്തിയേയും സമുദ്ധരിക്കുകയും ചെയ്തു.

### ഒരു പുതിയ ലോകം

ഈ മഹനീയതത്വം മനുഷ്യരെല്ലാം ഏദിസ്ഥമാക്കുന്നതായാൽ ഉളവാകുന്ന ഫലമെന്തു്? ഒരു പുതിയ ലോകം. സ്നേഹത്തിൻെറയും സൗഹാർദ്ദതയുടെയും സഹായസമ്പന്നതയുടെയും സമാധാനത്തിൻെറയും ഒരു പുതിയ ലോകം. സർവ്വസാഹോദര്യത്തിൻെറ ഒരു പുതിയ ലോകം. മനുഷ്യസമുദായമാസകലം ഒരു മഹാകുടുംബത്തിലെ അംഗങ്ങളും സഹോദരരും ആയിത്തീരുന്ന ഒരു പുതിയ ലോകം. ദൈവം അവരുടെ പിതാവും ക്രിസ്തു അവരുടെ ജ്യേഷ്ഠസഹോദരനും ആകുന്ന ഒരു പുതിയ ലോകം.

### രണ്ടു അടിസ്ഥാനതിന്മകൾ

ലോകത്തെ തകിടംമറിച്ചു് നാശത്തിലേക്കു നയിക്കുന്ന നശീകരപ്രശ്നത്തിനു് അടിസ്ഥാനമായിട്ടു് രണ്ടു തിന്മകളാണുള്ളതു്. ഒന്നു സ്വാർത്ഥപരമായ അഹംഭാവം; മറേറതു് അതിരുകവിഞ്ഞ രാഷ്ട്രസാൽക്കരണതൃഷ്ണ. ലെയോ 13-ാമൻ മുതൽ പീയൂസ് 12-ാമൻ വരെ എല്ലാ മാർപ്പാപ്പാമാരും തുടരെത്തുടരെയുള്ള വിശ്വലേഖനങ്ങൾ മുഖേന ലോകസമക്ഷം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണു് യഥാർത്ഥത്തിൽ ലോകസമാധാനത്തിൻെറ ധൂമകേതുക്കളാണു് ഇവ രണ്ടും എന്നു്. പക്ഷേ, ആരു കാണുന്നു? ആരു കേൾക്കുന്നു?

12-ാം പീയൂസ് മാർപ്പാപ്പാതന്നെ എത്രയെത്ര പ്രാവശ്യമാണു് ഈ വസ്തുതയെ ആവർത്തിച്ചാവർത്തിച്ചു് ഉൽബോധിപ്പിച്ചിട്ടുള്ളതു്? രാഷ്ട്രങ്ങൾ സമാധാനത്തെ കാംക്ഷിക്കുന്നു. മാനവസമുദായം ഉജ്ജ്വലഭാവത്തോടെ അതിനെ ഉററുനോക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ അതിനെ പ്രാപിക്കാനുള്ള മാർഗ്ഗമെന്തു്? ഉടമ്പടികളോ?—സഖ്യങ്ങളോ?—അഖിലരാജ്യചിഹ്നങ്ങളോ? ഇവ പൊട്ടിത്തകർന്ന കഷണങ്ങൾ ചരിത്രത്തിൽ അങ്ങോളമിങ്ങോളം ചിതറിക്കിടക്കുന്നു.

പരിശുദ്ധ പിതാവു് ഇതിൻെറ കാരണം വിശദീകരിക്കുന്നു.

"ആരാണു് കലഹത്തെ പെരുക്കാതിരിക്കുക? പുതിയ നശീകരസാമഗ്രികൾകൊണ്ടു് ഭാവിയിൽ ലോകത്തെ വെണ്ണീറാക്കാനിരിക്കുന്ന യുദ്ധങ്ങൾ ആരെയാണു് ഭയവിഹ്വലനാക്കാതിരിക്കുക? ഈ ദുശ്ശകുനങ്ങളെ ദൂരീകരിക്കുന്നതിനായി സനാതനമൈത്രീബന്ധങ്ങളാൽ സംസ്ഥാനങ്ങളെ സംയോജിക്കുവാനായിക്കൊണ്ടുള്ള ശ്രമങ്ങളെ നാം സസന്തോഷം സ്വാഗതം ചെയ്യുന്നു.

"എന്നാൽ മനുഷ്യരുടെ സാഹോദര്യബോധം എവിടെയും ബലവത്താക്കി വേരുറപ്പിക്കാത്തപക്ഷം ഈ ശ്രമമെല്ലാം ഇളകിയമണ്ണിൽ സ്ഥാപിതമായുള്ള പോലെ തകിടംമറിഞ്ഞുപോകും. ഈ സാഹോദര്യമാണു് പരസ്പരമുള്ള ഉടമ്പടികളെ ശുദ്ധവും സുരക്ഷിതവുമാക്കുന്നതു്, സഖ്യങ്ങളെ ബലവിഷ്ഠമാക്കുന്നതു്. ഈ സാഹോദര്യമാണു് ഭിന്നസമുദായങ്ങളെ കൂട്ടിവിളക്കി ഒന്നാക്കുന്നതു്. മനുഷ്യരെല്ലാം ഒരേ പിതാവിൻെറ സന്താനങ്ങളാണെന്നു സമ്മതിക്കാതെ, അവർ അന്യോന്യം സഹോദരരായി പരിഗണിക്കയില്ലെന്നു് അനുഭവം സ്പഷ്ടമായി പഠിപ്പിക്കുന്നു. പരമനിയമദാതാവിലും ദിവ്യവിധികർത്താവിലും വിശ്വാസാദരങ്ങളില്ലെങ്കിൽ പിന്നെ തെറെന്തു്? ശരിയെന്തു്? വെറും വാക്കുകൾമാത്രം. സന്മാർഗ്ഗനിയമങ്ങളെന്തു്? അർത്ഥശൂന്യം.

"പ്രമാണങ്ങളെ ഭയപ്പെടുന്നില്ലെങ്കിൽ പിന്നെ പാപത്തിൻെറ നിലയെന്തു്? അഹങ്കാരകൃത്യങ്ങളും അക്രമപ്രവൃത്തികളുമായി അദമ്യദാഹത്തോടെ അതു കുതിച്ചുകയറി അങ്ങേ അററത്തു് എത്തും. മനുഷ്യർ കാട്ടുമൃഗങ്ങളെപ്പോലെ പരസ്പരം സംഹരിക്കുകയും ഈ ഭീകരപ്രവൃത്തികളിൽ അവർ പൈശാചികമായ ആനന്ദം നേടുകയും ചെയ്യും."

### രണ്ടു കൊടികൾ

രണ്ടു ശക്തികൾ തമ്മിൽ, സ്നേഹവും വിദ്വേഷവും തമ്മിൽ, ഒരു ഘോരസമരം ഭൂമുഖത്തു് ഇരച്ചുകയറുന്നു. രണ്ടു കൊടികൾ ഇതാ ഉയർത്തപ്പെട്ടിരിക്കുന്നു. അവയിൽ ഒന്നു് ക്രിസ്തുവിൻെറ കുരിശുരൂപവും രക്തം ഒലിക്കുന്നതും സ്നേഹത്താൽ ഉജ്ജ്വലിക്കുന്നതുമായ ഈശോയുടെ തിരുഹൃദയരൂപവും വഹിക്കുന്നു. മറേറതാകട്ടെ അരിവാളും ചുററികയും വഹിക്കുന്നു. അതിൻെറ ദൗത്യമോ ദൈവത്തോടുള്ള വിദ്വേഷവും മനുഷ്യനോടും, ദൈവപുത്രൻ എന്ന അവിടുത്തെ മാഹാത്മ്യത്തോടും ഉള്ള അവഹേളനവും. ഈ ഘോരസമരത്തെ വർത്തിക്കാൻ ദുർഗ്ഗത്തിൽനിന്നു ദർശിച്ചുകൊണ്ടു് ക്രിസ്തുവിൻെറ പ്രതിപുരുഷൻ വിളിച്ചുപറയുന്നു.

"സത്തുക്കളും ദുഷ്ടരും തമ്മിലുള്ള ഘോരസമരം ഇത്രത്തോളം ഉഗ്രതയെ പ്രാപിച്ചിട്ടുള്ളതു് അപൂർവ്വമാണു്.

"ഈ വർത്തിക്കാൻദുർഗ്ഗത്തിൽ നിന്നാണു് നാം ലോകത്തെ ദർശിക്കുന്നതു്. എന്നിരുന്നാലും ആദിമശതകങ്ങളിലെ ക്രിസ്ത്യാനികളുടെ സ്മരണയെ ഉത്തേജിപ്പിക്കുമാറു് രക്തസാക്ഷികൾക്കു ഉചിതമായ ധൈര്യത്തോടും വീര്യത്തോടുംകൂടി നിലകൊള്ളുന്ന സുകൃതാത്മാക്കളുടെ കാഴ്ച നമ്മുടെ ഹൃദയത്തെ അഭിനന്ദനാഹ്ലാദങ്ങളാൽ വിജൃംഭിപ്പിക്കുന്നു. എന്നാൽ വിശ്വസിക്കാൻ നിവൃത്തിയില്ലാത്ത തരത്തിൽ, മുമ്പെങ്ങും സംഭവിച്ചിട്ടില്ലാത്ത വിധത്തിൽ, ദുഷ്ടതയുടെ പാരമ്യത്തിൽ എത്തിയിരിക്കുന്ന അക്രമാസക്തരുടെ പാപകൃത്യങ്ങളെ കാണുമ്പോൾ നമ്മുടെ ഹൃദയം ദുഃഖസമ്പൂർണ്ണമായിത്തീരുന്നു."

### സാഹോദര്യത്തിൻെറ ശരിയായ ബോധം

മേൽപ്പറഞ്ഞ സമരത്തെ ഇല്ലായ്മ ചെയ്യാൻ ഈ ബോധത്തിനേ, മനുഷ്യർ ദൈവത്തിൻെറ സന്താനമാണെന്നും, അങ്ങനെ ആ ദിവ്യകുടുംബത്തിലെ അംഗമാണെന്നുമുള്ള ശരിയായ ബോധത്തിനേ, സാധ്യമാകൂ.

പണ്ടു് ക്രിസ്തുവിൻെറ അപ്പസ്തോലന്മാരിൽ അവസാനത്തെയാൾ അക്ഷയമായ ഒരു കാവ്യം രചിച്ചിട്ടുണ്ടു്. അക്ഷയനായ ദൈവാരൂപിയാണു് അതിൽക്കൂടി നിശ്വസിക്കുന്നതു്. അതുകൊണ്ടാണു് അതും അക്ഷയമായിരിക്കുന്നതു്. മറിയം കഴിഞ്ഞാൽ പിന്നെ ഈശോയുടെ തിരുഹൃദയത്തോടു് ഏററം അടുത്തിരുന്ന യോഹന്നാൻ ആണു് മനുഷ്യസാഹോദര്യത്തിൻെറ ഈ ആശംസാഗാനം ആലപിച്ചിരിക്കുന്നതു്:

"ആരംഭത്തിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടി ആയിരുന്നു. ഈ വചനം ദൈവമായിരുന്നു.

"അവിടുന്നു് ആരംഭത്തിൽ ദൈവത്തോടുകൂടി ആയിരുന്നു.

"സകലതും അവിടുന്നുവഴി അസ്തിത്വം പ്രാപിച്ചു. ഉണ്ടായിട്ടുള്ളതൊന്നും അവിടുന്നുവഴിയായിട്ടല്ലാതെ ഉണ്ടായിട്ടില്ല.

"അവനിൽ ജീവനുണ്ടായിരുന്നു. ഈ ജീവനായിരുന്നു മനുഷ്യൻെറ പ്രകാശം.

"ഈ പ്രകാശം അന്ധകാരത്തിൽ തിളങ്ങുന്നു. അന്ധകാരത്തിനു് അതിനെ ഭരിക്കുവാൻ സാധിച്ചുമില്ല.

"ഈ ലോകത്തിൽ ജനിക്കുന്ന ഓരോ മനുഷ്യനെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥവെളിച്ചം അവിടുന്നായിരുന്നു.

"അവിടുന്നു ലോകത്തിൽ ഉണ്ടായിരുന്നു. അങ്ങയാലാണു് ലോകം സൃഷ്ടിക്കപ്പെട്ടതു്. എങ്കിലും ലോകം അവിടുത്തെ അറിഞ്ഞില്ല.

"അവിടുന്നു തൻെറ സ്വന്തമായുള്ളവരുടെ പക്കൽവന്നു. എങ്കിലും തൻെറ സ്വന്തമായുള്ളവർ അവിടുത്തെ സ്വീകരിച്ചില്ല.

"തന്നെ സ്വീകരിച്ച എല്ലാവർക്കും, അവിടുത്തെ നാമത്തിൽ വിശ്വസിച്ച എല്ലാവർക്കും, ദൈവത്തിൻെറ മക്കളാകുവാൻ അവിടുന്നു് അധികാരം നൽകി.

"അവരുടെ ജനനം മനുഷ്യവംശത്തിൽനിന്നോ, പ്രകൃതിയുടെയോ മനുഷ്യൻെറയോ അഭിലാഷത്തിൽനിന്നോ അല്ല. പിന്നെയോ ദൈവത്തിൽ നിന്നാകുന്നു."

### ദൈവത്തിൻെറ മക്കൾ

ദൈവത്തിൻെറ മക്കൾ, ഇതാണു് മനുഷ്യസാഹോദര്യത്തിൻെറ അർത്ഥം. മനുഷ്യരെല്ലാം ഏകകുടുംബത്തിലെ അംഗങ്ങളാണു് എന്നതിൻെറയും അർത്ഥം ഇതാണു്. ഉത്ഭവത്തിൽ അവർ ഒന്നാകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിൽനിന്നാണു് അവർ വരുന്നതു്. രക്ഷാപ്രാപ്തിയിലും അവർ ഒന്നാകുന്നു. കാരണം ക്രിസ്തുവാണു് അവരെ രക്ഷിച്ചതു്. ഐക്യത്തിലും അവർ ഒന്നാകുന്നു. ക്രിസ്തുവിലാണു് അവർ ഐക്യപ്പെട്ടിരിക്കുന്നതു്. ക്രിസ്തുവിൽ അവർ ഒന്നാകുന്നു. "ക്രിസ്തുവിൻെറ രഹസ്യം" എന്നു് വി. പൗലോസ് പ്രസ്താവിക്കുന്നതും ഇതുതന്നെ. എന്തുകൊണ്ടെന്നാൽ മനുഷ്യർ വെറും പുഴിയല്ല. അവരിൽ ക്രിസ്തുവു ക്രിസ്തുവിൽ അവരും ഒന്നാകുന്നു. ഈ ഐക്യത്തിൻെറ ഫലം എന്തു്? സർവ്വസാഹോദര്യം; ഏകകുടുംബം; ഏക ലോകം.


## നറുനീണ്ടിസത്തു്

ഉഷ്ണത്താൽ ഉണ്ടാകുന്ന രക്തദൂഷ്യത്തെ തടയുവാൻ

### ഏററം പററിയ ഔഷധം

രക്തം ഉഷ്ണിക്കാതെ സൂക്ഷിക്കുന്നതാണു ആരോഗ്യത്തിൻെറ ഒരു വലിയ രഹസ്യം എന്നു യാതൊരു വൈദ്യനും പറഞ്ഞുതരാതെ നിങ്ങൾക്കു അറിഞ്ഞുകൂടയോ? രക്തത്തെ ചൂടുപിടിപ്പിച്ചു് ദുഷിപ്പിക്കുന്ന അനേകം സാഹചര്യങ്ങൾ നമുക്കു ദിവസേന നേരിടുന്നുമുണ്ടു്. പരേതനായ ഡോക്ടർ ബ്രദർ നിക്കോസ് അവർകളുടെ നിർദ്ദേശം അനുസരിച്ചു മഞ്ഞുമ്മൽ ആശുപത്രിയിൽ പാകപ്പെടുത്തുന്ന നറുനീണ്ടിസത്തിൻെറ പ്രസിദ്ധി എന്തിലാണെന്നു അറിയാമോ? രക്തദൂഷ്യം നീക്കുവാനും ശരീരത്തിൻെറ ശീതോഷ്ണനിലയെ ശരിയായി സംരക്ഷിക്കുവാനും ഈ നറുനീണ്ടിസത്തിനുള്ള ശക്തി അത്ഭുതകരമാണെന്നു അതു് ഒരിക്കൽ ഉപയോഗിച്ചിട്ടുള്ളവരൊക്കെ സമ്മതിക്കുന്നു. മൂലക്കുരുവിനും, രക്തപിത്തത്തിനും, മൂത്രത്തിലുള്ള ഊറലിനും, ഉഷ്ണത്താൽ രക്തം ദുഷിച്ചുണ്ടാകുന്ന ചൊറി മുതലായതിനും പ്രത്യേകം ഉഷ്ണദീനത്തിനും ഇതു ഉത്തമൗഷധമാണെന്നു കഴിഞ്ഞ അറുപതിൽപരം വർഷത്തെ അനുഭവം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ഈ അത്ഭുതശക്തിയുടെ രഹസ്യമോ? നറുനീണ്ടിക്കിഴങ്ങിൻെറ ഔഷധാംശം അശേഷം നഷ്ടപ്പെടുത്താതെ അതു് പാകപ്പെടുത്തുന്നു എന്നതുതന്നെ. ഇതാണു മഞ്ഞുമ്മൽ ആശുപത്രിയിലെ നറുനീണ്ടിസത്തിൻെറ വിശേഷത.

| | |
|---|---|
| 24 ഔൺസ് കുപ്പിക്കു് | 3—8 —0 |
| 18 " " | 2—10—0 |

താഴെപറയുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക:—

മാനേജർ, സെയിൻറ് ജോസഫ്സ് ആശുപത്രി,
മഞ്ഞുമ്മൽ, തിരുവിതാംകൂർ.
or ഡയറക്ടർ, ആസ്പിരൻസ് ഹൗസ്,
ചിററൂർ റോഡ്—എറണാകുളം.

വിമർശനവീഥി

# ആദിമക്രിസ്ത്യാനികളുടെ ബ്രഹ്മചര്യതൽപരത

ബ്രഹ്മചര്യം വിവാഹത്തെക്കാൾ ഉൽകൃഷ്ടവും ദൈവത്തിനു പ്രീതികരവുമായ ജീവിതാവസ്ഥയാണെന്നും, നമ്മുടെ കർത്താവിന്റെയും മാതാവിന്റെയും മററും മാതൃകയിൽനിന്നും വേദപുസ്തകസാക്ഷ്യങ്ങളിൽനിന്നും അതു തെളിയുന്നുണ്ടെന്നും കഴിഞ്ഞലക്കത്തിൽ ഞങ്ങൾ വിശദീകരിച്ചിരുന്നല്ലോ. ആദിമക്രിസ്ത്യാനികൾക്ക് ഈ സംഗതി നല്ലവണ്ണം മനസ്സിലായിരുന്നു. തന്നിമിത്തം ക്രിസ്തുമതം പ്രചരിക്കുവാൻ തുടങ്ങിയതോടുകൂടി ആയിരമായിരം ആത്മാക്കൾ സ്വമനസ്സാ വിവാഹജീവിതം വേണ്ടെന്നുവച്ച്, ബ്രഹ്മചാരികളായി ജീവിച്ചുപോന്നു. സിറിയ, ഏഷ്യാമൈനർ, ഗ്രീസ്, റോമ ഉൾപ്പെടെയുള്ള പൗരസ്ത്യസഭയിലും പാശ്ചാത്യസഭയിലും രണ്ടാം നൂററാണ്ടുമുതൽ ഈ വസ്തുതയ്ക്കു ചരിത്രസാക്ഷ്യങ്ങൾ നാം കാണുന്നുണ്ട്. അന്തിയോക്കിയായിലെ വി. ഇഗ്നാസിയോസു തന്റെ വേദസാക്ഷിത്വത്തിനു മുൻപ് സ്മൂർണായിലെ സഭയ്ക്കയച്ച ലേഖനത്തിൽ അവിടത്തെ കന്യകകൾക്കു തന്റെ അഭിവാദനാശംസകൾ നല്കുകയുണ്ടായി. കന്യാത്വം സ്ഥിരമായ ഒരു ജീവിതാവസ്ഥയായി സ്വീകരിച്ചിട്ടുള്ളവർക്ക് തങ്ങൾ മെത്രാന്മാരെക്കാൾ മേലാണെന്നുള്ള ദുരഹങ്കാരംപോലും അക്കാലത്തുണ്ടായിരുന്നു. ആ ദുരഹങ്കാരത്തെ വി ഇഗ്നാസിയോസു തന്റെ ലേഖനത്തിൽ കുററപ്പെടുത്തിയിട്ടുണ്ട്. "അപ്പസ്തോലന്മാരുടെ ഉപദേശങ്ങൾ" എന്നറിയപ്പെടുന്ന ഏററവും പ്രാചീനമായ പ്രമാണരേഖയിൽ അന്നത്തെ പ്രവാചകന്മാരുടെ ചാരിത്ര്യത്തെയും കന്യാത്വത്തെയും വളരെയധികം പ്രശംസിച്ചിരിക്കുന്നു. "ഷെപ്പേഡ്" എന്നറിയപ്പെടുന്ന പുരാതനഗ്രന്ഥത്തിന്റെ കർത്താവായ ഹെർമസ്സ് പറഞ്ഞിട്ടുള്ളതു താനും പത്നിയും സഹോദരസഹോദരിമാരെപ്പോലെ ജീവിച്ചിരുന്നുവെന്നും തന്മൂലം തങ്ങൾക്കു ധാരാളം ദൈവാനുഗ്രഹങ്ങൾ ലഭിച്ചിരുന്നുവെന്നുമാണ്. വേദസാക്ഷിയായ വി. ജസ്റ്റിന്റെ കൃതികളിലും ഈ വസ്തുതയ്ക്കു സാക്ഷ്യങ്ങൾ കാണുന്നുണ്ട്. പേഗൻ ജാതിക്കാരുടെ അസന്മാർഗ്ഗികങ്ങളായ നടപടികളെ വിശദമായി ചിത്രീകരിച്ചശേഷം അദ്ദേഹം പറയുന്നു: "ഞങ്ങൾ വിവാഹം ചെയ്യുമ്പോൾ സന്താനോല്പാദനത്തിനു വേണ്ടിയാണ് വിവാഹം ചെയ്യുന്നതു്. ഞങ്ങൾ വിവാഹം പരിത്യജിക്കുമ്പോൾ ഞങ്ങൾ പരിപൂർണ്ണമായും ചാരിത്ര്യം പാലിക്കുന്നു." ബ്രഹ്മചാരികളായി ജീവിക്കുന്ന വളരെയധികം ക്രിസ്ത്യാനികളെപ്പററി അദ്ദേഹം തന്റെ കൃതിയിൽ പ്രസ്താവിച്ചിട്ടുണ്ട്. ആദിമസഭയിലെ ക്രിസ്തുമതസംരക്ഷകരായ ഗ്രന്ഥകാരന്മാരിൽ ഒരാളായ ടാസിയനും പ്രസ്തുത വസ്തുതയ്ക്കു സാക്ഷ്യം വഹിക്കുന്നുണ്ട്. "ക്രൈസ്തവവൈരാഗികളുടെ ശരീരങ്ങൾ പവിത്രതരമായ ചാരിത്ര്യംനിമിത്തം നിഷ്കളങ്കങ്ങളായിരിക്കുന്നു. ദൈവവുമായി ദൃഢബന്ധം സമ്പാദിക്കുവാൻ വേണ്ടിമാത്രം അവർ ബ്രഹ്മചാരികളായി ജീവിക്കുന്നു" എന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളതു്.

ഇങ്ങനെ അനേകായിരം ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെയും ക്രിസ്തുമാതാവിന്റെയും വിശുദ്ധ പൗലോസിന്റെയും വി. യോഹന്നാന്റെയും മററും മാതൃകയനുസരിച്ചു ബ്രഹ്മചര്യത്തെ കൂടുതൽ വിലമതിക്കുകയും ദൈവസ്നേഹത്തെ ആധാരമാക്കി ബ്രഹ്മചാരികളായി ജീവിക്കുകയും ചെയ്തുപോന്ന സ്ഥിതിക്ക് അവരുടെ ഭരണകർത്താക്കളും മാതൃകകളും ആയ മെത്രാന്മാരും വൈദികരും ബ്രഹ്മചാരികളായി ജീവിക്കേണ്ടതു് ആവശ്യകമാണെന്നുള്ള ബോധം തിരുസ്സഭയിൽ ആവിർഭവിക്കുകയും പ്രബലപ്പെടുകയും ചെയ്തതു് സ്വാഭാവികം മാത്രമാണ്.

### വൈദികരുടെ ബ്രഹ്മചര്യനിയമം

വൈദികർ ബ്രഹ്മചാരികളായിരിക്കണമെന്നുള്ള നിയമം ആദിമസഭയിൽ പാസാക്കപ്പെട്ടിരുന്നില്ലെങ്കിലും അവരിൽ പലരും യഥാർത്ഥത്തിൽ ബ്രഹ്മചര്യം അനുഷ്ഠിച്ചുപോന്നിരുന്നു. തെർത്തുല്യൻ എന്ന ക്രൈസ്തവപണ്ഡിതൻ ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. ഒരു വിധവയ്ക്കു പുനർവിവാഹം ചെയ്യാതിരിപ്പാൻ അദ്ദേഹം ഉപദേശം നല്കുന്നതിനിടയിൽ പട്ടസ്ഥാനം സ്വീകരിച്ചിട്ടുള്ള അനേകംപേർ ബ്രഹ്മചാരികളായി, ദൈവത്തോടുമാത്രം ബന്ധപ്പെട്ടു ജീവിച്ചുപോരുന്ന പതിവിനെ അനുസ്മരിപ്പിക്കുന്നു. ഒറിജൻ എന്ന ക്രൈസ്തവപണ്ഡിതനും ഒരു സാക്ഷിയാണ്. പഴയ നിയമത്തിലെ പുരോഹിതന്മാർ തവണയനുസരിച്ചു ദേവാലയശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന കാലഘട്ടത്തിൽ മാത്രം ചാരിത്ര്യം അനുഷ്ഠിക്കുവാൻ കടപ്പെട്ടിരുന്നുവെന്നും, നേരെമറിച്ചു പുതിയ നിയമത്തിലെ പുരോഹിതന്മാർ അങ്ങനെ കാലപരിധികൂടാതെ ചാരിത്ര്യം അനുഷ്ഠിച്ചുപോരുകയാണു ചെയ്യുന്നതെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. യഹൂദപുരോഹിതന്മാരുടെ പ്രകൃത്യനുസൃതമായ പവിത്രതയ്ക്കു വ്യത്യസ്തമായി ക്രിസ്തീയപുരോഹിതന്മാർ ആദ്ധ്യാത്മികപവിത്രത്വം സ്വീകരിച്ചിരിക്കുകയാണെന്നും അദ്ദേഹം പറയുന്നു. നാലാം നൂററാണ്ടിൽ ക്രിസ്തീയവൈദികർ ബ്രഹ്മചാരികളായി ജീവിച്ചിരുന്നുവെന്ന് സഭാചരിത്രകാരനായ യൗസേബിയസിന്റെയും ജറുസലേമിലെ സിറിൽ, ജറോം, എപ്പിഫാനിയസ് എന്നീ സഭാപിതാക്കന്മാരുടെയും കൃതികൾ പ്രസ്താവിക്കുന്നുണ്ട്. ആ പ്രസ്താവനകളിൽനിന്നും മനസ്സിലാവുന്നതെന്തെന്നാൽ, പൗരസ്ത്യസഭയിലും ഇററലിയിലും റോമയിലും ആ പതിവുണ്ടായിരുന്നു; വൈദികരുടെ ബ്രഹ്മചര്യജീവിതം വളരെയധികം അഭിനന്ദിക്കപ്പെട്ടിരുന്നു; ബ്രഹ്മചാരികളായിരുന്നതിനാൽ തങ്ങളുടെ ജീവിതം മുഴുവനും ദൈവശുശ്രൂഷയ്ക്കായി വിനിയോഗിക്കുവാൻ വൈദികർക്കു സാധിച്ചു.

എന്നുവരികിലും വിവാഹിതരായ ആളുകൾക്ക് ചിലപ്പോൾ വൈദികപട്ടം നല്കപ്പെട്ടിരുന്നു. എന്തുകൊണ്ടെന്നാൽ വൈദികർ അവിവാഹിതരായിരിക്കണമെന്നുള്ള നിർബന്ധനിയമം അന്നുണ്ടായിരുന്നില്ല. വിവാഹിതരായ വൈദികരെപ്പററി അലക്സാൻട്രിയായിലെ വി. ക്ലെമന്റും പൗരസ്ത്യസഭയിലെ വിവാഹിതരായ മെത്രാന്മാരെപ്പററി സോക്രട്ടീസ് എന്ന ചരിത്രകാരനും പ്രസ്താവിക്കുന്നുണ്ട്. എന്നുവരികിലും തെസ്സലി, മാസിഡോണിയ, ഗ്രീസ് എന്നീ സ്ഥലങ്ങളിൽ വിവാഹിതരായ വൈദികർ ഭാര്യമാരോടുകൂടി ജീവിതം തുടരുന്നതായാൽ അവർ വൈദികശുശ്രൂഷയിൽനിന്നും ബഹിഷ്കൃതരായിരുന്നെന്നും സോക്രട്ടീസ് രേഖപ്പെടുത്തിയിട്ടുണ്ട്. വൈദികർ അവിവാഹിതരായിരിക്കണമെന്നുള്ള നിർബന്ധനിയമം പാസാക്കപ്പെട്ടതായി ആദ്യം നാം കാണുന്നതു് സ്പെയിനിൽ 300-മാണ്ടിടയ്ക്കു് "എൽവീരാ" എന്ന സ്ഥലത്തുകൂടിയ സൂനഹദോസിലാണ്. മെത്രാന്മാരും വൈദികരും ആറാംപട്ടക്കാരും പട്ടമേററതിനുശേഷം ഭാര്യമാരോടുകൂടി ജീവിക്കുകയും സന്താനോല്പാദനം നടത്തുകയും ചെയ്താൽ സ്ഥാനഭ്രംശരാക്കപ്പെടണമെന്നായിരുന്നു ഈ നിയമത്തിന്റെ താൽപര്യം. ഇതുപോലെയുള്ള ഒരു നിയമം സിറിസിയസ് മാർപ്പാപ്പാ (384—399) യുടെ കാലത്തു റോമയിൽ കൂടിയ ഒരു സൂനഹദോസിലും പാസാക്കപ്പെടുകയുണ്ടായി. പ്രസ്തുതനിയമം നിഷ്കർഷമായി ആചരിക്കപ്പെടേണ്ടതാണെന്നു കാണിച്ച് തിരുമനസ്സുകൊണ്ട് സ്പെയിനിലേക്കും ആഫ്രിക്കായിലേക്കും ലേഖനങ്ങൾ അയക്കുകയും ചെയ്തു. ഏതാനും വർഷങ്ങൾക്കുശേഷം ഒന്നാം ഇന്നസന്റു മാർപ്പാപ്പായും (401-417) ഇത്തരം ലേഖനങ്ങൾ റൂവനിലെ വിക്ടിസിസ് മെത്രാനും ഉളുസിലെ എക്സുപെരിയസ് മെത്രാനും അയച്ചിട്ടുണ്ട്. മഹാനായ ലെയോ മാർപ്പാപ്പായുടെ (440-461) കാലത്തോടുകൂടി വൈദികർ ബ്രഹ്മചാരികളായിരിക്കണമെന്നുള്ള നിയമം പാശ്ചാത്യസഭയിൽ എല്ലായിടത്തും നിർബന്ധമാക്കപ്പെട്ടു.

### പൗരസ്ത്യസഭയിലെ വ്യത്യസ്തത

പൗരസ്ത്യസഭകൾ ഈ വിഷയത്തിൽ അത്രതന്നെ നിർബന്ധം പിടിച്ചിരുന്നില്ല. ബ്രഹ്മചാരികളായി ജീവിക്കുവാൻ തങ്ങൾക്കു ഉദ്ദേശമില്ലെന്നു പ്രഖ്യാപിക്കുന്ന ആറാം പട്ടക്കാർക്കു കർബാനപ്പട്ടം സ്വീകരിക്കുന്നതിനു മുൻപ് വിവാഹം ചെയ്യുവാൻ ഗെലീലിയായിലെ അൻസീറിയായിൽ 314-ൽ കൂടിയ സൂനഹദോസിൽ അനുമതി നൽകി. വൈദികർക്ക് പുനർവിവാഹം നിരോധിച്ചുകൊണ്ടും നിരോധനം ലംഘിക്കുന്നപക്ഷം സ്ഥാനഭ്രംശം വിധിച്ചുകൊണ്ടും കപ്പദോസിയായിലെ നിയോസെസറിയായിൽ 315-ൽ കൂടിയ സൂനഹദോസ് നിയമം പാസാക്കി. 325-ൽ നിക്ക്യായിൽ കൂടിയ ആകമാനസൂനഹദോസ് വൈദികരുടെ ബ്രഹ്മചര്യത്തെ സംബന്ധിച്ച് യാതൊരു നിയമവും പാസാക്കേണ്ടെന്നുവച്ചു എന്നുവരികിലും തങ്ങളുടെ സന്മാർഗ്ഗജീവിതത്തെക്കുറിച്ചു സംശയം ജനിപ്പിക്കുവാൻ കാരണമാകുന്ന യാതൊരു സ്ത്രീയെയും വൈദികർ സ്വവസതികളിൽ താമസിപ്പിക്കുവാൻ പാടുള്ളതല്ലെന്നു ആ സൂനഹദോസിൽ വ്യവസ്ഥ ചെയ്തിരുന്നു. ഈ നിരോധനത്തിൽനിന്നു വൈദികരുടെ മാതാക്കളും സഹോദരിമാരും അടുത്ത മററു ചാർച്ചക്കാരും ഒഴിവാക്കപ്പെടുകയും ചെയ്തിരുന്നു. 400-ലെ "അപ്പസ്തോലിക് കൺസ്റ്റിററ്യൂഷൻ" എന്ന ധർമ്മസംഹിതയിൽ വ്യവസ്ഥ ചെയ്തിരുന്നതു് ഇങ്ങനെയാണ്: മെത്രാന്മാർക്കും വൈദികർക്കും ആറാം പട്ടക്കാർക്കും പട്ടം സ്വീകരിച്ചതിനുശേഷം വിവാഹം ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ നേരത്തെ ചെയ്ത വിവാഹത്തിലുള്ള ഭാര്യമാരെ അവർ പരിത്യജിക്കണമെന്നില്ല. മെത്രാന്മാരും വൈദികരും അവരുടെ ഭാര്യമാരെ പരിത്യജിക്കുവാൻ പാടുള്ളതല്ലെന്നും ഒരു വ്യവസ്ഥ അതിൽ ഉണ്ടായിരുന്നു. റോമാ ചക്രവർത്തിയായ ജസ്റ്റീനിയന്റെ (527—565) ഭരണകാലത്താണ് മെത്രാന്മാർ ബ്രഹ്മചാരികളായിരിക്കണമെന്നുള്ള നടപടി ഒരു നിയമമായി വ്യവസ്ഥാപിക്കപ്പെട്ടതു്. വൈദികരും ആറാം പട്ടക്കാരും വൈദികപട്ടം സ്വീകരിക്കുന്നതിനു മുമ്പു വിവാഹം ചെയ്ത ഭാര്യമാരോടുകൂടി ജീവിതം തുടരുവാൻ അനുവദിക്കപ്പെട്ടിരുന്ന നടപടിയും ഏഴാം നൂററാണ്ടിന്റെ മദ്ധ്യത്തോടുകൂടി സർവ്വസാമാന്യമായിത്തീർന്നു. 692-ൽ ട്രുള്ളോയിൽ കൂടിയ സൂനഹദോസിൽവച്ച് അതു് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു.

ഈ നിയമമാണ് അല്പസ്വല്പഭേദഗതികളോടുകൂടി പൗരസ്ത്യസഭകളിലെ ശീശ്മവിഭാഗങ്ങളിലും കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ട വിഭാഗങ്ങളിലും ഇന്നും നിലവിലിരിക്കുന്നതു. റഷ്യൻ, അർമേനിയൻ എന്നീ ശീശ്മസഭകൾ സാമാന്യനിയമമായി നിഷ്കർഷിക്കുന്നതു് ഇടവക വൈദികരായി പട്ടം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നവർ അതു സ്വീകരിക്കുന്നതിനുമുമ്പ് വിവാഹം ചെയ്തിരിക്കണമെന്നാണ്. എന്നാൽ ആ സഭകളിലെ മെത്രാന്മാർ അധികവും അവിവാഹിതരായ സന്യാസവൈദികരിൽ നിന്നാണ് തിരഞ്ഞെടുക്കപ്പെടുന്നതു്. അവരുടെ വൈദികർക്ക് പുനർവിവാഹം നിരോധിക്കപ്പെട്ടിരിക്കുന്നു.

ചോദ്യകാരൻ ഉദ്ധരിച്ചിട്ടുള്ള വി. പൗലോസിന്റെയും മററും വാക്യങ്ങളെപ്പററി അടുത്തലക്കത്തിൽ പ്രതിപാദിച്ചുകൊള്ളാം.

## വൈദികവിദ്യാർത്ഥികൾക്കു റേഷൻകാർഡില്ല

യൂഗോസ്ലാവിയായിൽ സ്പ്ലിററ് എന്ന രൂപതയിലെ സെമ്മിനരി വിദ്യാർത്ഥികൾക്കു റേഷൻകാർഡു നല്കുന്നതിനു് അവിടത്തെ കമ്മ്യൂണിസ്റ്റ് ഗവമ്മെന്റ് വിസമ്മതിച്ചിരിക്കുന്നു. അവരുടെ വീടുകളിൽ അധികമുണ്ടാകുന്ന ഭക്ഷ്യവിഭവങ്ങൾപോലും ഗവമ്മെന്റ് കണ്ടുകെട്ടിയിരിക്കുന്നു. കമ്മ്യൂണിസ്റ്റുകാർ ഇയ്യിടെ സെമ്മിനരിയിലെ മൂന്നു മുറികൾമാത്രം വൈദികവിദ്യാർത്ഥികൾക്കു കൊടുത്തുകൊണ്ട് ശേഷം മുറികൾ ഒരു "തൊഴിലാളി വിദ്യാലയ"മായി രൂപാന്തരപ്പെടുത്തുവാൻ ശ്രമം ചെയ്തെങ്കിലും മെത്രാന്മാരുടെ പ്രതിഷേധം നിമിത്തം അതു നടപ്പിൽ വരുകയുണ്ടായില്ല.

— —

പുസ്തകാഭിപ്രായം

## മുകുളം

(ഒരു ഗാനമാലിക. ഗ്രന്ഥകർത്താ: വർഗ്ഗീസ് ജെ. മാളിയേക്കൽ. പക്ഷം 50 വില എട്ടണ. മാളിയേക്കൽ ബ്രദേഴ്സ്, കോൺവെൻറു സ്ക്വയർ, ആലപ്പുഴ)

ഗാനമുക്തകം, ക്രിസ്തുസ്തുതിഗാനങ്ങൾ, അഞ്ജലി എന്നീ വിശിഷ്ട ഗാനഗ്രന്ഥങ്ങളുടെ രചയിതാവായ ശ്രീ വർഗ്ഗീസു ജെ. മാളിയേക്കൽ അവർകളുടെ നാലാമത്തെ ഗാനമാലികയാണ് "മുകുളം". തമിഴ്ഗാനങ്ങളുടെ നീണ്ട ശ്രുതിയും ശബ്ദകോലാഹലവുംകൊണ്ടു ക്ഷീണിതരായവക്കു അഭിനവ ഹിന്ദിരാഗങ്ങളിൽ എഴുതിയിട്ടുള്ള എഴുപത്തുനാലു ഭക്തഗാനങ്ങളടങ്ങിയ "മുകുളം" എത്രയും സംപ്രീതമായ ഒരു ഗ്രന്ഥമാണ്. രസകരങ്ങളായ ഹിന്ദിവർണ്ണമട്ടുകൾ കേട്ട് അവ ഏതചിത്തരായി മോദമാത്സവം ആസ്വദിച്ചു കഴിയുന്ന കേരളീയർക്കു മാളിയേക്കലിന്റെ ഹിന്ദിഗാനങ്ങൾ എത്രയും പ്രിയംകരമായിരിക്കും. ഈ ഗാനകർത്താവിന്റെ ഇതരകൃതികൾക്കു കേരളത്തിൽ ലഭിച്ചിട്ടുള്ള സ്വീകരണം പരിഗണിക്കുമ്പോൾ "മുകുള"ത്തിനു ഒന്നരണ്ടു മാസത്തിനുള്ളിൽ രണ്ടാംപതിപ്പുതന്നെ വേണ്ടിവരുമെന്നു പ്രതീക്ഷിക്കാം. ഇന്നു നമ്മുടെ കോളേജുകളിലോ, ബോർഡിങ്ങുകളിലോ, പള്ളികളിലോ എന്നുവേണ്ട, പല കത്തോലിക്കാ ഭവനങ്ങളിൽത്തന്നെയുംപോയാൽ ഭക്തകണ്ഠങ്ങളിൽനിന്നു ഹൃദയദ്രവീകരണക്ഷമങ്ങളായി ശ്രീ മാളിയേക്കലിന്റെ ഗാനങ്ങൾ മാറൊലികൊള്ളുന്നതായി കേൾക്കാം. ഭാവനാസമൃദ്ധി, പദസൗന്ദര്യം, സരളത, സർവ്വോപരി പാടുവാൻപററിയ രചനാഭംഗി എന്നീഗുണങ്ങൾ തികഞ്ഞ ഭക്തഗാനങ്ങളുടെ ഒരു സമാഹാരമാണു മുകുളം. മാളിയേക്കലിന്റെ ഗാനസാഹിത്യലതിക മണ്ണിന്റെ വളക്കൂറുകൊണ്ട് ഇനി നാമ്പെടുക്കയില്ല; പ്രത്യുത സർവ്വജനീനമായ സ്വീകരണംവഴി അതു് ആത്തുപലന്ന് ഒന്നല്ല, രണ്ടല്ല അനേകം "മുകുള"ങ്ങൾതന്നെ പുറപ്പെടുവിക്കും. ഒരു സാമ്പിൾ ഉദ്ധരിക്കട്ടെ. "ജനഗണമന" വർണ്ണത്തിൽ ചെറുപുഷ്പത്തെപ്പററി എഴുതിയിരിക്കുന്ന ഗാനത്തിന്റെ ഒരു ഭാഗം കീഴെ ചേർക്കുന്നു.

ജയ! ജയ! ജയ! മഹിതാമലമഹസ്സാം
മാമകകൊച്ചുത്രേസ്യാ!
മന്ദാരസൂനരുചിരാംഗി! നിതാന്തം
തന്നരുൾക മേ സുമഹാസം
നന്ദിത മാനവശോകനാശിലേ! സുന്ദ
രസുകൃതവിലോലേ!
ഇന്ദിതഗുണനന്ദനോചാലേ! വന്ദിത
നരതതിയാലേ
മന്നിതിൽ നീയൊരുപോലെ സുര
വരനികരസുമോൽക്കരസരസ്സാം മാമക
കൊച്ചുത്രേസ്യാ!

ഇത്തരം വരികൾ എല്ലാഗാനത്തിൽനിന്നും ഉദ്ധരിക്കാം. ദിവ്യരക്ഷാനാഥനെപ്പററിയ 38 ഗാനങ്ങൾ ആരാധനയ്ക്കും ദൈവമാതാവിനെപ്പററിയുള്ള 29 ഗാനങ്ങൾ സൊഡാലിററിക്കും മേയ്മാസവണക്കത്തിനും ഉപയോഗിക്കത്തക്കതാണ്. തമിഴ്ഗാനങ്ങൾ ഇഷ്ടമുള്ളവർക്ക് "ആട്ടുവോമേ" എന്ന വർണ്ണത്തിലും മററുമായി കാച്ചി പാട്ടുകൾകൂടി ചേർത്തിട്ടുണ്ട്. എല്ലാം നന്നായിരിക്കുന്നു. ശ്രീ മാളിയേക്കൽ ഇനിയും രചിക്കട്ടെ. ഇനിയും പാടട്ടെ. പാടിക്കട്ടെ. പഠിക്കുവാൻ ആഗ്രഹമുള്ളവർ അദ്ദേഹത്തെ ക്ഷണിക്കട്ടെ. പാടുന്നതിനുള്ള ശക്തി ലഭിക്കുവാൻ പാടുന്നവരൊക്കെ ശ്രീ മാളിയേക്കലിന്റെ പാട്ടുപുസ്തകങ്ങൾ വാങ്ങി അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കട്ടെ.

Father Mootheden

# റോമാവാർത്തകൾ

### തിരിസമർപ്പണം

ഫെബ്രുവരി 2-ാംനു മാതാവിൻെറ ശുദ്ധീകരണത്തിരുനാൾ ദിനം, പതിവുപോലെ മാർപ്പാപ്പയ്ക്കു തിരികൾ സമർപ്പിക്കപ്പെടുകയുണ്ടായി. റോമിലെ ബസ്ലീക്കാകൾ, ഇതരദേവാലയങ്ങൾ, സന്യാസസഭകൾ, കോളെജുകൾ എന്നീങ്ങനെ വിവിധസ്ഥാപനങ്ങൾ പരിശുദ്ധ പിതാവിനു തിരികൾ തിരുമുൽക്കാഴ്ച വച്ചു. അവസാനം, അവക്കെല്ലാം പ. പിതാവ് അപ്പസ്തോലികാശീർവ്വാദം നല്കി.

### 6 ഭാഷകൾ

ശുദ്ധീകരണത്തിരുനാളിലെ ചടങ്ങുകളിൽ 3000 വിശുദ്ധവത്സരതീർത്ഥകർ പങ്കെടുക്കുകയുണ്ടായി. അവരെ ഉദ്ദേശിച്ചു പരിശുദ്ധ പിതാവ് ഇററാലിയൻ, ഇംഗ്ലീഷ്, ഫ്റെഞ്ച്, ജർമ്മൻ, സ്പാനിഷ് എന്നീ ഭാഷകളിൽ പ്രഭാഷണങ്ങൾ നടത്തി. ത്രുക്കർമ്മങ്ങൾക്കുപയോഗിച്ചു ലത്തീനോടുകൂടി, അന്നു പ. പിതാവ് ആറു ഭാഷകൾ സംസാരിച്ചെന്നു പറയാം.

### സ്പാനിഷ് കന്യാസ്ത്രീയുടെ നാമകരണം

വിശുദ്ധ വത്സരത്തിലെ രണ്ടാമത്തെ നാമകരണച്ചടങ്ങ് മരിയ ദെസൊലാത്ത എന്ന സ്പാനിഷ് കന്യാസ്ത്രീയെ സിദ്ധയെന്നു പേർവിളിച്ചതാണ്. അതിൽ സംബന്ധിക്കുന്നതിനായി 30,000 പേർ വി. പത്രോസിൻെറ ബസ്ലീക്കായിൽ സന്നിഹിതരായിരുന്നു. അക്കൂട്ടത്തിൽ, ഈ സിദ്ധയുടെ മാദ്ധ്യസ്ഥംവഴി രോഗശമനം പ്രാപിച്ച സിസ്റ്റർ ലൂസീയ സന്തിയാഗോയും മാഡ്റിഡിലെ സഹായമെത്രാനായ മെർസില്ലൊ തിരുമേനിയും അവിടത്തെ മേയറായ കൗണ്ട് ഡി ബാബീയോയും ഉൾപ്പെട്ടിരുന്നു. “മരിയാദാസിമാർ” എന്ന സന്യാസസഭയുടെ സ്ഥാപകയായ സിസ്റ്റർ ദെസൊലാത്ത ആയുഷ്കാലം മാഡ്റിഡിലെ സാധുക്കളെ ശുശ്രൂഷിക്കുന്നതിനായിട്ടാണു ചെലവഴിച്ചതു്. ആകയാൽ സ്പെയിൻകാർ പലരും നാമകരണച്ചടങ്ങിൽ സംബന്ധിക്കുന്നതിനായി വന്നെത്തിയിരുന്നു.



ഫെബ്റുവരി 5-ാംനു സിദ്ധപദം പ്രാപിച്ച സിസ്റ്റർ മരിയ ദെസൊലാത്ത

നാമകരണം സംബന്ധിച്ച ബൂള വായിച്ചശേഷം തെദേവും പൊന്തിഫിക്കൽ കുർബാനയും നടത്തപ്പെട്ടു. വൈകുന്നേരം പരിശുദ്ധ പിതാവ് 9 കർദ്ദിനാളന്മാരോടുകൂടി ബസ്ലീക്കായിൽ എഴുന്നള്ളി പുതിയ സിദ്ധയെ വണങ്ങുകയുണ്ടായി. തദവസരത്തിൽ തിരുമനസ്സിലേക്കു സിദ്ധയുടെ ഒരു പടവും തിരുശ്ശേഷിപ്പും ജീവചരിത്രവും സമർപ്പിക്കപ്പെട്ടു.

### 35 പത്രലേഖകന്മാർ

ഫെബ്രുവരി 5-ാംനു-തന്നെ 35 അമേരിക്കൻ പത്രറിപ്പോർട്ടർമാർ പരിശുദ്ധപിതാവിനെ മുഖം കാണിക്കുകയുണ്ടായി. തിരുമനസ്സുകൊണ്ടു് അരമണിക്കൂർസമയം അവരോടുകൂടി ചെലവഴിച്ചു.

### 11 ാംപീയൂസുമാർപ്പാപ്പായുടെ ചരമദിനം

11-ാംപീയൂസുമാർപ്പാപ്പായുടെ ചരമദിനമായ ഫെബ്രുവരി 10-ാംനു കാർഡിനൽ തെദെഷീനി സിസ്റ്റൈൻ ചാപ്പലിൽ ആഘോഷമായ പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. തദവസരത്തിൽ മാർപ്പാപ്പാതിരുമേനിയും പല കർദ്ദിനാളന്മാരും മെത്രാപ്പോലീത്താമാരും മെത്രാന്മാരും മോൺസിഞ്ഞോറന്മാരും നയതന്ത്രപ്രതിനിധികളും സന്നിഹിതരായിരുന്നു. പൊന്തിഫിക്കൽ കുർബാനയ്ക്കുശേഷം പരിശുദ്ധപിതാവു് ഒപ്പീസ് (Absolution) നടത്തി. 11. 45നു ത്രുക്കർമ്മങ്ങൾ അവസാനിച്ചു.

### ദണ്ഡവിമോചനം

എത്രപ്രാവശ്യമെങ്കിലും പ്രാപിക്കാം

ജൂബിലിദണ്ഡവിമോചനം പ്രാപിക്കുന്നതിനുള്ള വ്യവസ്ഥകൾ എത്രപ്രാവശ്യം പൂർത്തിയാക്കുന്നുവോ അത്രയും പ്രാവശ്യം ദണ്ഡവിമോചനം പ്രാപിക്കുവാൻ സാധിക്കുന്നതാണെന്നു തിരുസിംഹാസനത്തിൽനിന്നു വിശദമാക്കിയിരിക്കുന്നു. ഒരിക്കൽമാത്രമേ ജൂബിലിദണ്ഡവിമോചനം പ്രാപിക്കുവാൻ സാധിക്കയുള്ളു എന്ന ധാരണ വരുത്തത്തക്ക പ്രസ്താവനകൾ ചില പത്രങ്ങളിൽ കടന്നുകൂടിയതുകൊണ്ടാണ് ഇപ്രകാരമൊരു വിശദീകരണം നല്കപ്പെട്ടതു്.

### ജ്ഞാനസ്നാനം സാധുവാണ്

അമേരിക്കയിലെ ബാപ്റ്റിസ്റ്റ്, കോൺഗ്രിഗേഷനലിസ്റ്റ്, ഡിസൈപ്പിൾസ് ഓഫ് ക്രൈസ്റ്റ്, മെഥോഡിസ്റ്റ്, പ്രെസ്ബിറേററിയൻ എന്നീ 5 പ്രോട്ടസ്റ്റൻറ് വിഭാഗക്കാരുടെ ജ്ഞാനസ്നാനം സാധുവാണെന്നു “ഹോളിഓഫീസ്” തിരുസംഘം പ്രസ്താവിച്ചിരിക്കുന്നു. അമേരിക്കൻ മെത്രാന്മാരുടെ ചോദ്യത്തിനു മറുപടിയായിട്ടാണ് തിരുസംഘം ഈ സംഗതി വിശദമാക്കിയതു്. വിവാഹക്കേസുകളുടെ തീരുമാനത്തിനു ജ്ഞാനസ്നാനത്തിൻെറ സാധുതയെപ്പററി അന്വേഷിക്കേണ്ടിവരുന്നുവെന്നതു പ്രസ്താവ്യമാണ്. കൂദാശയുടെ കർമ്മസാധനം, കർമ്മസ്വരൂപം, നിയോഗം എന്നിവ ശരിയായിത്തന്നെ ഇരുന്നെങ്കിലേ കൂദാശ സാധുവായി പരിഗണിക്കാവൂ എന്നും തിരുസംഘം ചൂണ്ടിക്കാണിച്ചിരിക്കുന്നു.

---

# യൗസേപ്പിതാവിൻെറ വിശുദ്ധചരട്

(ഫാദർ ഗ്രിഗരി സി. ഡി.)

I. ഉത്ഭവം: 1657-ൽബെൽജിയത്തിൽ ആൻറുവെർപ്പ് പട്ടണത്തിൽ എലിസബെത്തു് എന്നു നാമധാരിണിയായ ഒരു അഗസ്റ്റീനിയൻ കന്യക കഠിനരോഗബാധിതയായി കിടന്നിരുന്നു. പല വൈദ്യവിദഗ്ദ്ധന്മാരുടെ ചികിത്സകൾ നടത്തിയിട്ടും ഗുണമൊന്നും ഉണ്ടായില്ല. മാത്രമല്ല, ഈ രോഗം ചികിത്സകൾകൊണ്ടു മാറുന്ന ഒന്നല്ലെന്നും അവർ അഭിപ്രായപ്പെട്ടു. എങ്കിലും ഇതിൽ ഭഗ്നാശയാകാതെ മാർ യൗസേപ്പപിതാവിൻെറ ഒരുത്തമഭക്തയായിരുന്ന പ്രസ്തുത കന്യാസ്ത്രീ ദൈവപ്രേരണയാൽ ആ വിശുദ്ധൻെറ സ്തുതിക്കായി ഒരു ചരടുണ്ടാക്കി ആശീർവ്വദിപ്പിച്ചു ധരിക്കുകയും ആ പിതാവിനോടു രോഗശാന്തിക്കായി തീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും ചെയ്തു. തൽഫലമായി ഉടനടി രോഗം പൂർണ്ണമായും നീങ്ങി. സുപ്രസിദ്ധചരിത്രകാരന്മാരായ ബോളണ്ടിസ്റ്റർ (Bollandists) ഇതു ഒരു അത്ഭുതസംഭവമായി രേഖപ്പെടുത്തിയിട്ടുമുണ്ട്. അവരുടെ സാക്ഷിയാകട്ടെ അത്യന്തം വിലമതിക്കത്തക്ക ഒന്നാണെന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

II. പ്രചാരവും അംഗീകരണവും: 1842-ൽ പ്രസിദ്ധീകൃതമായ “വി. യൗസേപ്പിൻെറ മാസവണക്കം” എന്നൊരു പുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്ന മേൽവിവരിച്ച സംഭവം പലരുടെയും ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നതിനും, ഓരോ തീരാവ്യാധികളാൽ കഷ്ടപ്പെട്ടിരുന്ന പലയാളുകളും സിസ്റ്റർ എലിസബെത്തിനെ അനുകരിച്ച് ചരടുണ്ടാക്കി വെഞ്ചരിപ്പിച്ചു ധരിക്കുന്നതിനും, തന്മൂലം അന്നുമുതൽ അനേകർക്ക് വിസ്മയകരമായ പല സഹായങ്ങൾ ലഭിക്കുന്നതിനും ഇടയായിട്ടുണ്ട്. 1859ലും 1862ലുമായി ഈ വിശുദ്ധ ചരടിൻെറ ഭക്തിയെ തിരുസിംഹാസനം അംഗീകരിച്ചുറപ്പിക്കുകയും, ഒരു അതിസഖ്യത്തിൻെറ സ്ഥാനത്തേക്കു ഇതിനെ ഉയർത്തുകയും, ഭക്തിപൂർവ്വം ഇതു ധരിക്കുന്നവർക്ക് പല നൽവരങ്ങൾ പ്രദാനം ചെയ്തുകൊണ്ടു് ഈ ഭക്തമുറയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

III. നിബന്ധനകൾ: ഈ വിശുദ്ധ ചരടിൻെറ ഒരു അററത്തു മാർയൗസേപ്പപിതാവിൻെറ ഏഴു സന്തോഷസന്താപങ്ങളുടെ സ്മരണയ്ക്കായി ഏഴു കെട്ടുകൾ ഉണ്ടായിരിക്കണം—പ്രത്യേകാനുവാദമുള്ള വൈദികനാൽ ഈ ചരട് ആശീർവ്വദിക്കപ്പെട്ടതായിരിക്കണം. ഇതു ധരിക്കുന്നവർ ദിനന്തോറും മാർ യൗസേപ്പിൻെറ സ്തുതിക്കായി ഏഴു ത്രിത്വസ്തുതി ജപിക്കേണ്ടതുമാണ്.

IV. പ്രയോജനങ്ങൾ: ഈ വിശുദ്ധ ചരടു ഭക്തിപൂർവ്വം ധരിക്കുന്നവർക്ക് ലഭ്യമാകുന്ന പ്രധാനപ്രയോജനങ്ങൾ കീഴെ പറയുന്നവയാണ്:-

1. ചരടു ആദ്യമായി ധരിക്കുന്ന ദിവസവും, മരണസമയവും, ന. കർത്താവിൻെറയും പരി. ദൈവജനനിയുടെയും മാർ യൗസേപ്പപിതാവിൻെറയും പ്രധാനതിരുനാളുകളിലും സാമാന്യമുള്ള വ്യവസ്ഥകളനുസരിച്ചു പൂർണ്ണദണ്ഡവിമോചനം.
2. ഈ ചരടു ധരിച്ചു മരിക്കുന്നയാളിനുവേണ്ടി അർപ്പിക്കപ്പെടുന്ന ഓരോ ദിവ്യപൂജയ്ക്കും “സ്വയംവരപീഠ”ത്തിൻെറ വരം.
3. മാർ യൗസേപ്പപിതാവിൻെറ പ്രത്യേകസഹായത്താൽ ആത്മശരീരശുദ്ധത പാലിച്ചുകൊണ്ടുപോകാനുള്ള അമൂല്യവരം.
4. ജീവിതകാലത്തും പ്രത്യേകം മരണസമയത്തും നന്മരണമദ്ധ്യസ്ഥനായ മാർ യൗസേപ്പിൻെറ പ്രത്യേകാദരവും സഹായവും.
5. അന്ത്യത്തോളമുള്ള നിലനില്പിൻെറ വരം അഥവാ ദൈവപ്രസാദവരത്തിൽ മരണം പ്രാപിക്കാനുള്ള അസാമാന്യ ഭാഗ്യം.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ലഭിച്ച മനോഗുണത്തിനു് നന്ദി.

ആൻറണി F. വാടയ്ക്കകത്ത്,
സത്യദീപം ഏജൻറ്, പരിയാരം

---

അസാദ്ധ്യ കാര്യങ്ങളുടെ മദ്ധ്യസ്ഥയായ വിശുദ്ധ റീത്തായ്ക്കു് ഉപകാരസ്മരണ.

വി. എസ്.

---

വേദശാസ്ത്രപംക്തി

# പാപസങ്കീർത്തനം

## XV

### ക്രൂദാശാഘടകങ്ങൾ

യഥാർത്ഥമായ മനസ്താപം കൂടാതെ പാപസങ്കീർത്തനദ്വാരാ പാപവിമോചനം സിദ്ധിക്കുക സാദ്ധ്യമല്ലെന്നും, പാപമോക്ഷപ്രാപ്തിക്കു അവശ്യം ആവശ്യമായ പശ്ചാത്താപം ഏതുതരത്തിലുള്ളതായിരിക്കണമെന്നും മുൻപ്രസ്താവിച്ചതിൽനിന്നു വിശദമായിരിക്കണം. വേദോപദേശത്തിൽ ഏവരും ഹൃദിസ്ഥമാക്കിയിരിക്കുന്നതുപോലെ മനസ്താപം രണ്ടുതരമുണ്ട്: ഉത്തമമനസ്താപം അഥവാ പൂർണ്ണമനസ്താപം; അടിമമനസ്താപം അല്ലെങ്കിൽ അപൂർണ്ണമനസ്താപം.

പിതാവായ ദൈവത്തോടുള്ള മക്കൾക്കടുത്ത സ്നേഹത്തിൽനിന്നുളവാകുന്ന അനുതാപമത്രെ ഉത്തമമനസ്താപം. ഇതിനൊരു വിശേഷതയുണ്ട്. കുമ്പസാരിക്കുന്നതിനുമുമ്പുതന്നെ തദ്വാരാ നമുക്കു പാപവിമോചനം സിദ്ധിക്കാം. പക്ഷെ ചാവുദോഷമുണ്ടെങ്കിൽ കഴിയുംവേഗം പാപനിവേദനം നടത്തിക്കൊള്ളാമെന്നൊരു നിയോഗം അതിൽഅന്തർല്ലീനമായിട്ടുണ്ടാകണം. ഇപ്പറഞ്ഞതിൻെറ ന്യായയുക്തത സ്വയംവിശദമാണ്. പരമാർത്ഥഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്നവൻ അവിടുത്തെ ശത്രുവായിരിപ്പാൻ പാടില്ല. സർവ്വേശ്വരനെ സ്നേഹിക്കുന്നവനാകട്ടെ അവിടുത്തെ ഇഷ്ടം നിറവേററുവാൻ സദാ സന്നദ്ധനായിരിക്കയും ചെയ്യും. പുതിയ നിയമത്തിൽ പാപവിമോചനമാർഗ്ഗമായി ദൈവം നിശ്ചയിച്ചിട്ടുള്ളതു് പുരോഹിതസമക്ഷമുള്ള പാപസങ്കീർത്തനമാണ്. തന്നിമിത്തം സർവ്വേശ്വരനെ പരിപൂർണ്ണമായി സ്നേഹിക്കുന്നവൻ തൻെറ പാപങ്ങളെ സൗകര്യം കിട്ടുന്ന ക്ഷണത്തിൽ കുമ്പസാരിപ്പാൻ ഒരുക്കമുള്ളവനായിരിക്കുമെന്നുള്ളതു തീർച്ചയാണ്. താദൃശമൊരു സന്നദ്ധതകൂടാതെയുള്ള സ്നേഹം പരിപൂർണ്ണമാണെന്നു പറയുക വയ്യ.

ചാവുദോഷത്തിലിരിക്കുന്ന ഒരാൾ ആകസ്മികമായി മരണത്തിൻെറ പിടിയിൽ പെടുവാനിടയാകുന്നു എന്നു സങ്കല്പിക്കുക. കുമ്പസാരിക്കുവാൻ തരവുമില്ല. ഈ ആപൽസന്ധിയിൽ രക്ഷയ്ക്കുള്ള ഒരേ ഒരു മാർഗ്ഗം ഉത്തമമനസ്താപം ഉളവാക്കുക എന്നുള്ളതാണ്. ഇക്കാരണത്താൽതന്നെ ഇതിൻെറ ആവശ്യകതയും പ്രാധാന്യവും ആർക്കും എളുപ്പത്തിൽ ഗ്രഹിക്കാം. യാദൃച്ഛികമായ അപകടത്താലൊ, അഗ്നിബാധയാലൊ, രോഗമൂർച്ഛയാലൊ ആസന്നമൃത്യുവിനിരയാകുന്നപക്ഷം നാം ദൈവത്തിൻപക്കലേക്കു തിരിഞ്ഞു ഹൃദയപൂർവ്വം ഉത്തമമനസ്താപപ്രകരണം ചൊല്ലണം. “അല്ലയോ, എൻെറ ദൈവമേ, അങ്ങുന്നു സകലനന്മസ്വരൂപിയും എത്രയും സ്നേഹയോഗ്യനുമാകയാൽ, പാപംമൂലം അങ്ങെ ദ്രോഹിപ്പാനിടയായതിൽ ഞാൻ ആത്മാർത്ഥമായി അനുതപിക്കയും, അങ്ങെ കൃപാവരസഹായത്താൽ ഇനിമേൽ പാപം ചെയ്കയില്ലെന്നു ദൃഢമായി പ്രതിജ്ഞചെയ്കയും ചെയ്യുന്നു.” ഉൾത്തടത്തിൻെറ ഉള്ളറകളിൽനിന്നു ഇങ്ങനെയൊരഭ്യർത്ഥന ഏതുഘട്ടത്തിലും നിഷ്പ്രയാസം ഉയരത്തക്കവിധം അതുമായി ഏവരും ഗാഢപരിചയം സമ്പാദിക്കണം.

ഉത്തമമനസ്താപത്തിൻെറ അടിയന്തിരാവശ്യകതയും അതുലപ്രയോജനവും നേരാംവണ്ണം ഗ്രഹിച്ചതുകൊണ്ടാണ് പണ്ഡിതവരേണ്യനും പുണ്യശ്ലോകനുമായിരുന്ന കർദ്ദിനാൾ ഫ്റൻസ്ലിൻ ഇങ്ങനെ പറഞ്ഞിരുന്നതു്: “എനിക്കു ലോകമാസകലം ചുററിനടന്നു പ്രസംഗിക്കുവാൻ സാധിച്ചിരുന്നുവെങ്കിൽ, പൂർണ്ണമനസ്താപത്തെക്കുറിച്ചെന്നപോലെ വേറെ യാതൊന്നിനെക്കുറിച്ചും ഞാൻ ആവർത്തിച്ചുൽബോധിപ്പിക്കയില്ല.” ചാവുദോഷത്തിലുൾപ്പെടുന്നതുതന്നെ മനുഷ്യനു നേരിടാവുന്ന ഏററംവലിയ തിന്മയാണ്. എന്നാൽ അതിലും ആപൽക്കരമായ ഒന്നാണ് ചാവുദോഷത്തിൽ തുടന്നു വർത്തിക്കുകയെന്നതു്. പലരും ഈ യാഥാർത്ഥ്യം മനസ്സിലാക്കീട്ടില്ലെന്നു വേണം കരുതുവാൻ. അല്ലെങ്കിൽ “ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും” എന്ന മട്ടിൽ അവർ ദൈവശത്രുക്കളായി ജീവിതം നയിക്കയില്ലായിരുന്നു. പാപസങ്കീർത്തനം കഴിക്കുവാൻ ഒരുപക്ഷെ തല്ക്കാലം സൗകര്യമില്ലെന്നു വന്നാലും, ഉത്തമമനസ്താപപ്രകരണം ഉള്ളിൽ തട്ടിയവിധം ഉച്ചരിക്കുവാനും, അങ്ങനെ തൽക്ഷണം പാപവിമോചനം സമ്പാദിക്കുവാനും, ആർക്കാണു തരപ്പെടാത്തതു്? പാപത്തിൽ ജീവിക്കുന്നവൻ നരകത്തിനു നേർമുകളിലാണു വർത്തിക്കുന്നതു്; ഏതു വിനാഴികയിലും അതിലേക്കു നിപതിച്ചേക്കാവുന്ന അത്യാപല്ക്കരമായ ഒരവസ്ഥയിലാണ് അയാൾ നിർഭയം കഴിഞ്ഞുകൂടുന്നതു്! മാത്രമല്ല, ഈശ്വരനോടുള്ള പരമശത്രുതയിൽ ജീവിക്കുന്നതിനാൽ അയാളുടെ പ്രാർത്ഥനകൾക്കും, പ്രയത്നങ്ങൾക്കും, പ്രായശ്ചിത്തപ്രവൃത്തികൾക്കും, സഹനങ്ങൾക്കും, സൽകൃത്യങ്ങൾക്കും സ്വർഗ്ഗീയസമ്മാനത്തിനു അർഹതയില്ലാതെ പോകുന്നു. നിത്യസമ്മാനത്തെ സംബന്ധിച്ചിടത്തോളം തങ്ങളുടെ ജീവിതം കേവലം നിഷ്ഫലമായിപ്പരിണമിക്കുന്നു എന്നുള്ള വിചാരംപോലും പാപികൾക്കില്ലാതിരിക്കുന്നതു് എത്ര പരിതാപകരമായിരിക്കുന്നു! നിമിഷനേരംകൊണ്ടു ഉത്തമമനസ്താപത്താൽ ആപൽക്കരവും നിത്യനഷ്ടത്തിനു കാരണവുമായ പ്രസ്തുതദുരവസ്ഥയിൽനിന്നു ആർക്കും എളുപ്പത്തിൽ കരകയറാമെന്നുള്ള വസ്തുത ഏതു പാപിക്കും അതിമാത്രം ആശ്വാസകരംതന്നെ.

(പി: കെ.)

# Sathya Deepam

Vol. 23 — Ernakulam March 8 950 — No. 28


# ലോകഗുരു

## (ഫാദർ തോമസ് മൂഞ്ഞേലി എ. എ. ഡി. ഡി.)

നാശത്തിലേക്കു കുതിച്ചുചാടിക്കൊണ്ടിരിക്കുന്ന ആധുനികലോകത്തിനു കടിഞ്ഞാണിട്ടു വലിച്ചുനിറുത്തിക്കൊണ്ടിരിക്കുന്ന ഒരു മഹാശക്തിയാണു പന്ത്രണ്ടാംപീയൂസുമാർപ്പാപ്പാ. പതിനൊന്നു കൊല്ലത്തെ അവിടുത്തെ ഭരണത്തിനിടയ്ക്കു തിരുസ്സഭയ്ക്കുണ്ടായിട്ടുള്ള ഉൽകണ്ഠകളെപ്പററി ചിന്തിക്കുമ്പോൾ പരിശുദ്ധ പിതാവിനെപ്പോലെ ഉറച്ച ഒരു മനുഷ്യൻ, അക്ഷീണനായ ഒരു സന്മാർഗ്ഗഗുരു, സമാധാനപാലകൻ, സർവ്വോപരി പ്രാർത്ഥനയിലും പ്രായശ്ചിത്തത്തിലും വിശ്വസിച്ചു പ്രവർത്തിക്കുന്ന ഒരു ക്രൂശുവാഹകൻ പത്രോസിന്റെ പടവിൽ അമരം പിടിക്കുവാനുണ്ടായതു പരിശുദ്ധാരൂപി സഭയെ പരിപാലിച്ചുകൊണ്ടിരിക്കുന്നുവെന്നതിനു മറെറാരു ലക്ഷ്യമാണ്.

തിരുസ്സഭയിലെ അപ്രമാദാദ്ധ്യാപകൻ എന്ന നിലയിൽ പരിശുദ്ധപിതാക്കന്മാർ തങ്ങളുടെ കടമയായി കരുതുന്ന ഒന്നാണ് അദ്ധ്യാപനം. തിരുമേനി നല്കിയിട്ടുള്ള ചാക്രികലേഖനങ്ങളും ക്രിസ്തുമസ്സുപ്രഭാഷണങ്ങളും റേഡിയോപ്രസംഗങ്ങളും മററു ഉൽബോധനങ്ങളും ലോകഗുരുവെന്ന മഹനീയസ്ഥാനത്തിനു ഭൂഷണംതന്നെയാണ്. 1939 ഒക്ടോബർ 20-ാം൹ പ്രസിദ്ധംചെയ്ത ഒന്നാമത്തെ ചാക്രികലേഖനത്തിൽത്തന്നെ അവിടുന്നു പറയുന്നു: "ശ്ലൈഹികമായ സ്ഥിരതയോടെ സത്യത്തിനു നാം സാക്ഷ്യംവഹിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഭൗമികമായ പരിഗണനകൾക്കോ, അവിശ്വാസത്തിനോ, എതിർപ്പുകൾക്കോ, പ്രതിബന്ധങ്ങൾക്കോ, തെററിദ്ധാരണകൾക്കോ, അബദ്ധവ്യാഖ്യാനങ്ങൾക്കോ, നമ്മുടെ വാക്കുകൾക്കുണ്ടായേക്കാവുന്ന അനാദരത്തിനോ നാം വഴങ്ങിക്കൊടുക്കുകയില്ല. പൈതൃകമായ സ്നേഹത്തോടെ നമ്മുടെ ചുമതല നാം നിർവ്വഹിക്കുകതന്നെ ചെയ്യും." പതിനൊന്നു കൊല്ലത്തെ ഭരണത്തിനിടയിൽ തിരുമേനിയുടെ വാക്കുകൾ അക്ഷരാർത്ഥം അന്വർത്ഥമായിരിക്കുന്നു.

ജീവിതതുറകളിലെല്ലാംതന്നെ സന്മാർഗ്ഗതത്വങ്ങളെ അവഗണിക്കുന്നതാണ് ഇന്നത്തെ ലോകത്തിന്റെ വലിയ തിന്മയെന്നു തിരുമേനി നന്നായി മനസ്സിലാക്കിയിട്ടുണ്ട്. സമുദായങ്ങളായാലും വ്യക്തികളായാലും ദൈവപ്രമാണങ്ങളിൽ നാലെണ്ണം സ്വീകരിച്ചു ശേഷം ആറും നിഷേധിക്കുവാനിടയാകരുത്. വ്യക്തികൾക്കു ഒരു നിയമസംഹിതയും സമുദായത്തിനു വേറൊരു നിയമസംഹിതയുമില്ല. കൊല്ലരുത് എന്ന പ്രമാണം വ്യക്തിക്കുമാത്രമുള്ളതല്ല, സമുദായത്തിനും ഉള്ളതാണ്. ഗവമ്മെണ്ടു നടത്തുന്ന വധമാകരുത് യുദ്ധം. ഗവമ്മെണ്ടു നടത്തുന്ന കവർച്ചയാകരുത് ഇതരപ്രദേശങ്ങളിൽ നടത്തുന്ന ആക്രമണം. എല്ലാംകൊല്ലവും, കൊല്ലത്തിൽ മുന്നൂററിഅറുപത്തഞ്ചുദിവസവും വ്യക്തികളുടേയും ഗവമ്മെണ്ടുകളുടേയും വാക്കുകളും വിചാരങ്ങളും പ്രവൃത്തികളും അഭേദ്യമായ സന്മാർഗ്ഗികതത്വങ്ങൾക്കു വിധേയമായിരിക്കണം. അന്യരാജ്യങ്ങളുമായുള്ള ബന്ധവും, കച്ചവടവും, കരാറുകളും, തൊഴിലും, മൂലധനവും, വിദ്യാഭ്യാസവും, കുടുംബജീവിതവും—എല്ലാം—ഉറച്ച സന്മാർഗ്ഗികതത്വങ്ങളാൽ നിയന്ത്രിക്കപ്പെടണം. ഇതു ഒരു കാര്യമാണു. പരിശുദ്ധ പിതാവിന്റെ പ്രഭാഷണങ്ങളിൽ പ്രധാനമായി കാണുന്ന വശം.

തിരുമേനിയുടെ ചില ക്രിസ്തുമസ്സുപ്രഭാഷണങ്ങൾ പരിശോധിച്ചുനോക്കുവിൻ. ഒന്നാമത്തെ ക്രിസ്തുമസ്സുസന്ദേശത്തിൽ അന്തർദ്ദേശീയസമാധാനത്തിനുള്ള വ്യവസ്ഥകൾ നല്കിയിരിക്കുന്നു: 1) എല്ലാരാജ്യങ്ങൾക്കും സ്വാതന്ത്ര്യമായി കഴിയുവാൻ അവകാശമുണ്ടായിരിക്കണം. 2) ആയുധങ്ങളുടെ അടിമത്തത്തിൽനിന്നു് അവരെ മോചിക്കണം. 3) സമാധാനസന്ധികൾ വിശ്വസ്തതയോടെ പാലിക്കുകയും വേണ്ടിവന്നാൽ അവ ലഘൂപ്പെടുത്തുവാൻ വ്യവസ്ഥകൾ ഉണ്ടാക്കുകയും വേണം. 4) നിലവിലിരിക്കുന്ന സന്ധികൾ രാജ്യങ്ങളുടേയോ, ജനതകളുടേയോ, ന്യൂനപക്ഷവർഗ്ഗങ്ങളുടേയോ നീതിയുക്തമായ അവകാശങ്ങളെ അവഗണിക്കുന്നുണ്ടെങ്കിൽ അവ ഭേദപ്പെടുത്തണം. 5) ഭരണാധികാരികൾ ക്രൈസ്തവചൈതന്യത്തോടെ വർത്തിക്കണം. പരിശുദ്ധപിതാവിന്റെ ഈ നിർദ്ദേശങ്ങൾ ഇന്നും ലോകസമാധാനത്തിനു പററിയ മാർഗ്ഗങ്ങളാണ്; എന്നാൽ കേൾക്കാൻ കാതു് ആർക്കുണ്ടു്?

അതിരുകടന്ന ശത്രുത, അറുതിയില്ലാത്ത അവിശ്വാസം, നീതിയുടെ അടിസ്ഥാനമായി ഉപയോഗയോഗ്യതയെ പരിഗണിക്കുന്നതു്, വിപ്ളവബീജം, വ്യക്തികളുടേയും രാഷ്ട്രത്തിന്റേയും സ്വാതന്ത്ര്യത്തേയും ബഹുമാനത്തേയും നിഷേധിക്കുന്ന തണ്ടത്ത സ്വാർത്ഥം എന്നിവയെ ജയിച്ചു് ഒരു നവലോകക്രമത്തെ സൃഷ്ടിക്കുവാനുള്ള ആഹ്വാനമാണ് 1940ലെ ക്രിസ്തുമസ്സിൽ നല്കിയതു്.

1941ലെ ക്രിസ്തുമസ്സുസന്ദേശത്തിൽ അഞ്ചു് അടിസ്ഥാനതത്വങ്ങൾ വിവരിച്ചിരിക്കുന്നു. 1) മററുരാജ്യങ്ങളുടെ സ്വാതന്ത്ര്യവും സമാധാനവും ക്രമവും ആരും നശിപ്പിക്കരുതു്. 2) ചെറുരാജ്യങ്ങളുടെ ഭാഷാപരവും സംസ്കാരപരവുമായ വ്യക്തിത്വത്തെ രഹസ്യമായോ പരസ്യമായോ അപഹരിക്കരുതു്. 3) അവരുടെ സമ്പത്തികമായ കഴിവുകളെ ചൂഷണംചെയ്യരുതു്. എല്ലാവർക്കും ലഭിക്കേണ്ട സാമഗ്രികൾ ചില ചെറുരാജ്യങ്ങൾക്കു് കിട്ടാനിടയാകാത്തവിധം ആരും സൂക്ഷിച്ചുവയ്ക്കരുതു്. 4) മൂന്നാമതും ഒരു യുദ്ധമുണ്ടാകാതിരിക്കുവണ്ണം യുദ്ധസാമഗ്രികൾ കുമ്പാരം കൂട്ടരുതു്. 5) മതത്തെയോ തിരുസ്സഭയേയോ പീഡിപ്പിക്കുന്നതു ശരിയല്ല. ലോകയുദ്ധത്തിന്റെ നാശങ്ങളിൽനിന്നും പരസ്പരശത്രുതയിൽനിന്നും കൊടിയ അനൈക്യത്തിൽനിന്നും ഒരു അഭിനവലോകത്തെയും നവയൂറോപ്പിനേയും നിർമ്മിക്കുവാൻ വളരെയധികം ധൈര്യവും സാന്മാർഗ്ഗികശക്തിയും ആവശ്യകമാണെന്നാണ് മാർപ്പാപ്പാതിരുമേനി അന്നു് ഉൽബോധിപ്പിച്ചതു്.

നാലാമത്തെ ക്രിസ്തുമസ്സ സന്ദേശത്തിലും മാർപ്പാപ്പാ തിരുമനസ്സിലെ സ്വരം ഉയന്നു സമാധാനസംയുക്തമായ സമുദായങ്ങൾ ഐക്യത്തോടെ വർത്തിക്കുവാനുള്ള ആഹ്വാനം നല്കുന്നതിനായിട്ടാണ്. അഞ്ചുകാര്യങ്ങൾ വീണ്ടും ഊന്നിപ്പറഞ്ഞു: (1) മനുഷ്യന്റെ മാഹാത്മ്യം ഗ്രഹിച്ചു വ്യക്തികളുടെ മൗലികാവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനു് എല്ലാവരും സഹകരിച്ചു പരിശ്രമിക്കണം. (2) മനുഷ്യർ കന്നുകാലിക്കൂട്ടമല്ല. യഥേഷ്ടം തൊഴുത്തിലിട്ടടച്ചു് അവരെ അടിമകളാക്കരുതു്. മനുഷ്യകുടുംബത്തിനു് ആന്തരികമായ ഐക്യമുള്ളതിനാൽ അഭേദ്യമായ വിവാഹബന്ധവും കുടുംബജീവിതത്തിനുള്ള സ്ഥലവും സൗകര്യവും, പുതിയ കുടുംബങ്ങൾ സ്ഥാപിക്കുന്നതിനും തങ്ങളുടെ ബോധ്യമനുസരിച്ചു കുട്ടികളെ മതതത്വങ്ങൾ പഠിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യവുമുണ്ടായിരിക്കണം. (3) തൊഴിലുകൾ അവമാനമല്ല; അവ വ്യക്തിയെ പൂർണ്ണമനുഷ്യനാക്കി ചെയ്യുന്നു. തൊഴിലാളിക്കും അവന്റെ കുടുംബത്തിനും ആവശ്യമായ വേതനം അവനു ലഭിക്കണം. എല്ലാവർക്കും സ്വകാര്യമായ വസ്തു ഉടമ അനുഭവിക്കുകയും സാമർത്ഥ്യമുള്ള കുട്ടികൾക്കു, ദരിദ്ര തൊഴിലാളിയുടെ മക്കൾതന്നെയായാലും, ഉന്നതവിദ്യാഭ്യാസത്തിനു സൗകര്യം നല്കുകയും വേണം. സമുദായത്തിന്റെ ശക്തി വർദ്ധിപ്പിക്കുന്നതിനു് ഇതു് ഉപകരിക്കും. (4) നീതിന്യായവ്യവസ്ഥകൾ ഉത്തമമായി നടപ്പിൽ വരുത്തണം. (5) രാഷ്ട്രത്തിന്റെ ചിന്താഗതിയും പ്രവൃത്തനങ്ങളും നല്ല അച്ചടക്കബോധത്തോടും ഉൽകൃഷ്ടമായ കാരുണ്യത്തോടും ക്രിസ്തീയ ചൈതന്യത്തോടുംകൂടെ ആയിരിക്കണം. രാഷ്ട്രം വ്യക്തിയുടെ മനുഷ്യസ്വഭാവത്തേയും നിത്യമായ പരമാർത്ഥത്തേയും ആദരപൂർവ്വം പരിഗണിക്കുകയും വേണം.

### ഇന്ത്യൻ സ്ഥാനപതി പരിശുദ്ധ പിതാവിന്റെ സന്നിധിയിൽ



വത്തിക്കാനിലെ ഇന്ത്യൻ സ്ഥാനപതി ശ്രീ. ഭേരായി മാർപ്പാപ്പാ തിരുമേനിക്കു് ക്രിസ്തുസിന്റേയും നവവത്സരത്തിന്റേയും മംഗളങ്ങൾ ആശംസിക്കുന്നു. തിരുമേനിയുടെ ഇടതുവശത്തു നില്ക്കുന്നതു പേപ്പൽ സ്റ്റേററ് സെക്രട്ടറി മോൺ. മൊൺറീനിയാണ്.

1942ലെ ക്രിസ്തുമസ്സുസന്ദേശത്തിൽ മാതാപിതാക്കന്മാരുടേയും ഭാര്യാഭർത്താക്കന്മാരുടേയും അവകാശങ്ങൾ നിർണ്ണയിച്ചിരിക്കുന്നു: "ശാരീരികവും, മാനസികവും, സന്മാർഗ്ഗികവുമായ ജീവിതം വിശിഷ്യ, മതാത്മകമായ ജീവിതം നയിക്കുവാനും വിദ്യാഭ്യാസം ലഭിക്കുവാനും ദൈവത്തെ രഹസ്യവും പരസ്യവുമായി ആരാധിക്കുവാനും മതങ്ങൾക്കു് അനുയോജ്യമായ ധർമ്മകാര്യങ്ങൾ നടത്തുവാനും, വിവാഹം കഴിക്കുവാനും, വിവാഹജീവിതത്തിന്റെ ഉദ്ദേശ്യം സഫലമാക്കുവാനും കുടുംബമായി ജീവിക്കുവാനും കുടുംബസന്ധാരണത്തിനായി തൊഴിൽ ചെയ്യുവാനും പൗരോഹിത്യമോ സന്യാസമോ യഥേഷ്ടം തിരിഞ്ഞെടുക്കുവാനും സമുദായജീവിതനിബന്ധനകൾക്കു് അനുയോജ്യമാംവണ്ണം ഓരോരുത്തന്റെ ഭാരമനുസരിച്ചു ലോകവസ്തുക്കൾ ഉപയോഗിക്കുവാനുമുള്ള മൗലികാവകാശം ഗവമ്മെണ്ടു് അധികാരികൾ വ്യക്തികൾക്കു നല്കേണ്ടതാണ്."

1947ലെ ക്രിസ്തുമസ്സുസന്ദേശത്തിൽ ദുഃഖപൂർവ്വം തിരുമേനി ചെയ്യുന്ന പ്രസ്താവനകൾ മനുഷ്യഹൃദയത്തെ ഭേദിപ്പിക്കത്തക്കവയാണ്: "ക്ഷതമേററ യൂറോപ്പിനും കലഹംകൊണ്ടു കീറിമുറിക്കപ്പെട്ടിരിക്കുന്ന രാജ്യങ്ങൾക്കും 1948-ാം വത്സരം പുനരുദ്ധാരണത്തിന്റേയും സമാധാനത്തിന്റേയും വത്സരമായിത്തീരുവാൻ പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുവിൻ... ...യൂറോപ്പെന്നല്ല ലോകം മുഴുവനും ഒരു പരിവർത്തനഘട്ടത്തിലെത്തിയിരിക്കുന്നു. അപകടം വലുതുതന്നേ. നന്മയ്ക്കും തിന്മയ്ക്കുമുള്ള സാദ്ധ്യത വലിയതാണ്. ഭാവി എന്തെന്നു പറയുവാൻ വഹിയാ. സാമ്പത്തിക കുഴപ്പങ്ങൾക്കും സാമുദായിക കലഹങ്ങൾക്കും വിധേയമായ യൂറോപ്പു സുഖത്തിൽ കഴിയുമ്പോഴത്തെപ്പോലെ കണ്ണടച്ചിരിക്കാൻ നിവൃത്തിയില്ലാത്തതിനാൽ തിന്മയുടെ വശീകരണത്തിനു് എളുപ്പത്തിൽ അടിപ്പെട്ടേക്കാം.........പത്രോസിന്റെ സിംഹാസനം സ്ഥാപിച്ചിരിക്കുന്ന ഈ വിശുദ്ധ നഗരത്തിൽ കലഹത്തിന്മേലും നിരീശ്വരത്വത്തിന്മേലും അടിപണിതിട്ടുള്ള ഒരു സമുദായത്തിന്റെ അഥവാ ജീവിതതത്വത്തിന്റെ വിത്തുകൾ പാകിയിരിക്കുന്നു... ......ജനങ്ങളിൽനിന്നു് ആധുനികഹേറോദേസ്സുമാർ തങ്ങളുടെ ഉദ്ദേശങ്ങൾ മറച്ചുവയ്ക്കുന്നു. ഒരിക്കൽ കടിഞ്ഞാൺ അവരുടെ കൈയിൽ ഉറച്ചുകിട്ടിക്കഴിഞ്ഞാൽ അവർ മൂടുപടം മാററിക്കളഞ്ഞു മനുഷ്യന്റെ സ്വാതന്ത്ര്യത്തേയും വ്യക്തിമഹത്വത്തേയും നശിപ്പിച്ചു മതത്തെ ബഹിഷ്കരിക്കുവാൻ ഉത്സാഹിക്കും......... ദൈവത്തെ നിഷേധിക്കുകയും ന്യായത്തിന്റെ സ്ഥാനത്തു ഭുജബലത്തെ സ്ഥാപിക്കുകയും സ്വാതന്ത്ര്യത്തിനുപകരം ഭീതിയും ഭീഷണിയും നല്കുകയും വ്യാജത്താലും എതിർപ്പുകളാലും ജനങ്ങളെ വിപ്ലവത്തിനു് സജ്ജമാക്കി ദേശീയവും അന്തർദ്ദേശീയവുമായ സമാധാനം അസാദ്ധ്യമാക്കുകയും ചെയ്യുന്ന കക്ഷികൾക്കോ ശക്തികൾക്കോ തന്റെ അർത്ഥവും സേവനവും സഹായവും വോട്ടും നല്കുന്നവൻ രാജ്യദ്രോഹിയാണ്; വഞ്ചകനാണ്."

ഈ സന്ദേശത്തിൽ പ്രകടമാക്കിയ തന്റെ അഭിപ്രായം കഴിഞ്ഞ ജൂലായി മാസത്തിൽ പ്രസിദ്ധംചെയ്ത കമ്മ്യൂണിസനിരോധനകല്പനയാൽ സ്ഥിരീകരിച്ചു. കമ്മ്യൂണിസ്റ്റുകാരും അവരുടെ അനുഭാവികളും മഹറോൻശിക്ഷയിൽ പതിക്കുന്നുവെന്ന വിധിനിർണ്ണായകമായ തീരുമാനം പരിശുദ്ധ പിതാവിന്റെ അചഞ്ചലമായ അധ്യാപനധൈര്യത്തിന്റെ പ്രത്യക്ഷലക്ഷ്യമായി എന്നും നിലകൊള്ളും. മരണാപകടത്തിൽ ഏതു വൈദികനും മുമ്പിലത്തേ ഒപ്രുശുമാ നല്കാമെന്നു നിശ്ചയിച്ചതും പട്ടമെന്ന കൂദാശയുടെ കർമ്മസ്വരൂപം കണിശമായി പ്രഖ്യാപനംചെയ്തതും വിശ്വാസസംബന്ധമായ വിലയേറിയ അദ്ധ്യാപനമാണ്. മൗതികശരീരത്തെപ്പററിയും തിരുകർമ്മങ്ങളെപ്പററിയും ഓരോ ചാക്രികലേഖനം തിരുമേനി പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

അദ്ധ്യാപനവൃത്തിയിൽമാത്രമല്ല പന്ത്രണ്ടാം പീയൂസു മാർപ്പാപ്പായുടെ ചതുരത പ്രകടമാകുന്നതു്. വിശാലമായ വി

(ശേഷം 8-ാം പേജിൽ)

പ്രഭാഷണം

# മരുമകൾ

"നീ വസിക്കുന്നിടത്തു ഞാനും വസിക്കും; നിന്റെ ജനങ്ങൾ എന്റെ ജനങ്ങളും നിന്റെ ദൈവം എന്റെ ദൈവവുമായിരിക്കും." (Ruth I—16).

ജീവസന്ധാരണത്തിനും ശരീരവളർച്ചയ്ക്കുംവേണ്ടി പോഷകാംശങ്ങളുള്ള നിരവധി സാധനങ്ങൾ പുറമെനിന്നു ശരീരത്തിലേക്കു സ്വീകരിക്കപ്പെടുന്നു. അവ ക്രമേണ ശരീരത്തിൽ ലയിക്കയും ശരീരത്തിന്റെതന്നെ ഒരംശമായി രൂപാന്തരം പ്രാപിക്കയും അങ്ങനെ ശരീരം ഓജസ്സും പുഷ്ടിയും പ്രാപിക്കയും ചെയ്യുന്നു. രോഗബാധിതമാകുമ്പോൾ ശരീരത്തിൽ ചില മരുന്നുകളും, അന്യരക്തംതന്നെയും, കുത്തിവയ്ക്കുന്നു. ഈ ബാഹ്യപദാർത്ഥങ്ങൾ രക്തത്തിൽ ചേരുമ്പോൾ അല്പം വിഷമങ്ങൾ സഹിക്കേണ്ടിവരുമെങ്കിലും ശരീരത്തിനു് അവയെ സ്വീകരിക്കുവാനും അവയ്ക്കു് സ്വയം സ്വീകരിക്കപ്പെടാനുമുള്ള പശ്ചാത്തലം സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞാൽ വേദനയെല്ലാം ശമിച്ചു അവ ശരീരത്തിൽ ലയിച്ചു് ഒന്നായിത്തീരുകയും രോഗം ഓടിയൊളിക്കയും ആരോഗ്യം പുഞ്ചിരിതൂകുകയും ചെയ്യും. ഇതുപോലെതന്നെയാണു് ഭർത്തൃഗൃഹത്തിലേക്കു മരുമകൾ ആദ്യമായി കാലുകുത്തുന്നതു്. അന്യനാട്ടിൽനിന്നും അന്യവീട്ടിൽനിന്നും വരുന്ന ആ യുവതി, ആ കുടുംബഗാത്രത്തെ സംബന്ധിച്ചേടത്തോളം ഒരു ബാഹ്യപദാർത്ഥമാണു്. ആ കുടുംബാംഗങ്ങളുടെ സിരകളിൽ പായുന്ന രക്തമല്ല അവളുടേതു്, തീർച്ചതന്നെ; സ്വഭാവപ്രകൃതിയും അഭിരുചികളും വിഭിന്നങ്ങളായിരിക്കാം. എന്നാൽ ആ കുടുംബാംഗങ്ങൾക്കു അവളെ സ്വീകരിക്കണമെന്നും അവൾക്കു അവരുമായി സംയോജിക്കണമെന്നും ആത്മാർത്ഥമായ ആഗ്രഹവും സന്മനോഭാവവുമുണ്ടെങ്കിൽ അവൾ ആ കുടുംബഗാത്രത്തിലെ ഒരംശമായി അതിൽ ലയിച്ചുചേരും; കുടുംബം ഓജസ്സും സംപുഷ്ടിയും പ്രാപിക്കയും ചെയ്യും. ഇരുഭാഗത്തും ആത്മാർത്ഥമായ സന്മനസ്സുണ്ടായാൽമാത്രം മതി. ഇതില്ലെങ്കിൽ, ശരീരത്തിൽ ദഹനക്കേടും ഛർദ്ദിയും അതിസാരവും മററും ഉണ്ടാകുന്നതുപോലെ, കുടുംബത്തിലും വലിയ കുഴപ്പങ്ങൾ ഉണ്ടാകും.

മരുമക്കളുടെ ഒരു വിശിഷ്ടമാതൃക വേദപുസ്തകത്തിൽ ചിത്രീകരിച്ചിട്ടുണ്ടു്. ന്യായാധിപന്മാരുടെ കാലത്തു്, എലിമെലക്കു് എന്നു പേരായ ഒരു യഹൂദൻ ക്ഷാമപീഡനിമിത്തം ബെത്‌ലഹേമിൽനിന്നു വിജാതീയരുടെ രാജ്യമായ മോവാബിലേക്കു ഭാര്യയായ നാമിയോടും രണ്ടു പുത്രന്മാരോടുംകൂടി മാറിത്താമസിച്ചു. എലിമലേക്കു് മരിച്ചു. പുത്രന്മാർ രണ്ടുപേരും ആ നാട്ടിൽനിന്നുതന്നെ വിജാതീയകളായ ഭാര്യമാരെ സ്വീകരിച്ചു. എന്നാൽ കാലവിളംബമെന്യേ ആ രണ്ടു പുത്രന്മാരും കാലഗതിയടഞ്ഞു. —വൈധവ്യദുഃഖത്തോടുകൂടി പുത്രനഷ്ടവും. സന്താപനിമഗ്നയായ നാമി സ്വന്തം നാട്ടിലേക്കുതന്നെ തിരികെ പുറപ്പെട്ടു മരുമക്കൾ രണ്ടു പേരോടും സ്വന്തം വീടുകളിലേക്കു മടങ്ങിപ്പോയി വേറെ ഭർത്താക്കന്മാരെ സ്വീകരിച്ചുകൊള്ളുവാൻ ഉപദേശിച്ചുകൊണ്ടു് അവരെ ചുംബിച്ചു് യാത്ര പറഞ്ഞു. എന്നാൽ അവർ കരയുവാൻ തുടങ്ങി അവർക്കു അമ്മായിയമ്മയെ വിട്ടുപിരിയുവാൻ മനസ്സു വരാതെ അവളെ അവർ അനുഗമിച്ചു നാമി വീണ്ടും അവരോടു കേണപേക്ഷിച്ചു. വീണ്ടും അവർ വാവിട്ടുകരഞ്ഞു. ഒടുവിൽ ഓർഫ എന്നു പേരുള്ളവൾ നാമിയുടെ ആഗ്രഹമനുസരിച്ചു് സ്വഗൃഹത്തിലേക്കു മടങ്ങിപ്പോയി. എന്നാൽ റൂഥ് അമ്മായിയമ്മയെ വിട്ടുപിരിഞ്ഞില്ല. നാമി വീണ്ടും റൂഥിനോടു അഭ്യർത്ഥിച്ചു എന്നാൽ ആ മരുമകൾ അശ്രുപൂർണ്ണങ്ങളായ നേത്രങ്ങളോടുകൂടി പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: "... ...നീ എവിടെയെല്ലാം പോകുമൊ, അവിടെയെല്ലാം ഞാനും വന്നുകൊള്ളാം; നീ വസിക്കുന്നിടത്തു് ഞാനും വസിക്കും; നിന്റെ ജനങ്ങൾ എന്റെ ജനങ്ങളും നിന്റെ ദൈവം എന്റെ ദൈവവുമായിരിക്കും. നീ മരിക്കയും സംസ്കരിക്കപ്പെടുകയും ചെയ്യുന്നിടത്തു് ഞാനും മരിക്കയും സംസ്കരിക്കപ്പെടുകയും ചെയ്യും...മരണം മാത്രമേ നമ്മെ വേർപെടുത്തുകയുള്ളു." ഈ വിശ്വസ്തതയ്ക്കു പ്രതിഫലമായി മഹാനായ ഒരു ഭർത്താവിനെ അവൾക്കു ലഭിക്കയും അവരുടെ സന്താനപരമ്പരകളിൽനിന്നു് ദിവ്യരക്ഷകൻ ജനിക്കുന്നതിനുള്ള ഭാഗ്യം ലഭിക്കയും ചെയ്തു. റൂഥിനെപ്പോലെയുള്ള മനസ്ഥിതി ഒരു മരുമകൾക്കുണ്ടെങ്കിൽ തീർച്ചയായും കുടുംബത്തിൽ സൗഭാഗ്യം കളിയാടും. അമ്മായിയമ്മയോടുള്ള നിഷ്കപടസ്നേഹവും "നിന്റെ ജനങ്ങൾ എന്റെ ജനങ്ങളുമായിരിക്കും" എന്നുള്ള തരത്തിൽ കുടുംബാംഗങ്ങളുമായുള്ള സൗഹാർദ്ദതയും ലയിച്ചുചേരലും അവശ്യം കൂടിയേ കഴിയൂ.

മരുമകൾ അമ്മായിയമ്മയെ സ്വന്തം മാതാവിനെപ്പോലെ ആദരിച്ചു ബഹുമാനിക്കണം. "അമ്മേ" എന്നുതന്നെയാണല്ലോ മരുമകളും അമ്മായിയമ്മയെ വിളിക്കുന്നതു്. സ്നേഹമസൃണമായ ആ വിളി തികച്ചും അന്വർത്ഥവും ആത്മാർത്ഥവുമായാൽമതി. മാതാവു് എത്ര കോപിച്ചാലും, പ്രഹരിച്ചാൽത്തന്നെയും, അതു തന്റെ ഗുണത്തെമാത്രം മുൻനിറുത്തിയാണെന്നു കരുതി പുത്രി സ്വമാതാവിനെ ദ്വേഷിക്കുന്നില്ല; പ്രത്യുത, കൂടുതൽ സ്നേഹിക്കയാണു ചെയ്യുന്നതു്. ഇതുതന്നെ മരുമകളും അനുവർത്തിക്കണം. അമ്മായിയമ്മ, ഒരുപക്ഷേ അകാരണമായിത്തന്നെ, ശാസിക്കയോ ശിക്ഷിക്കയോ ചെയ്താലും അതെല്ലാം ക്ഷമയോടെ സഹിച്ചു് സ്വന്തം അമ്മയെപ്പോലെ അവരെ സ്നേഹിച്ചു ബഹുമാനിക്കണം. താനും ഭർത്താവും ഒരു ജഡമായതുകൊണ്ടു ഭർത്താവിന്റെ അമ്മ തന്റെയും അമ്മയാണെന്നുള്ള ന്യായവാദവും സ്മരിക്കുന്നതു് നന്നായിരിക്കും. വാർദ്ധക്യംനിമിത്തം ശരീരശക്തികൾ ക്ഷയിച്ചിരിക്കുന്ന അമ്മായിയമ്മയിൽ കോപം തുടങ്ങിയ ദുശ്ശീലങ്ങൾ ക്ഷന്തവ്യങ്ങളായി കരുതണം. ഈ വയസ്സുകാലത്തു് അവയൊന്നും പെട്ടെന്നു് ഉന്മൂലനംചെയ്തുകളയുവാനും സാദ്ധ്യമല്ല. തന്നിമിത്തം പ്രത്യേകം പരിഗണനകൾ നൽകിക്കൊണ്ടു എപ്പോഴും സമചിത്തതയോടെ സഹിക്കുവാൻ മരുമകൾ തയ്യാറായിരിക്കണം.

മരുമകൾ അമ്മായിയമ്മയ്ക്കു പരിപൂർണ്ണമായും കീഴ്‌വഴങ്ങണം. സ്ഥാനവും പഴക്കവും പരിചയസമ്പത്തും അപ്പുറത്തായതുകൊണ്ടു അതു വകവെച്ചുകൊടുക്കുകതന്നെ വേണം. തട്ടുത്തരമെന്നല്ല പ്രത്യുത്തരത്തിനുപോലും ഒരുങ്ങാതെ സകല ആജ്ഞകളേയും അനുവർത്തിക്കണം. ഗൃഹജോലികളെല്ലാം മററു കുടുംബാംഗങ്ങൾക്കായി നീക്കിവച്ചു്, ചില വാശികളും വ്യർത്ഥാഭിമാനങ്ങളും വെച്ചു പുലർത്തി, ഉടുത്തണിഞ്ഞു സുഖമായി വിശ്രമിക്കയോ കിടന്നുറങ്ങുകയോ ചെയ്യുന്ന മരുമകൾ വലിയ തെററാണു ചെയ്യുന്നതു്. "മടി കുടി കെടുത്തും" എന്നുള്ളതും അവൾ സ്മരിക്കട്ടെ. ഏഴെട്ടുക്ലാസ്സോ അല്ലെങ്കിൽ സ്കൂൾഫൈനലോ പാസ്സായിട്ടുണ്ടെങ്കിൽ മരുമകൾ എവിടെയാണു് നിൽക്കേണ്ടതെന്നറിയാതെ തുള്ളിച്ചാടിത്തുടങ്ങും. കോളെജിൽ കയറിയിറങ്ങിയവളാണെങ്കിൽ പറയാനുമില്ല. അമ്മായിയമ്മ പഠിപ്പില്ലാത്തവൾ, പരിഷ്കാരമില്ലാത്തവൾ, വൃദ്ധയായ ഒരു മൂശേട്ട എന്നെല്ലാം പുച്ഛരസത്തിൽ വിചാരിക്കാതിരിപ്പാൻ അവൾ ശ്രദ്ധിക്കണം. അതിനു് കുറച്ചു വിനയം കൂടിയേ കഴിയൂ. എത്ര പ്രായമായാലും എത്ര മക്കൾ ഉണ്ടായാലും ഈ അനുസരണത്തിൽ നെല്ലിടപോലും ഒഴിവുണ്ടാകരുതു്. ക്ഷമകൊണ്ടു അമ്മായിയമ്മയുടെ കോപം ശമിപ്പിച്ചു് പ്രീതി സമ്പാദിക്കയാണു് മരുമകൾക്കു് കരണീയമായിട്ടുള്ളതു്. വിഷമങ്ങൾ ഭർത്താവിനെ ധരിപ്പിച്ചു് അമ്മയേയും മകനേയും തമ്മിൽ ശണ്ഠകൂട്ടുന്നതിനും വെറുപ്പും വിദ്വേഷവും ജനിപ്പിക്കുന്നതിനും ഇടയാക്കരുതു്. ഭർത്താവിനെ ഇതിൽ കക്ഷിചേർക്കാതിരിക്കയാണു് ഉത്തമം. അതുപോലെതന്നെ, വിഷമങ്ങൾ അനുഭവപ്പെടുമ്പോൾ അവയെ സ്വന്തം മാതാപിതാക്കന്മാരോടും കുടുംബാംഗങ്ങളോടും അന്യരോടും പറയാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. ഭർത്തൃഗൃഹത്തിൽ ഉണ്ടാകുന്നവയെല്ലാം അവിടെത്തന്നെ തീർന്നു പോകട്ടെ. അല്ലെങ്കിൽ, കുടുംബങ്ങൾ തമ്മിൽ നീണ്ടുനിൽക്കുന്ന വഴക്കുകളും അമ്മായിയമ്മയിൽ കോപാഗ്നിയുടെ ആളിക്കത്തലും മാത്രമായിരിക്കും ഫലം. മരുമകൾ നിശ്ശബ്ദമായി സഹിക്കയും അതിലധികം പ്രാർത്ഥിക്കയും ചെയ്താൽ ശാന്തിയും സമാധാനവും കൈവരാതിരിക്കയില്ല.

ഒരിക്കൽ ഒരു അമ്മായിയമ്മ മരുമകളുടെ പ്രവൃത്തികളും അതുനിമിത്തം തനിക്കനുഭവിക്കേണ്ടിവരുന്ന സങ്കടങ്ങളും കുറെയെല്ലാം വിവരിച്ചുപറഞ്ഞു, ഒടുവിൽ പറയുകയാണു്: "കടശി എന്റെ കാര്യം ഞാൻതന്നെ നോക്കാമെന്നു കരുതി അഞ്ചാറു് അരിവയ്ക്കാനായി ഒരു കലത്തിൽ കുറെ വെള്ളം അടുപ്പത്തുവെച്ചു അരി ഇടേണ്ടസമയം വന്നപ്പോൾ ആ കുരുത്തംകെട്ടവൾ വന്നു കലം ചവുട്ടിമറിച്ചുകളഞ്ഞു." അനന്തരം കുറെ കരഞ്ഞശേഷം ആ വൃദ്ധ യാത്രപറഞ്ഞു് പിരിഞ്ഞുപോയി. അവർ പോയപ്പോൾ ഈ സംഭാഷണം ശ്രവിച്ചിരുന്ന മറെറാരു വൃദ്ധസ്ത്രീ പറയുന്നു: "അവർ ഈ പറഞ്ഞതെല്ലാം വാസ്തവമാണു്. കഞ്ഞിക്കലം ചവുട്ടിമറിച്ചുകളഞ്ഞതും ശരിയാണു്. പക്ഷേ ഇങ്ങനെയൊക്കെ സംഭവിക്കുന്നതു് കാരണം കൂടാതെയല്ല. ആ തള്ള അവരുടെ അമ്മായിയമ്മയോടും ഇങ്ങനെയൊക്കെ ചെയ്തിട്ടുണ്ടു്. ഒരിക്കൽ കഞ്ഞിക്കലവും ചവുട്ടിമറിച്ചുകളഞ്ഞിട്ടുണ്ടു്. അതെല്ലാം ഇപ്പോൾ മറിച്ചളക്കുകയാണു്." നിങ്ങൾ അളക്കുന്ന അളവാൽത്തന്നെ നിങ്ങൾക്കും അളക്കപ്പെടും എന്നു വേദോക്തിയുണ്ടല്ലോ. ഇന്നത്തെ യുവത്വം തുളുമ്പുന്ന മരുമകൾ ഒരുകാലത്തു് ജരാനരകൾ ബാധിച്ചു് നിരവധി ബലഹീനതകളും ശീലക്കേടുകളുമുള്ള ഒരമ്മായിയമ്മയായി മരുമകളുടെ കാരുണ്യത്തെ ആശ്രയിച്ചു് ജീവിക്കേണ്ടിവരുമെന്നു ഇടയ്ക്കിടെ ഓർക്കുന്നതും നന്നായിരിക്കും.

മരുമകൾ അഭിമുഖീകരിക്കേണ്ട മറെറാരു പ്രതിയോഗിയാണു് നാത്തൂൻ. ജന്മനാ ശത്രുതയുള്ളതുപോലെതോന്നും നാത്തൂന്മാർ തമ്മിൽ. മൂന്നു വർഗ്ഗങ്ങളായി തിരിക്കാം നാത്തൂന്മാരെ: ആജീവനാന്തം അവിവാഹിതരായി സ്വന്തം വീട്ടിൽ കഴിഞ്ഞുകൂടുന്നവർ, ഭർത്താവു മരിച്ചശേഷം സ്വന്തം വീട്ടിൽ സ്ഥിരതാമസമാക്കിയവർ, ഇടയ്ക്കിടെ വന്നും പോയുംകൊണ്ടിരിക്കുന്ന വിവാഹിതരായവർ. എവിടെനിന്നോ കുഞ്ഞാങ്ങള കെട്ടിക്കൊണ്ടുവന്ന ഒരു പെണ്ണു് അയാളുടെ സ്നേഹവും വാത്സല്യവും പൂർണ്ണമായി സമ്പാദിക്കുന്നതു് സഹോദരിക്കു സഹിച്ചുകൂടാ. "ഇപ്പോഴല്ലേ ഈ പെണ്ണുണ്ടായുള്ളു" എന്നു് മുഖം കറുപ്പിച്ചുകൊണ്ടുള്ള ഒരു കൊള്ളിവാക്കും. തങ്ങൾക്കു വീട്ടിലുള്ള സ്ഥാനവും അവകാശങ്ങളും ഇത്രമാത്രമേയുള്ളു എന്നു മനസ്സിലാക്കി പ്രവർത്തിക്കയും കുഞ്ഞാങ്ങളയുടെ ഭാര്യ അന്യയല്ലെന്നുള്ള പരമാർത്ഥം ഗ്രഹിച്ചു് അവൾക്കു വീട്ടിൽ ഉണ്ടാകേണ്ട സ്ഥാനവും അവകാശങ്ങളും സ്നേഹപൂർവ്വം വകവെച്ചുകൊടുക്കുകയും ചെയ്യാൻ നാത്തൂൻ തയ്യാറായിരിക്കണം. ഇപ്രകാരംതന്നെ മരുമകളും നാത്തൂന്മാരുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കുന്നതിനോടൊപ്പം കൂടുതൽ ക്ഷമയും സഹനവും പ്രദർശിപ്പിക്കുവാൻ ശ്രമിക്കണം. "അമ്മായിയമ്മ—മരുമകൾ—നാത്തൂൻ" എന്ന ത്രികോണവലയത്തിനുള്ളിൽനിന്നുകൊണ്ടു് ആരോടും പിണങ്ങാതെയും എല്ലാവരോടും ഇണങ്ങിയും കഴിഞ്ഞുകൂടുവാൻ ഭർത്താവു് വളരെ വിഷമിക്കും. പ്രത്യേകം ആരുടേയും കക്ഷിപിടിക്കാതെയും എന്നാൽ അവരവരുടെ അധികാരാവകാശസീമകളിൽ പടലപിണക്കം വരാതെയും അയാൾ പ്രത്യേകം ശ്രദ്ധിക്കണമെന്നു ചുരുക്കിപ്പറയാനേ നിവൃത്തിയുള്ളു.

(ജെ. ചെമ്മണൂർ)


## കാർമ്മൽ അപ്പസ്തോലിക്ക് സ്കൂൾ, എറണാകുളം

കർമ്മലീത്താ ഒന്നാംസഭയിൽ ചേർന്നു് പ്രാർത്ഥനാപരവും ത്യാഗസംപൂർണ്ണവുമായ ഒരാന്തരീകജീവിതം നയിച്ചുകൊണ്ടു് കേരളത്തിനകത്തും പുറത്തും മതസേവനങ്ങൾ ചെയ്യുന്നതിനാഗ്രഹിക്കുന്ന യുവാക്കന്മാർ സ്കൂൾഫൈനൽ പരീക്ഷ കഴിഞ്ഞാലുടനെ—മേയ് മാസം 15-ാം തീയതിക്കുമുമ്പായി—താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

എന്നു് ഫാദർ പ്രൊവിൻഷ്യൽ

Rev. Fr. Director, "Carmel Apostolic School"
St. Teresa's Monastery, Banerji Road, Ernakulam.



Thanksgiving



For Financial Favours Received.

Thomas J. Maliakal,
Kuzhupilly


എളങ്കുളം പള്ളിയിൽ

## വി. ഫിലോമിനായുടെ തിരുനാൾ

അത്ഭുതപ്രവർത്തകയായ വി. ഫിലോമിനായുടെ തിരുനാൾ എളങ്കുളം പള്ളിയിൽ 1950 മാർച്ച് 8-ാംനു- ബുധനാഴ്ച ആരംഭിച്ചു് 12-ാംനു- ഞായറാഴ്ച അവസാനിക്കുന്നതാണു്. 11-ാംനു- ശനിയാഴ്ച കാലത്തു് പ. കർബാനായുടെ പ്രദക്ഷിണം ഉണ്ടായിരിക്കും. എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയായിരിക്കും തദവസരത്തിൽ ദിവ്യകാരുണ്യാശീർവ്വാദം നല്കുന്നതു്.

എന്നു വികാരി
പോട്ടയിൽ ഐസക് കത്തനാർ
പ്രസിദേന്തി
മി. കെ. എ. ചാക്കൊ
കിഴക്കേകാട്ടുപറമ്പിൽ


ഫാത്തിമാമാതാവിന്റെ സഹായത്താൽ എന്റെ കാര്യം സാധിച്ചതിനു കൃതജ്ഞത.

C. O. P.
ഇരിഞ്ഞാലക്കുട



Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

## സെൻറ് മേരീസ് ബോർഡിങ്ങ്

### ആലുവാ

സെൻറ് മേരീസ് ഹൈസ്കൂളിനോടനുബന്ധിച്ച് നടത്തിയിരുന്ന ബോർഡിങ്ങ് അടുത്ത സ്കൂൾ വർഷത്തോടുകൂടി വീണ്ടും ആരംഭിക്കുന്നതാണ്. ചേരാൻ ഉദ്ദേശിക്കുന്നവർ താഴെ നിർദ്ദേശിക്കുന്ന വിവരങ്ങൾ സഹിതം ഏപ്രിൽ മാസാവസാനത്തോടുകൂടിയെങ്കിലും അപേക്ഷിക്കേണ്ടതാണ്,

1) സ്വദേശം 2) പഠിച്ചിരുന്ന സ്കൂൾ 3) ചേരാൻ ഉദ്ദേശിക്കുന്ന ക്ലാസ്. 4) ഹെഡ്മാസ്റ്ററുടെ കോൺഡക്റ്റ് സർട്ടിഫിക്കേററ്.

എന്ന്

7—3—1950 മാനേജർ


## പ്രാദേശികവാർത്തകൾ

കരുവന്നൂർ സെൻറ് ആൻറണീസ് റീഡിംഗ്റൂമിൻെറ വാർഷികസമ്മേളനം റവ. ഫാ. അബ്രാഹം വടാശേരി എം. എസ്സി.യുടെ അദ്ധ്യക്ഷതയിൽ ഫെബ്രുവരി 26-ാംനു- നടന്നിരിക്കുന്നു.

—തൃശ്ശൂർ രൂപതയിലെ വിൻസെൻറ് ഡി പോൾ കോൺഫറൻസുകളുടെ ഒരു പ്രാദേശികകൗൺസിൽ ഫെബ്രുവരി 26-ാംനു- തൃശ്ശൂർമെത്രാൻ മൊററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് തിരുമേനിയുടെ അദ്ധ്യക്ഷതയിൽക്കൂടി. 38 കോൺഫറൻസുകളിൽനിന്നും പ്രതിനിധികൾ സന്നിഹിതരായിരുന്നു. കൗൺസിൽ സിക്രട്ടറി ശ്രീ ടി. ഒ. മാത്യു എം. എ. കോൺഫറൻസുകളുടെ സംയുക്തറിപ്പോർട്ടു വായിച്ചു ഉദ്ദേശം 30000 ക. കഴിഞ്ഞവർഷത്തിൽ വിവിധകോൺഫറൻസുകൾ സാധുജനസംരക്ഷണത്തിനായി വ്യയംചെയ്തിട്ടുണ്ടെന്നു റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു. റിപ്പോർട്ടുവായനയ്ക്കുശേഷം കൗൺസിൽ സ്ഥിരാദ്ധ്യക്ഷൻ ശ്രീ ജെ. ചാക്കോ ചിറമേൽ പുതുതായിച്ചേർന്ന അംഗങ്ങളെ ഒരു ചെറുപ്രസംഗത്തോടുകൂടി സ്വാഗതം ചെയ്തു. ഇന്നു് മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിററ്യൂട്ട് പ്രഫസർ ശ്രീ കെ. സി. ചാക്കോ എം. ഇ. ഒരു പ്രസംഗം ചെയ്തു. ഉപസംഹാരപ്രസംഗത്തിൽ അദ്ധ്യക്ഷൻതിരുമേനി സാധുസംരക്ഷണപരിപാടികളെപ്പററി പ്രായോഗികമായ പല നിർദ്ദേശങ്ങളും നല്കി.

—വിജയപുരം രൂപതയിൽപ്പെട്ട ഹാത്തിമാഗിരി കപ്പേളയുടെ ഉൽഘാടനവും പ്രതിഷ്ഠാപനവും ഫെബ്രുവരി 19-ാംനു- നടത്തിയിരിക്കുന്നു. വികാരി റവ. ഫാ. അത്രുജ പ്രതിമ ആശീർവ്വദിക്കുകയും റവ. ഫാ. പുളിക്കൽ, റവ. ഫാ. തോമസ് ഇഞ്ചെയ്ക്കലോടി എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—കുഞ്ഞിത്തൈ കത്തോലിക്കാതൊഴിലാളി സംഘത്തിൻെറ പ്രഥമവാർഷികം ഫെബ്രുവരി 26-ാംനു- റവ. ഫാ. വിൻസെൻറ് പിടിഞ്ഞാറെ, അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. മെ. ജോർജ്ജ് വള്ളോമ്പ വിദ്വാൻ, കെ. വി. ജോസഫ് എന്നിവർ പ്രസംഗിച്ചു.

—ചെത്തിപ്പൊക്കാട്ടു പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻെറയും ഫാത്തിമാമാതാവായനശാലയുടേയും പ്രഥമവാർഷികം റവ. ഫാ. ഡമാസസ് ടി. ഒ. സി. ഡി. യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ഫാ തോമസ് വെള്ളത്തേടത്തു് ഒരു പ്രസംഗം ചെയ്തു.

—വായ പൂതു് പഴയ പള്ളിക്കും ചെറുപുഷ്പകപ്പേളയ്ക്കും മദ്ധ്യേയുള്ള പൊതുനിരത്തിൽ നവീനമായി സ്ഥാപിച്ചിരിക്കുന്ന 14 സ്ലേഷനുകളിൽക്കൂടി, ഈ തപസ്സുകാലത്തിലെ എല്ലാ ഞായറാഴ്ചകളിലും, ദുഃഖവെള്ളിയാഴ്ചയും, വൈകിട്ടു് 5 മണിക്കു് ആഘോഷപൂർവ്വവും ഭക്തിജനകവുമായ സ്ലീവാപാതയും, യഥാക്രമം റവ. ഫാദേഴ്സ് മാത്യു കണിപ്പള്ളി, തോമസ്സ് ഇഞ്ചെയ്ക്കലോടി, ജോസഫ് പാറാമ്പി, ജേക്കബ്ബ് വലിയപറമ്പിൽ, സിറിയക്ക്, കുന്നങ്കരിക്കളം, ജി. സി. ടെയ്ലർ, മോൺസിഞ്ഞോർ തോമസ്സ് വടക്കേൽ എന്നിവരുടെ പ്രസംഗങ്ങളും നടക്കുന്നതാണ്.

—ഒല്ലൂർ പള്ളിയിലെ നാല്പതു മണിയാരാധന മാർച്ച് 1, 2 എന്നീ തീയതികളിൽ നടത്തപ്പെട്ടു. ജൂബിലിവർഷം പ്രമാണിച്ചു് 1-ാംനു- രാത്രിയും ആരാധനയുണ്ടായിരുന്നു. അവസാനച്ചടങ്ങുകളിൽ തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ടു സംബന്ധിക്കുകയും ദിവ്യകാരുണ്യാശീർവ്വാദം നല്കുകയും ചെയ്തു. റവ. ഫാ. ആൻറണി മാളിയേക്കൽ ബി. എ. എൽ. പി എച്ച്. ആണു് ആരാധനപ്രസംഗം നടത്തിയതു്.

—എറണാകുളം ബോയ്സ്ലം ലോവർ സെക്കൻററി സ്കൂൾ വാർഷികം മാർച്ച് 7-ാംനു- ശ്രീ കെ. സി. പൈലി എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ശ്രീ കെ. രാമൻ ബി. എസ്സ് സി. പ്രസംഗിച്ചു. "കള്ളും വടവും", "ക്രൂവൽനിയമം", "ഇരട്ട മരണം" എന്നീ പ്രഹസനങ്ങൾ അഭിനയിക്കപ്പെട്ടു.

—പണ്ഡിററ് സി. വി. ജോസഫ് (സിററി ഹിന്ദി പ്രചാരക്, ബ്രോഡ് വേ, എറണാകുളം) അവർകളുടെ നേതൃത്വത്തിൽ 1950 ആഗസ്റ്റിലെ എല്ലാ ഹിന്ദി പരീക്ഷകൾക്കുമുള്ള ക്ലാസ്സുകൾ മാർച്ച് 10-ാംനു- മുതൽ ആരംഭിക്കുന്നതാണെന്നറിയുന്നു.

—നരിവേലി സൺഡേസ്കൂൾ വാർഷികവും സിസ്റ്റർ അൽഫോൻസാസ് വായനശാലയുടെ ഉൽഘാടനവും സംബന്ധിച്ചു് ഫെബ്രുവരി 26-ാംനു- കൂടിയ യോഗത്തിൽ റവ. ഫാ. റെയിമനാൾഡ് സി. ഡി., എം. എ. ആദ്ധ്യക്ഷം വഹിക്കുകയും റവ. ഫാ. ജോസഫ് വലിയവീട്ടിൽ, മി വി. ടി. ചാക്കോ ബി. എ. എൽ. ടി. റവ. ഫാ. ജേക്കബ്ബ് മുണ്ടേവാലേൽ എന്നിവർ ഓരോ പ്രസംഗം ചെയ്യുകയും ചെയ്തു.

### ചരമം

ചിലവു് ഇടവക വാരിക്കാട്ടു് തൊമ്മൻ അന്ന ഫെബ്രുവരി 15-ാംനു- നിര്യാതയായിരിക്കുന്നു. ശവസംസ്കാരം പരേതയുടെ ഭർതൃസഹോദരൻ വാരിക്കാട്ടു ബ. യാക്കോബച്ചൻെറ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

—വടയാർ പള്ളി ഇടവക ശ്രീ അങ്ങാടിയിൽ മാത്തൻ അവർകൾ ഫെബ്രുവരി 26-ാംനു- നിര്യാതനായിരിക്കുന്നു. R. I. P.

## നാല്പതുമണിയാരാധന

കഴിക്കാട്ടുശേരി തിരുക്കുടുംബമഠം കപ്പേളയിൽ മാർച്ച് 13, 14, 15 എന്നീ തീയതികളിൽ നാല്പതുമണിയാരാധന നടത്തുന്നതാണെന്നറിയുന്നു.

## തി-കൊ-വാർത്തകൾ

തിരു-കൊച്ചി സംസ്ഥാനവിദ്യാഭ്യാസവകുപ്പു പുനഃസംഘടിപ്പിക്കുന്നതിലേക്കു ഡയറക്ടരുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തുവച്ചു് കൂടിയ യോഗത്തിൽ തിരുവിതാംകൂറിലെ 37-ം കൊച്ചിയിലെ 11-ം ഉൾപ്പെടെ 48 ഇൻസ്പെക്ടർമാർ സംബന്ധിച്ചിരുന്നു. പ്രസ്തുതയോഗത്തിലെ മുഖ്യമായ തീരുമാനങ്ങൾ താഴെ ചേർക്കുന്നു: 1 സംയോജിതസംസ്ഥാനത്തെ റവന്യൂഡിസ്ട്രിക്ടുകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസഡിവിഷനുകളായി വിഭജിക്കണം. 2 ഒരു ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ആഫീസറുടെ കീഴിൽ കുറഞ്ഞതു നൂറു ഹൈസ്കൂൾ ഉണ്ടായിരിക്കണം. 3 ഓരോ ഡിസ്ട്രിക്ടിലും ഒരു ഡിസ്ട്രിക്ട് ആഫീസറും അദ്ദേഹത്തെ സഹായിക്കാൻ ഒരു കോ-ഡിസ്ട്രിക്ട് ആഫീസറും നിയമിതരാകണം ഇവരിൽ ഓരോരുത്തർ മുഖ്യമായി ആഫീസ്ജോലിയും ഒരാൾ സ്കൂൾ ഇൻസ്പെക്ഷൻ ജോലിയും മാറി മാറി നിർവ്വഹിക്കണം. ഇരുവരും മികവാറും ഒരേറാങ്കിലുള്ളവരായിരിക്കണം. 4 ഇപ്പോഴത്തെപ്പോലെ ഇൻസ്പെക്ട്രസ് പ്രത്യേകമായി ഉണ്ടായിരിക്കണമെന്നില്ല. 5 ഓരോ വിദ്യാഭ്യാസഡിസ്ട്രിക്ടിലും നല്പതോളം പ്രൈമറി ആൻഡ് മിഡിൽസ്കൂൾ ഇൻസ്പെക്ടറന്മാർ ഉണ്ടായിരിക്കണം, റിട്രെഞ്ച്മെൻറുവ്യവസ്ഥയനുസരിച്ചു ഇവരുടെ സംഖ്യ വ്യത്യസ്തപ്പെട്ടതാവുന്നതാണെന്നറിയുന്നു. പ്രൈമറി ആൻഡ് മിഡിൽസ്കൂൾ ഇൻസ്പെക്ടറന്മാർക്കു് അവരവർക്കു പരിശോധനാധികാരമുള്ള സ്കൂളുകളിലെ അദ്ധ്യാപകരെ പരസ്പരം സ്ഥലംമാററുന്നതിനും വേണ്ടിവന്നാൽ അവരുടെമേൽ ശിക്ഷണനടപടി എടുക്കുന്നതിനു ഗവണ്മെൻറിലേക്കു ശുപാർശചെയ്യുന്നതിനും അധികാരമുണ്ടായിരിക്കണം. 6 അദ്ധ്യയനസമയം 10 മണിമുതൽ 4 മണിവരെ ആയിരിക്കുന്നതിനും അഞ്ചാംക്ലാസ്സിനു മേലിൽ 5 ദിവസംമാത്രവും ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകൾക്കു ഒരാഴ്ചയിൽ മൂന്നുദിവസം മുഴുവനും പകുതിദിവസം പഠനം ഉണ്ടായിരിക്കണം. 7 പ്രൈമറി സ്കൂളിൽ മാതൃഭാഷമാത്രം പഠിപ്പിച്ചാൽ മതിയാകും. പ്രൈമറിക്ലാസ്സുകളിലും മിഡിൽസ്കൂൾ ക്ലാസ്സുകളിലും ക്രാഫ്ററുകളും ഹൈസ്കൂൾക്ലാസ്സുകളിൽ ഷോർട്ട് ഹാൻഡ് ബുക്കുകീപ്പിംഗ് മുതലായ സാങ്കേതികവിഷയങ്ങളും പരിശീലിപ്പിക്കണം. 8 പ്രൈമറിക്ലാസ്സുകൾമുതൽ ഹൈസ്കൂൾക്ലാസ്സുകൾവരെ സ്കൗട്ടും റെഡ്-ക്രോസ്സ്-ഫെഡ്പരിശീലനവും അന്യൂനമായി നൽകേണ്ടതാണ്. ഈ നിർദ്ദേശങ്ങൾ ഗവണ്മെൻറിൻെറ അംഗീകാരത്തിനു സമർപ്പിക്കുന്നതാണ്.

—തിരുവിതാംകൂർ കൊച്ചി യൂണിയൻ സർവ്വീസ് ഒഴിച്ചു് മദ്രാസ്സ്റ്റേറ്റു പോസ്റ്റൽ സർവ്വീസുകളും അടുത്ത ഏപ്രിൽ 1-ാംനു- മുതൽ പോസ്റ്റ് ആൻറ് ടെലഗ്രാഫ് ഡിപ്പാർട്ടുമെൻറു് ഏറെറടുത്തു നടത്തുന്നതാണ്. തിരുവിതാംകൂർ കൊച്ചി യൂണിയൻ ഇവിടത്തെ അഞ്ചൽ സർവ്വീസ് ഇൻഡ്യാഗവണ്മെൻറിൻെറ ഏജൻറ് എന്ന നിലയിൽ തുടർന്നു നടത്തുന്നതായിരിക്കും. ഏപ്രിൽ 1-ാംനു- ക്കുശേഷം അഞ്ചൽ സ്റ്റാമ്പുകൾ യൂണിയനിൽത്തന്നെ എഴുത്തുകളോ മറോ അയക്കുന്നതിനു് ഉപയോഗിക്കാവുന്നതാണ്.

—പീരുമേട്ടുതാലൂക്കിൽ കുത്തകപ്പാട്ടം വ്യവസ്ഥയനുസരിച്ചു കൃഷിക്കായി ഭൂമി പതിച്ചുകൊടുക്കുവാൻ ദേവികുളം കമ്മീഷണർ ചെയർമാനായി ഒരു കമ്മിററി നിയമിതമായിരിക്കുന്നു. 20 കൊല്ലത്തേക്കായിരിക്കും ഭൂമി പതിച്ചുകൊടുക്കുന്നതു്. അപേക്ഷകർക്കു് 5 മുതൽ 10 വരെ ഏക്കറുകൾ നൽകുന്നതാണ്. കുടുംബസമേതം അവിടെ താമസമുറപ്പിക്കുന്നവർക്കു് മുൻഗണന നല്കുന്നതായിരിക്കും.

—പബ്ലിക്ക്സർവ്വീസ് കമ്മീഷൻ ചെയർമനായിരുന്ന ശ്രീ സി. കുഞ്ഞുരാമൻ ചീഫ് ജസ്റ്റീസായി നിയമിക്കപ്പെട്ടതിനെത്തുടർന്നു് പബ്ലിക്ക് സർവ്വീസ് കമ്മീഷനിലെ മെമ്പറായ ശ്രീ രാമവർമ്മത്തമ്പുരാനെ തൽസ്ഥാനത്തു നിയമിച്ചിരിക്കുന്നു. രാമവർമ്മത്തമ്പുരാനു പകരം പബ്ലിക്ക് സർവ്വീസ് കമ്മീഷനംഗമായി ഗവണ്മെൻറ് സിക്രട്ടറി ശ്രീ വി. കുഞ്ഞുകൃഷ്ണനെയും ഗവണ്മെൻറു സിക്രട്ടറിയായി ലേബർ കമ്മീഷണർ ശ്രീ പി. കെ. വേലായുധനെയും നിയമിച്ചിട്ടുണ്ടു്.

—ഹൈക്കോടതി ജഡ്ജിപദത്തിൽനിന്നും ഒഴിവാക്കപ്പെട്ട ശ്രീ മാത്യു മുരിക്കൻ അവർകളെ ആദായനികുതി അപ്പീലേററ് ട്രൈബ്യൂണലിൻെറ ചെയർമനായി നിയമിക്കുവാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ മി. മുരിക്കൻ തൽസ്ഥാനം സ്വീകരിക്കുന്നില്ലെന്നു ഗവണ്മെൻറിനെ അറിയിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ കാലാവധി തീരുന്നതിനുമുമ്പു് ജഡ്ജി ഉദ്യോഗത്തിൽനിന്നു വിരമിക്കാൻ നിർബന്ധിതനായതിനാൽ നഷ്ടപരിഹാരാർത്ഥം 13000 ക. ഗവണ്മെൻറിൽനിന്നു അദ്ദേഹത്തിനു നല്കാൻ ഉദ്ദേശിച്ചിരിക്കുന്നതായറിയുന്നു.

—ഇൻഡ്യൻ ഭരണഘടനയനുസരിച്ചു സമ്മേളിക്കുന്ന തിരു-കൊച്ചി നിയമസഭയുടെ പ്രഥമയോഗം മാർച്ച് 6-ാം തീയതി ആരംഭിച്ചിരിക്കുന്നു.

## ഇൻഡ്യാവാർത്തകൾ

ഇൻഡ്യാഗവണ്മെൻറിൻെറ 1950-51 ലെ ബഡ്ജററിൽ 347.5 കോടി ക. വരവും 337.88 കോടി ക. ചെലവും അങ്ങനെ 9.62 കോടി ക. മിച്ചവും ഉണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഇൻഡ്യയിൽ ഉപയോഗിക്കുന്ന പോസ്റ്റൽ കവറുകളുടെ വില രണ്ടണയിൽനിന്നു ഒരണയായും കാർഡുകളുടെ വില 9 പൈയിൽ നിന്നും 6 പൈ ആയും, സാധാരണ ടെലഗ്രാമുകൾ അയക്കുന്നതിനുള്ള ഏററവും ചുരുങ്ങിയ ചാർജ്ജു 9 ണയിൽനിന്നു 8 ണ. യായും എക്സ്പ്രസ് ടെലഗ്രാമുകൾക്കു് 1 ക. 2 ണ. യെന്നതു 1 ക. യായും കുറയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ആദായനികുതിയുടെ പരമാവധി നിരക്കു് 1 ക. 5 ണ. യെന്നതു 4 ണ. യായി കുറയ്ക്കുന്നതും ബിസിനസ് ലാഭനികുതി റദ്ദുചെയ്യുന്നതുമാണ്.

## ദിവാൻ ബാനർജി

### കത്തോലിക്കനായി മരിച്ചു

കൊച്ചി ദിവാനായിരുന്ന സർ ആൽബിയൻ ബാനർജി എം. എ., ഐ. സി. എസ്., സി. ഐ. ഇ., സി. എസ്. ഐ. അവർകൾ ഈയിടെ ബംഗളൂരിൽവച്ചു് നിര്യാതനായിരിക്കുന്നു. മരിക്കുമ്പോൾ അദ്ദേഹത്തിനു് 80 വയസ്സു പ്രായമുണ്ടായിരുന്നു. മരിക്കുന്നതിനു് ഏതാനും ദിവസങ്ങൾക്കു മുമ്പു് അദ്ദേഹം ജ്ഞാനസ്നാനം സ്വീകരിച്ചു് കത്തോലിക്കാസഭയിൽ പ്രവേശിക്കുകയുണ്ടായി. ബംഗളൂർവച്ചു കൂടിയ സുനഹദോസിൻെറ അവസരത്തിൽ പേപ്പൽ പ്രതിനിധി കർദ്ദിനാൾ ഗിൽറോയി തിരുമനസ്സുകൊണ്ടും തൃശ്ശൂർ മെത്രാൻ മൊററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമനസ്സുകൊണ്ടും സർ ബാനർജിയെ സന്ദർശിച്ചു് ആശീർവ്വദിച്ചകാര്യം പ്രത്യേകംപ്രസ്താവ്യമാണ്.

## ജാപ് ചീഫ്ജസ്റ്റിസ്

ജപ്പാനിലെ സുപ്രീംകോടതി ചീഫ് ജസ്റ്റിസായി ഡോക്ടർ കോട്ടറോവിനെ നിയമിച്ചിരിക്കുന്നു. 59 വയസ്സു പ്രായമുള്ള ഇദ്ദേഹം ഒരു കത്തോലിക്കനാണ്.

## ഇംഗ്ലീഷിൽ ആഴ്ചപ്പതിപ്പ്

ഒസ്സെർവത്തോരെറൊമാനൊ എന്ന വത്തിക്കാൻ പത്രത്തിൻെറ ഒരാഴ്ചപ്പതിപ്പു് ഇംഗ്ലീഷിൽ പ്രസിദ്ധം ചെയ്യുന്നതിനു തീരുമാനിച്ചിരിക്കുന്നതായറിയുന്നു. മൂന്നു മാസത്തിനകം പ്രഥമലക്കം പുറത്തുവരുന്നതാണ്.

---

സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ എൻെറ കുട്ടിയുടെ കാര്യം സാധിച്ചതിനു കൃതജ്ഞത.

C. O. P.
ഇരിങ്ങാലക്കുട

---

## പുതിയ ബ്രിട്ടീഷ് മന്ത്രിസഭ

മേജർ ക്ലെമൻറ് ആററ്ലി സംഘടിപ്പിച്ച പുതിയ തൊഴിലാളി ഗവണ്മെൻറിൽ സർസ്റ്റാഫോർഡ ക്രിപ്സും ഏണസ്റ്റ് ബെവിനും ഹെർബർട്ട മോറിസണും തങ്ങളുടെ പഴയസ്ഥാനങ്ങൾ തന്നെ തുടർന്നു വഹിക്കുന്നതാണ്. മന്ത്രിസഭാംഗങ്ങളുടെ പേരുവിവരം താഴെ ചേർക്കുന്നു:—

ബെവിൻ—വിദേശകാര്യമന്ത്രി; ക്രിപ്സ്—ധനകാര്യമന്ത്രി; മോറിസൺ—ഡെപ്യൂട്ടി പ്രധാനമന്ത്രി; ഇമ്മാനുവൽ ഷിൻവെൽ—രാജ്യരക്ഷാമന്ത്രി; ബെവാൻ—ആരോഗ്യമന്ത്രി; ജെയിംസ് ഗ്രിഫിത്സ്—കൊളോണിയൽ വകുപ്പുമന്ത്രി; പാട്രിക്ക് ഗോർഡൻ വാക്കർ — കോമൺവെൽത്തുബന്ധകാര്യമന്ത്രി; നോയൽ ബേക്കർ—ഇലക്ട്രിക്കൽവകുപ്പുമന്ത്രി; ജോൺസ്ട്രാച്ചേ—യുദ്ധകാര്യമന്ത്രി; സമ്മർസ്കിൽ—ദേശീയ ഇൻഷുറൻസ് വകുപ്പുമന്ത്രി; ഹെക്ടർമാക്നീൽ—സ്കോട്ട്ലൻഡ് കാര്യമന്ത്രി; സർ ഹാർട്ട്ലി ഷോക്രോസ്—അഡ്വക്കേററ് ജനറൽ; മോറിസ് വെബ്ബ—ഭക്ഷ്യകാര്യമന്ത്രി; സ്ട്രാഡ്ഫോർഡ് സ്റ്റെൽ—സമ്പത്തികകാര്യ സ്റ്റേററ് മിനിസ്റ്റർ.